SINCE 1989

KNANAYADEEPAM

# ക്നാനായ ദീപം

Vol: 31 / Issue: 7 July 2020 ₹ :15/-



# 40 –ാം ചരമദിനം

27–06–2020



# വി.സി. ചാക്കോ (കുഞ്ഞൂഞ്ഞ് 86)

***(Rtd. PWD Work Superintendent)***

**വാഴുവേലിൽ, ഇരവിപേരൂർ**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

Sorrowing Family

Advt -

# ക്നാനായ ദീപം

SINCE 1989

2020 ജൂലൈ    പുസ്തകം 31    ലക്കം 7

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം


## ഉള്ളടക്കം


എഡിറ്റോറിയൽ 04

സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം 05

സമുദായ വാർത്തകൾ 06
റ്റി. ഒ. എബ്രഹാം തോട്ടത്തിൽ

രാജ്യനിർമ്മാണം യുവതയിലൂടെ 08
ഡോ. സുനിൽ ഡി. കുരുവിള

നക്ഷത്ര മുടി ചൂടും അംബികേ 09
ഏലിക്കുട്ടി തോമസ്

മാതൃകാ കുടുംബജീവിതം 15
ഫാ. ഡോ. ജെയിംസ് തോടത്തിൽ

ക്നാനായത്തം- ഒരു ഉത്തരവാദിത്തം 17
ഫാ. ബിബിൻ ബേബി, തിരുനിലം

നിത്യഭവനം ഒരു യാഥാർത്ഥ്യം 20
ഫാ. സിജിൽ ജോസ് വിലങ്ങൻപാറ

ജന്മദിനം 22
എബ്രഹാം കല്ലിശ്ശേരി

ഇങ്ങനെയും ജീവിതം 25
ഫാ. ആൻഡ്രൂസ് കടപ്പനങ്ങാട്ട്

26 ദൈവ സ്നേഹം
ഡോ. ഐബി ജോസ്, കിഴക്കേടത്ത്, റാന്നി

28 മലർവാടിക്കൂട്ടം

28 ബാലദീപം ക്വിസ്

29 യഥാർത്ഥത്തിൽ ദൈവമുണ്ടോ? ആത്മാവുണ്ടോ?
റിയു റോയി മുളമൂട്ടിൽ

31 വിശ്വാസ ജീവിതത്തിന് മാർഗ്ഗദർശിയായ വി. തോമാശ്ലീഹാ
ഫാ. മോനായി കെ. ഫിലിപ്പ്, കർക്കടകംപള്ളിൽ

32 ലഹരിക്കെണിയിൽ കുരുങ്ങുന്ന കൗമാരം
അനിൽബോസ്

34 കാൽപ്പാടുകൾ
എബി

35 വായനയുടെ രസം
റ്റി. സി. തോമസ് തോപ്പിൽ

36 മാട്രിമോണിയൽ


**ക്നാനായദീപം വരിസംഖ്യ കുടിശ്ശിഖയുള്ളവർ ക്നാനായ ദീപം ഓഫീസിൽ എത്തിക്കണം**

**മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ളവ തലേമാസം 25 ന് മുമ്പായി ക്നാനായദീപം ഓഫീസിൽ എത്തിക്കണം.**


**Chief Patron**
**H.E. Mor Severios Kuriakose**
Samudaya Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**

**Chief Editor**
**V. Rev. Roy Mathew Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
T. S. Mathukutty Thekkeparambil
E. P. Kuriakose, Edavazhikkal
K. A. Thomas Komarathumparambil
Sibi Mathew Thondukuzhiyil
Anu Kurian Padakasseril

**Press Manager**
**Fr. Sherin C. Kollamparambil**

**Press Managing Committee**
Abraham Kurian Kaipuzha
Benny Mathew Kariyil
P. A. Joseph Puthenpurackal
A. U. Kuriakose Ayikkara
Shino Joseph Kalloorthundiyil
Sibi Baby Thoppil

**Ex-officio Members**
Scaria Thomas (Ex. M.P.)
(Lay Trustee)
T. O. Abraham Thottathil
(Samudaya Secretary)


**Visit www. knanayadeepam.com**


**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com

**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
Phone: 0481-2430176
Mob. 8547584440
E-mail:
**kna.deepam@gmail.com**



**ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക**

# editorial



## എഡിറ്റോറിയൽ

കർത്താവിൽ പ്രിയരെ,

നിങ്ങളുടെ കാലത്തോ നിങ്ങളുടെ പിതാക്കന്മാരുടെ കാലത്തോ ഇങ്ങനെ സംഭവിച്ചിട്ടുണ്ടോ. ഇത് നിങ്ങൾ നിങ്ങളുടെ മക്കളോടും നിങ്ങളുടെ മക്കൾ തങ്ങളുടെ മക്കളോടും അവരുടെ മക്കൾ വരുവാനുള്ള തലമുറയോടും വിവരിച്ചു പറയണം. (യോവേൽ 1:2-3).

ലോകം ഒരു അസാധാരണമായ ദശാസന്ധിയിൽ പെട്ടിരിക്കുകയാണ്. ഇന്നത്തെ ഭരണകൂടങ്ങൾക്കും സാമ്പത്തിക ക്രമങ്ങൾക്കും പരിഹാരം കാണാൻ കഴിയാത്ത വിധത്തിലുള്ള പ്രശ്നങ്ങളുടെ നീരാളിപ്പിടുത്തത്തിൽപ്പെട്ട് മനുഷ്യ സമൂഹം വീർപ്പു മുട്ടുകയാണ്. ലോകത്തിൽ എന്തുതന്നെ സംഭവിച്ചാലും അതൊന്നും എന്നെ ബാധിക്കില്ല എന്ന ചിന്തയിൽ ആയിരിക്കാം പലരും അറിഞ്ഞോ അറിയാതെയോ ഇന്നലെവരെ ജീവിച്ചത്. എന്നാൽ എല്ലാ മനുഷ്യരേയും തെറ്റെന്ന് ഓർമ്മപ്പെടുത്തുവാൻ 'കോവിഡ്' 19 എന്ന മഹാമാരി നമ്മുടെ മദ്ധ്യത്തിലേക്ക് ആഞ്ഞടിച്ചു. ചെറിയവനെന്നോ വലിയവനെന്നോ വ്യത്യാസമില്ലാതെ ഈ ഏറ്റവും ചെറിയ വൈറസ് തന്റെ താണ്ഡവനൃത്തം ആടിക്കൊണ്ടിരിക്കുന്നു. ഏകദേശം 10 കോടിയിൽ അധികം ജനങ്ങൾ ഇതിന്റെ കെടുതികൾ നിമിത്തം കഷ്ടപ്പെടുന്നു. എത്ര ലക്ഷം ജനങ്ങൾ മരണത്തിന് അടിമപ്പെട്ടു. ഒന്നിനും സമയം തികയുകയില്ല എന്ന് പരാതി പറഞ്ഞിരുന്ന ഞാനുൾപ്പെടെ പലരും ലോക്ഡൗണിൽ വീട്ടിൽ ഇരിക്കുവാൻ തുടങ്ങിയിട്ട് എത്ര മാസങ്ങളായി. ഇനി എന്ത്? എന്ന ചിന്ത മനുഷ്യമനസ്സിനെ മഥിച്ചുകൊണ്ടിരിക്കുന്നു. തങ്ങളുടെ ഭാവിയുടെ ചക്രവാള സീമയിൽ ഉരുണ്ടുകൂടുന്ന തമസ്സിന്റെ ഭീകരതയിൽനിന്ന് വെളിച്ചത്തിലേക്ക് നയിക്കാൻ കെൽപ്പുള്ള ഒരു വിമോചകനായി ലോകം ഉറ്റു നോക്കുന്നു. ആ വിമോചകൻ ആരാണ്? ലോകത്തിന്റെ ഭാവി എന്താണ്? ഈ ചോദ്യങ്ങൾക്ക് മറുപടി നൽകുവാൻ കഴിവുള്ള ഏക ഗ്രന്ഥം വിശുദ്ധ വേദപുസ്തകം മാത്രമാണ്. വി. ബൈബിളിൽ ലോകത്തിന്റെയും മനുഷ്യന്റെയും ഭാവിയെ സംബന്ധിച്ചുള്ള വ്യക്തമായ മാർഗ്ഗരേഖകൾ പ്രവചനങ്ങളായി നൽകിയിട്ടുണ്ട്. പ്രവചന കാര്യപരിപാടി അനുസരിച്ച് ഇത് അന്ത്യകാലം ആകുന്നു.

യോവേൽ 1:4. മനുഷ്യന് ആവശ്യമായ കൃഷിയെ വെട്ടുക്കിളി, പച്ചപ്പുഴു, വിട്ടിൽ, തുള്ളൻ എന്നിവ തിന്നു നശിപ്പിക്കുന്ന സ്ഥിതി ഉണ്ടാകുകയും ക്ഷാമത്താൽ ദു:ഖിക്കുകയും വീഞ്ഞു കിട്ടാതെ മദ്യപന്മാർ നിരാശയോടെ കരയുകയും ആത്മഹത്യ ചെയ്യുകയും ചെയ്യുന്ന അവസ്ഥ ഉണ്ടായി. ദൈവാലയങ്ങൾ പൂട്ടപ്പെട്ടു. പുരോഹിതന്മാർക്ക് ശുശ്രൂഷ ഇല്ലാതായി. വിദ്യാലയങ്ങളും കടകമ്പോളങ്ങളും നിർമ്മാണ പ്രവർത്തനങ്ങളും കൺവൻഷനുകളും ആരാധനകളും ഇല്ലാതായിരിക്കുന്നത് നാം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഈ കൊറോണാക്കാലം പോലെ ഒരവസ്ഥ ലോകചരിത്രത്തിൽ തന്നെ ഉണ്ടായിട്ടുണ്ടോ. ലോകത്തിലെ എല്ലാ രാഷ്ട്രങ്ങളും അടച്ചു പൂട്ടലിന്റെയും സർവ്വമേഖലയുടെയും സ്തംഭനാവസ്ഥയിലും എത്തിച്ചേർന്നു. ആദ്യ മനുഷ്യരായ ആദാം ഹവ്വ ദമ്പതികൾ ദൈവകല്പന ലംഘിച്ച് സാത്താന്റ പ്രലോഭനത്താൽ വിലക്കപ്പെട്ട കനി തിന്നതിനാൽ ദൈവം അവരെ ഏദൻ പറുദീസായിൽനിന്ന് പുറത്താക്കി. വാതിൽ അടച്ച് കെരൂബുകളെ കാവൽ നിർത്തി. ഇത് ലോകത്തിലെ ആദ്യത്തെ Lock Down. ദൈവത്തെ മറന്ന് ലോകം, ജഡം, പിശാച് എന്നിവയ്ക്ക് അധീനരായി തീരുമ്പോൾ മനുഷ്യന് ദോഷം സംഭവിക്കുമെന്നത് ഒരു യാഥാർത്ഥ്യമാണ്. നോഹയുടെ കാലത്തും ലോത്തിന്റെ കാലത്തും സംഭവിച്ചത് ഓർത്തു നോക്കുക. ആ അവസ്ഥ തന്നെ അല്ലേ ഇപ്പോൾ സംഭവിച്ചിരിക്കുന്നത്.

ഈ അന്ത്യകാലത്ത് അടുത്തതായി നടക്കേണ്ട മഹത് സംഭവം, കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശ് മരണത്തിൽ വിശ്വസിച്ച് രക്ഷിക്കപ്പെട്ട വിശ്വാസികളെ ഈ ഭൂമിയിൽ നിന്ന് മാറ്റുവാനായി കർത്താവ് മദ്ധ്യാകാശത്തിൽ ഇറങ്ങി വരുന്നതാണ്. ആണ്ടും തീയതിയും കുറിക്കപ്പെടാത്ത; എപ്പോഴും നടക്കാവുന്ന നിർണ്ണായക സംഭവമായിരിക്കും കർത്താവിന്റെ രണ്ടാമത്തെ എഴുന്നെള്ളിപ്പ്. മദ്ധ്യാകാശവരവിൽ വിശ്വാസികൾ കർത്താവിനെ എതിരേല്പ്പാൻ മേഘങ്ങളിൽ എടുക്കപ്പെടും. കലങ്ങി മറിഞ്ഞ അവ്യക്തവും അനിശ്ചിതവുമായ ലോകത്തിന്റെ ഭാവിയെ കണ്ടു യേശുക്രിസ്തു തന്നിൽ വിശ്വസിച്ചവരോടായി പറഞ്ഞു. (യോഹ.14:1-3) നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുത്... ഞാൻ ഇരിക്കുന്ന ഇടത്തു നിങ്ങളും ഇരിക്കേണ്ടതിന് പിന്നെയും വന്നു നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും. പ്രിയ സ്നേഹിത, താങ്കൾ കർത്താവായ യേശു ക്രിസ്തുവിൽ വിശ്വസിച്ച് പാപമോചനവും നിത്യജീവനും പ്രാപിച്ച് യേശുക്രിസ്തുവിന്റെ തിരുശരീര രക്തങ്ങൾ ഭക്ഷിച്ച് ജീവിക്കുന്നവരാണോ. എങ്കിൽ നിങ്ങൾ ക്രിസ്തുവിനുള്ളവനാണ്. തനിക്കുള്ളവരെ തന്റെ അടുത്തു ചേർക്കുവാനാണ് കർത്താവ് വരുന്നത്. ഈ ലോകം കലങ്ങി മറിയുമ്പോൾ ഒരു വിശ്വാസിയുടെ ഭാവി അനുഗ്രഹീതമാണ് ഭാഗ്യകരമാണ്. നമ്മുടെ ആത്മ മണവാളൻ വേഗം വരും. അതുകൊണ്ട് സകല കന്മഷവും നീക്കി വിശുദ്ധിയെ തികച്ചു കൊൾക.

എന്ന്

നിങ്ങളുടെ

**പ്രിയ റോയി അച്ചൻ**

# സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം



പരിശുദ്ധ സുറിയാനി സഭ പെന്തിക്കോസ്തിക്കു ശേഷമുള്ള നാളുകളിലൂടെ കടന്നു പോകുന്നു. ഓഗസ്റ്റുമാസം 6-ാം തീയതി കൂടാരപ്പെരുന്നാൾവരെയും പെന്തിക്കോസ്തിക്കു ശേഷമുള്ള നാളുകളായി സഭ ആചരിക്കുന്നു. നമ്മുടെ കർത്താവിന്റെ പുനരുത്ഥാനം മുതൽ അമ്പതാം ദിവസം ആണ് പെന്തിക്കോസ്തി പെരുന്നാൾ. അമ്പതാമത്തേത് എന്നാണ് പെന്തിക്കോസ്തി എന്ന വാക്കിനർത്ഥം.

പുതിയ നിയമസഭയുടെ നിഴലായ പഴയനിയമസഭയും പെന്തിക്കോസ്തി പെരുന്നാൾ ആചരിക്കുന്നു. യവം കൊയ്തു പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാൾ ആചരിച്ചിരുന്നു. ആ ദിവസം മുതൽ, ഏഴ് ആഴ്ച അഥവാ നാല്പത്തി ഒൻപതു ദിവസം കഴിഞ്ഞ് 50-ാം ദിവസം ഗോതമ്പിനു അരിവാൾ വച്ചു ഗോതമ്പുകറ്റ ദേവാലയത്തിനു സമർപ്പിക്കുന്ന ആഘോഷത്തിന്റെ പെരുന്നാളായിരുന്നു പെന്തിക്കോസ്തി പെരുന്നാൾ വാരപ്പെരുന്നാൾ, ആദ്യഫലപ്പെരുന്നാൾ, എന്നെല്ലാം ഈ പെരുന്നാളിനെ പഴയനിയമ സഭ വിളിച്ചിരുന്നു.

തന്റെ പീഢാനുഭവ വാരത്തിൽ സ്വർഗ്ഗത്തിൽ നിന്നു അയക്കപ്പെടാനിരിക്കുന്ന ത്രിത്വത്തിൽ മൂന്നാമനായ പരിശുദ്ധ റൂഹായുടെ ആഗമനത്തെക്കുറിച്ചു കർത്താവു ശിഷ്യന്മാരെ പഠിപ്പിച്ചു. (യോഹ. 16-ാം അദ്ധ്യായം) സ്വർഗ്ഗാരോഹണത്തിനു മുമ്പായി അയയ്ക്കപ്പെടാനിരിക്കുന്ന പരി.റൂഹായെക്കുറിച്ചു വീണ്ടും അവരെ ഓർമ്മപ്പെടുത്തി. ശ്ലീഹന്മാർ യറുശലേം വിട്ടു പോകാതെ യറുശലേമിൽത്തന്നെ കാത്തിരിക്കണമെന്നും, പരി. റൂഹായാൽ ശക്തി പ്രാപിച്ചതിനുശേഷം, യറുശലേമിലും, യഹൂദ്യയിലും ലോകമൊക്കെയിലും പ്രസംഗിക്കണമെന്നും അറിയിച്ചു. ആയതിൻ പ്രകാരം, കർത്താവിന്റെ പുനരുത്ഥാനത്തിനുശേഷം 40-ാം ദിവസത്തെ സ്വർഗ്ഗാരോഹണത്തിനുശേഷം 10-ാം ദിവസം, അതായതു ഉയർത്തെഴുന്നേൽപ്പിനുശേഷം 50-ാം ദിവസം, കർത്താവ് വിശുദ്ധ കുർബ്ബാന സ്ഥാപിച്ച സെഹിയോന്റെ മാളികയിൽ കർത്തൃകല്പന പ്രകാരം കാത്തിരുന്ന ശ്ലീഹന്മാരുടെ മേൽ സ്വർഗ്ഗത്തിൽ നിന്നയയ്ക്കപ്പെട്ട പരി. റൂഹാ തീ നാവുകളുടെ സാദൃശ്യത്തിൽ ആവസിച്ചു. പരി. റൂഹായുടെ ആവാസത്താൽ ശ്ലീഹന്മാർ ശക്തിമാന്മാരായി. അവർ വിവിധ ഭാഷകളിൽ സംസാരിച്ചു. ദൈവീക മർമ്മങ്ങളെ ജനത്തോടു പ്രസംഗിച്ചു. കേട്ട ജനം മാമോദീസാ സ്വീകരിച്ചു സഭയോടു ചേർന്നു. പുതിയ നിയമ സഭ അങ്ങനെ രൂപം പൂണ്ടു. ശ്ലീഹന്മാരുടെ കൈവെപ്പാൽ സഭയുടെ മക്കൾ പരിശുദ്ധാത്മാവിനെ പ്രാപിക്കുന്നു. (അ. പ്ര. 8:14-17, 19:1-7). അവൻ അറിവിന്റെയും ശക്തിയുടെയും റൂഹായാകുന്നു. അവൻ സകലത്തെയും പരിപൂർണ്ണമാക്കുന്നവനാകുന്നു. അവൻ എന്നേക്കും നമ്മോടുകൂടെ ഇരിപ്പാനായിട്ടു ബലഹീനരായ നമ്മുടെ പക്കലേക്കു പിതാവിനാൽ അയയ്ക്കപ്പെട്ടവനാകുന്നു.

ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കരുത്. അവനാലല്ലോ നിങ്ങൾ വീണ്ടെടുപ്പുനാളിനായി മുദ്രയിടപ്പെട്ടിരിക്കുന്നത് എന്നു പരിശുദ്ധനായ പൗലോസ്ശ്ലീഹാ നമ്മെ ഉപദേശിക്കുന്നു. (എഫേ. 4:30).

നമുക്കു ദാവീദു രാജാവിനെപ്പോലെ ദൈവത്തോടു പ്രാർത്ഥിക്കാം "നിന്റെ പരിശുദ്ധാത്മാവിനെ എന്നിൽനിന്നു എടുത്തുകളയരുതെ. നമ്മുടെ വിചാരങ്ങളും, സംസാരവും, പ്രവർത്തനങ്ങളും, നമ്മുടെ ദൈവത്തിനു പ്രസാദമുള്ളവയായിതീരട്ടെ.

കർത്തൃശുശ്രൂഷയിൽ നിങ്ങളുടെ

**സേവേറിയോസ് കുറിയാക്കോസ്**

**മെത്രാപ്പോലീത്താ**



റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ, ക്നാനായ സമുദായ സെക്രട്ടറി

# സമുദായ വാർത്തകൾ

പ്രിയപ്പെട്ട ക്നാനായ സമുദായ അംഗങ്ങളെ, സമുദായത്തിലെ ഇപ്പോഴത്തെ സാഹചര്യങ്ങളെക്കുറിച്ച് ചർച്ചചെയ്യുന്നതിനുവേണ്ടി 13-07-2020 സമുദായ മാനേജിംഗ് കമ്മിറ്റിയുടെ ഒരു യോഗം കൂടുകയുണ്ടായി. യോഗത്തിൽ സമുദായ വിഷയങ്ങളെക്കുറിച്ച് ചർച്ചചെയ്യുകയും യോഗത്തിന്റെ അവസാനഘട്ടത്തിൽ അഭി. സമുദായ മെത്രാപ്പോലീത്തായെ യോഗത്തിലേയ്ക്ക് ക്ഷണിക്കുകയും സമുദായ മെത്രാപ്പോലീത്തായുടെ നിർദ്ദേശപ്രകാരം സമുദായത്തിലെ പ്രശ്ന പരിഹാരത്തിനുവേണ്ടി ഒരിക്കൽ കൂടി ക്നാനായ കമ്മിറ്റിയും വൈദിക കൗൺസിലും കൂടിയുള്ള സംയുക്തയോഗത്തിലേയ്ക്ക് എല്ലാ തിരുമേനിമാരേയും ക്ഷണിക്കുന്നതിന് തീരുമാനിക്കുകയും സമയവും തീയതിയും എല്ലാവരുമായി സംസാരിച്ചു തീരുമാനിക്കുന്നതിനു വേണ്ടി സമുദായ മെത്രാപ്പോലീത്തായോട് അഭ്യർത്ഥിക്കുകയും ചെയ്തു.

എന്നാൽ സഹായ മെത്രാന്മാർ പരി.പാത്രിയർക്കീസ് ബാവായുടെ അനുമതി സമുദായ മെത്രാപ്പോലീത്താ വാങ്ങാതെ ചർച്ചയ്ക്കില്ലാ എന്ന നിലപാടാണ് എടുത്തിരിക്കുന്നത് എന്ന് സമുദായ മെത്രാപ്പോലീത്താ കഴിഞ്ഞ ദിവസം അറിയിച്ചു. തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതികൾ ഔദ്യോഗിക ചർച്ചയ്ക്ക് സന്നദ്ധരായിട്ടുതന്നെ നിൽക്കുന്നു. ക്നാനായ സമുദായ വൈദിക കൗൺസിലും ക്നാനായ മാനേജിംഗ് കമ്മിറ്റിയും സംയുക്തമായി ഉണ്ടാക്കിയ ഒത്തുതീർപ്പ് വ്യവസ്ഥകളും ഉണ്ട്.

സമാധാന ചർച്ചയ്ക്ക് മറ്റാരെയും ചുമതലപ്പെടുത്തിയിട്ടില്ല. അങ്ങനെ നടത്തുന്ന സമാധാന ചർച്ചകൾക്കോ അവർ എടുക്കുന്ന തീരുമാനങ്ങൾക്കോ ക്നാനായ കമ്മിറ്റിക്കോ ക്നാനായ അസ്സോസിയേഷനോ യാതൊരു ഉത്തരവാദിത്വവും ബാധ്യതയും ഉണ്ടായിരിക്കുന്നതല്ല എന്ന് ബന്ധപ്പെട്ടവരെ അറിയിച്ചുകൊള്ളുന്നു.

ക്നാനായ സമുദായ മെത്രാപ്പോലീത്തായെയും സമുദായ സെക്രട്ടറിയെയും വൈദികരുടെ വാട്സാപ്പ് ഗ്രൂപ്പിൽ കൂടിയും സോഷ്യൽ മീഡിയയിൽ കൂടിയും വളരെ നിന്ദ്യവും ലജ്ജാകരമായ രീതിയിലും അധിക്ഷേപിച്ച് മെസ്സേജുകൾ ഇട്ടുകൊണ്ടിരിക്കുന്ന ഒരു വൈദികന്റെമേൽ തക്കതായ ശിക്ഷണ നടപടി സ്വീകരിക്കണം എന്ന് സമുദായ മെത്രാപ്പോലീത്തായോട് ആവശ്യപ്പെട്ടിട്ടുണ്ട്. സോഷ്യൽ മീഡിയായിൽ വന്ന വോയിസ് ക്ലിപ്പിന്റെ കോപ്പി സമുദായമെത്രാപ്പോലീത്തായെ ഏല്പിച്ചിട്ടുണ്ട്.

ക്നാനായ സമുദായ സെക്രട്ടറി എന്ന നിലയിൽ എനിക്ക് ഭരണഘടന സംരക്ഷിക്കുവാനുള്ള ഉത്തരവാദിത്വങ്ങൾ ഉണ്ട് എന്ന് എല്ലാവർക്കും അറിവുള്ളതല്ലോ.

അന്ത്യോഖ്യാ ബന്ധത്തിനും, ക്നാനായ സമുദായത്തിന്റെ ഭരണഘടനയ്ക്കും, ക്നാനായ സമുദായത്തിന്റെ അസ്സോസിയേഷനും, ഉൾഭരണ സ്വാതന്ത്ര്യത്തിനും വേണ്ടി അവസാന ശ്വാസം വരെ ഞാൻ നിൽക്കും.

വ്യാജ ഫേസ്ബുക്ക്, വാട്സ്അപ്പ് അക്കൗണ്ടുകളിലൂടെ വരുന്ന ആരോപണങ്ങൾക്കു മറുപടി പറയേണ്ട ബാധ്യതയില്ല. എന്നിരുന്നാലും, വ്യക്തിപരമായ ആക്ഷേപങ്ങൾ ഒഴിവാക്കി ആരോഗ്യപരമായ വിമർശനങ്ങളെ സ്വാഗതം ചെയ്യുന്നു.

ഇതര സമുദായാംഗങ്ങളെ അപേക്ഷിച്ചു ക്നാനായ സമുദായത്തിലെ വൈദികരുടെ ശമ്പളം വളരെ കുറവായിരുന്നു. അസ്സോസിയേഷൻ ഇലക്ഷനുമുമ്പ് തന്നെ ഇതു വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് ഞങ്ങളുടെ നയം വ്യക്തമാക്കിയത് ആണ്. ഞാൻ ചാർജ് എടുത്ത അന്ന് മുതൽ ക്നാനായ കമ്മിറ്റിയിൽ ചർച്ചകൾ നടത്തുകയും 9000 രൂപ ബേസിക് സാലറി ഉണ്ടായിരുന്ന വൈദികർക്ക് 16500 രൂപ ബേസിക് സാലറി ആയി നിശ്ചയിക്കുകയും (ഏറ്റവും കുറഞ്ഞ സാലറി) കൂടുതൽ വേതനം ലഭിക്കുന്ന വൈദികർക്ക് അതിനു ആനുപാതികമായി ശമ്പളം കൂട്ടി നൽകുകയും ചെയ്തു. സർവ്വീസും ശമ്പള സ്കെയിലും അനുസരിച്ച് ഏറ്റവും കുറഞ്ഞത് 65% വും ഏറ്റവും കൂടിയത് 80% വും വർദ്ധനവ് നൽകാൻ ദൈവകൃപയാൽ സാധിച്ചു. ഇതു ക്നാനായ സമുദായത്തിലെ വന്ദ്യ പുരോഹിതർക്ക് മനസ്സിലായിട്ടുള്ള കാര്യമാണ്. അവരുടെ സർവ്വീസ് അനുസരിച്ച് സാലറി റിവിഷൻ നിശ്ചയിക്കുകയും അതിനനുസരിച്ച് കഴിഞ്ഞമാസം രണ്ടു വൈദികർക്ക് കൊടുത്ത് അത് നടപ്പിലാക്കി. ഈ കൊറോണാ കാലയളവിൽ എല്ലാ ദൈവാലയങ്ങളിലും പരിമിത എണ്ണത്തിൽ ആണെങ്കിലും കിറ്റുകൾ വിതരണം ചെയ്യുവാനും സാധുക്കളെ സഹായിക്കുവാനും ഞങ്ങൾക്ക് സാധിച്ചു. സമാ

ധാനത്തിനുവേണ്ടി വൈദിക കൗൺസിലും ക്നാനായ കമ്മിറ്റിയും എപ്പോഴും സന്നദ്ധരാണ്. എന്തുകൊണ്ട് പരി. പാത്രിയർക്കീസ് ബാവായുടെ അനുവാദം വാങ്ങി മാത്രമേ ചർച്ചയുള്ളൂ എന്ന് സഹായ മെത്രാൻമാർ വാശിപിടിക്കുന്നു എന്ന് മനസ്സിലാകുന്നില്ല.

സമുദായ സെക്രട്ടറിയോ, സമുദായ നേതൃത്വമോ, സമുദായ മെത്രാപ്പോലീത്തായോ ഇതുവരെ ഒരു കേസും കൊടുത്തിട്ടില്ല. കേസുകൾ മുഴുവൻ കൊടുത്തിരിക്കുന്നത് എതിർ കക്ഷികളാണ്. ഇതുവരെ ഏഴ് അസ്സോസിയേഷൻ കൂടി, ഈ ഏഴ് അസ്സോസിയേഷൻ യോഗങ്ങൾക്കും അതിന്റെ തീരുമാനങ്ങൾക്കും എതിരെ കേസ് കൊടുത്തിരിക്കുന്നത് ടി. ആളുകൾ തന്നെയാണ്. ക്നാനായ സമുദായത്തിനെയും, അസ്സോസിയേഷനെയും പ്രതി ആക്കി കേസ് കൊടുത്തു ഭരണസ്തംഭനം നടത്തി ക്നാനായ സമുദായത്തെ നിശ്ചലമാക്കാൻ ശ്രമിക്കുന്നതു പ്രതിരോധിക്കേണ്ട ഉത്തരവാദിത്വം സെക്രട്ടറി എന്ന നിലയിൽ എനിക്കുണ്ട്. ആയതിനാൽ സമുദായത്തെ പ്രതി ആക്കി ചില സ്ഥാപിത താൽപര്യക്കാർ കൊടുത്തിരിക്കുന്ന കേസുകൾ ഡിഫൻസ് ചെയ്യാൻ എത്ര ത്യാഗം സഹിച്ചും അതിനാവശ്യമായ പണം കണ്ടെത്തി സമുദായത്തെ സംരക്ഷിക്കും. സമുദായം ഇതുവരെ കേസുകൾ കൊടുത്തിട്ടില്ല എന്നാൽ കേസിനു പുറകെ കേസ് കൊടുത്തു സമുദായത്തെ തോല്പിക്കാം എന്ന് വിചാരിച്ചാൽ ഈ സമുദായം ദൈവത്തിന്റെ കൈകളിൽ സുരക്ഷിതം ആയതുകൊണ്ട് നശിച്ചു പോവുകയില്ല.

സമുദായത്തെ സംരക്ഷിക്കുവാനുള്ള എന്റെ തീവ്രശ്രമത്തെ ദൈവം ഫലപ്രദമാക്കിക്കൊള്ളും. ഒരു സാത്താന്യ ശക്തിക്കും ഈ സമുദായത്തെ തളർത്തുവാൻ സാധിക്കുകയില്ല. എന്റെ സഹായം ആകാശവും ഭൂമിയും സൃഷ്ടിച്ചവനായ യഹോവയിങ്കൽ നിന്നു വരുന്നു.

യു.എ.ഇ.യിൽ ഉള്ള നമ്മുടെ സഹോദരങ്ങൾക്ക് ഒരു സന്തോഷവാർത്തയുണ്ട്. നാട്ടിലേക്ക് പോരുവാൻ ആഗ്രഹിക്കുന്നവർക്ക് ജൂലൈ 3 മുതൽ 75% ഓപ്പൺ മാർക്കറ്റിൽ നിന്നും ടിക്കറ്റ് അവൈലബിൾ ആകും അതായത് ഓൺലൈനിൽ കൂടി ലഭിക്കും. 25% മാത്രമെ എംബസിയിൽ കൂടി ലഭിക്കുകയുള്ളൂ. ഈ അവസരം നമ്മുടെ സഹോദരങ്ങൾ ഉപയോഗിക്കണം. ഇത് യു.എ.ഇ.യിൽ മാത്രമാണ്. മറ്റ് ഗൾഫ് രാജ്യത്തുള്ളവർക്ക് ഇപ്പോഴത്തെ നിലയിൽതന്നെ ഇൻഡ്യൻ എംബസിയിൽ കൂടി മാത്രമേ ടിക്കറ്റ് ലഭിക്കുകയുള്ളൂ.

ഈ കൊറോണാ കാലയളവിൽ നമ്മുടെ സമുദായാംഗങ്ങളായ ജോലി നഷ്ടപ്പെട്ട യുവതി യുവാക്കളേയും അവിടെ വിസിറ്റിംഗിനുപോയ മാതാപിതാക്കളുമായ നൂറുകണക്കിന് ആളുകളെയും ക്നാനായ ഇതരരായ കുറെ ആളുകളെയും ഗൾഫ് നാടുകളിൽ നിന്ന് നാട്ടിൽ എത്തിക്കുവാൻ സാധിച്ചു എന്നതിൽ എനിക്ക് ചാരിതാർത്ഥ്യമുണ്ട്.

ഇതിന് സഹായിച്ച വിദേശകാര്യ മന്ത്രാലയത്തിലെ സെക്രട്ടറിയായ ശ്രീ. എൽദോസ് പുന്നൂസ് IFS നോടുള്ള നന്ദി അറിയിക്കുന്നു. ക്നാനായ സമുദായത്തിലെ ശാശ്വത സമാധാനത്തിനുവേണ്ടി എല്ലാ സമുദായ അംഗങ്ങളും പ്രാർത്ഥിക്കണമെ എന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു. ദൈവം അനുഗ്രഹിക്കട്ടെ.

എന്ന്
**റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ**
**സമുദായ സെക്രട്ടറി**

## ക്നാനായ ദീപം അറിയിപ്പുകൾ

നമ്മുടെ പള്ളികളിലെ പൊതു വാർത്തകളും,ഫോട്ടോകളും മറ്റും ദീപത്തിൽ പ്രസിദ്ധീകരിക്കുവാൻ കൊണ്ടുവരുമ്പോൾ ഇടവക വികാരിയുടെ ഒപ്പോടുകൂടി ലഭിക്കുന്നതു മാത്രമേ പ്രസിദ്ധീകരിക്കുകയുള്ളൂ. വരിസംഖ്യകളും പരസ്യ ചാർജുകളും ഓൺലൈനായും അടയ്ക്കാവുന്നതാണ്.

**Acc. No. 57004254154**, Knanaya Deepam, IFSC SBI N 0070128, SBI, Chingavanam



ഡോ. സുനിൽ ഡി. കുരുവിള

# രാജ്യനിർമ്മാണം യുവതയിലൂടെ

രണ്ടു ദിവസം മുമ്പ് എന്നെ വിളിച്ചു ഒരു സ്റ്റുഡന്റ്:

'സാർ ഞാൻ പ്രിയ, ഫോറൻസിക് സയൻസ് പഠിക്കാനാണ് ആഗ്രഹിക്കുന്നത്. സാറിന്റെ അഭിപ്രായം എന്താണ്"? അഞ്ചുമിനിറ്റ് കുട്ടിയുമായി സംസാരിച്ചു.

കോളേജിന്റെ എജന്റാണ് ഗൈഡൻസ് കൊടുത്തിരിക്കുന്നത്. പിന്നെ സിനിമയിൽ നിന്ന് കിട്ടിയ സ്വാധീനവും.

യാതൊന്നും മനസ്സിലാക്കാതെ ധാരാളം കുട്ടികൾ ഫോറൻസിക് സയൻസ് കോഴ്സ് ചെയ്യാൻ തയ്യാറെടുക്കുന്നു. മറ്റുപല കോഴ്സുകളും ഈ കൂട്ടത്തിലുണ്ട്.

ഇതിന്റെ പഠനം graduate ലെവലിൽ ചെയ്യണോ Post graduate ലെവലിൽ ചെയ്യണോ? എന്ത് തരം തൊഴിൽ അവസരങ്ങളാണ് ഉള്ളത്? തൊഴിലിന്റെ ലഭ്യത? തൊഴിലിന്റെ സ്വഭാവം? ഒരു പഠിതാവിനു വേണ്ട ക്വാളിറ്റീസ്? മികച്ച സ്ഥാപനങ്ങൾ? യോഗ്യത?

സർക്കാർ ജോലി എത്ര പേർക്ക് കിട്ടും? സ്വകാര്യ സ്ഥാപനങ്ങളിലും വിദേശത്തും ഒക്കെ ജോലി ലഭിക്കാൻ ഉള്ള സാധ്യത; അവസരങ്ങൾ.

ഈ രംഗത്ത് പ്രഗത്ഭരായവർ ആരൊക്കെ? അവരുടെ വിജയ കാരണങ്ങൾ എന്തൊക്കെ?

സാമ്പത്തിക നഷ്ടം, പകരം കിട്ടുമായിരുന്ന അവസരങ്ങളുടെ നഷ്ടം, ഭാവി.., ഒന്നും ചിന്തിക്കാതെ തൽക്കാലത്തേക്ക് 'മറ്റുള്ളവരോട്' പറയാൻ ഒരു കോഴ്സ്. പലപ്പോഴും നമ്മുടെ അറിവില്ലായ്മയെയും ദുരഭിമാനത്തെയുമാണ് മറ്റുള്ളവർ പറ്റിക്കുന്നത്.

കുട്ടിയുടെ അമ്മയാണ് അവസാനം സംസാരിച്ചു നിർത്തിയത്, "സാർ എല്ലാ ദിവസവും പത്തും ഇരുപതും ഫോൺ കോൾ ആണ്. ഓരോ കോഴ്സിന്റേയും അഡ്മിഷൻ ശരിയാക്കാം. അഡ്വാൻസ് അടക്കണം എന്നൊക്കെ പറഞ്ഞുവരുന്നത്".

'ഇപ്പോൾ ഫോൺ എടുക്കാൻ തന്നെ പേടിയാണ്'.

സമഗ്രവും ഫലപ്രദവുമായ *കരിയർ കൗൺസിലിംഗ്* വിദ്യാഭ്യാസത്തിൽ ഇന്ന് ഏറ്റവും അനിവാര്യം.

ലോകം അതിവേഗം മാറുന്നു..... വിദ്യാഭ്യാസത്തിലും തൊഴിൽ രംഗത്തും അതിശക്തമായ മാറ്റങ്ങളും പരിഷ്കാരങ്ങളും സംഭവിക്കുന്നു. പുതിയ പുതിയ കോഴ്സുകൾ..... പുതിയ തൊഴിൽ രംഗങ്ങൾ.

എന്ത് തിരഞ്ഞെടുക്കണം? Google കള്ളം പറയുമോ? വിദേശത്തുപോയി പഠിച്ചാൽ സ്കോപ്പുണ്ടോ? ജോലിയും കരിയറും തമ്മിൽ എന്താണ് വ്യത്യാസം. ഉയർന്ന ഒരു കരിയർ രൂപപ്പെടുത്താൻ എന്തെല്ലാം ശ്രദ്ധിക്കണം? എന്റെ ഇഷ്ടവും കഴിവും രണ്ടാണ്, എന്ത് ചെയ്യണം? പെട്ടെന്ന് കിട്ടുന്ന ജോലി സ്വീകരിക്കണോ? അതോ ഹയർ സ്റ്റഡീസിനു പോകണോ?

ഇത്തരം പല കൺഫ്യൂഷനും കുട്ടികൾക്കും മാതാപിതാക്കൾക്കും ഉണ്ടാകാം.

തൊഴിലില്ലായ്മക്കു പ്രധാന കാരണം ശരിയായ വിദ്യാഭ്യാസ മാർഗ്ഗനിർദ്ദേശത്തിന്റെയും ആസൂത്രണത്തിന്റെയും അഭാവമാണ്.

A GOOD guidance program leads to confidence, clarity and vision.

It helps you plan your academic steps well.

നല്ല ഗൈഡൻസ് വ്യക്തതയും ആത്മവിശ്വാസവും വർദ്ധിപ്പിക്കുന്നു.

1. വിവിധ കരിയർ മേഖലകളെകുറിച്ച് അറിയാൻ.
2. കോഴ്സുകൾ/ കോളേജുകൾ മനസ്സിലാക്കാൻ.
3. ഓരോ മേഖലയിലും വിജയകരമായി എത്തിച്ചേരാ



നുള്ള മാർഗ്ഗങ്ങൾ മനസ്സിലാക്കാൻ.

4. മികച്ചതും പിഴവില്ലാത്തതുമായ കരിയർ പ്ലാനിംഗ് രൂപപ്പെടുത്താൻ.

5. വിദ്യാഭ്യാസ തൊഴിൽ രംഗത്തെ 'ആകർഷകമായ' ചതിക്കുഴികളിൽ വീഴാതിരിക്കാൻ.

6. ഓരോ മേഖലയിലെയും പ്രമുഖ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവേശന രീതി/ പരീക്ഷ തിരിച്ചറിയാൻ.

7. അവനവന്റെ കഴിവ്, അഭിരുചി മനസ്സിലാക്കാൻ, ഏറ്റവും ഇണങ്ങുന്ന മേഖലകൾ ഏതൊക്കെ എന്ന് തിരിച്ചറിയാൻ

8. ഓരോ തൊഴിൽ മേഖലയുടെയും സ്വഭാവം; നേരിടേണ്ടി വരുന്ന യാഥാർത്ഥ്യങ്ങൾ/വെല്ലുവിളികൾ

10. തൊഴിൽ അന്വേഷണ രീതികൾ/ഇന്റേൺഷിപ്പ്/ട്രെയിനിംഗ്/ഗവേഷണം/മികച്ച സ്ഥാപനങ്ങൾ.

11. വ്യക്തിത്വ വികസനം, നൈപുണ്യ വികസനം, മാനസിക-വൈകാരിക ശേഷി വികസനം.

12. ഉയർന്ന ജീവിത കാഴ്ചപ്പാട് ലഭിക്കാൻ.

ഇവയൊക്കെയാണ് ഉന്നതമായ Guidance program ലക്ഷ്യം വെക്കേണ്ടത്, വെക്കുന്നത്.

It's in fact Life Enrichment! ആപ്റ്റിറ്റ്യൂട് ടെസ്റ്റ് ഒരു വ്യക്തിയുടെ കരിയർ തീരുമാനങ്ങൾ എടുക്കാൻ ചില സൂചനകൾ തന്നേക്കാം. അത്രതന്നെ. ഒരു വ്യക്തിയുടെ മനോഭാവം, വ്യക്തിത്വം, പഠന താല്പര്യം, സാമ്പത്തിക സ്ഥിതിയൊക്കെ ഒപ്പം പരിഗണിക്കേണ്ടതുണ്ട്. നല്ല guidance വെറും കുറച്ചു ഇൻഫർമേഷൻ അല്ല; അത് ഉയർന്ന വൈദഗ്ധ്യവും ശരിയായ മനസ്സിലാക്കലും കൂടിയാണ്. നിലവാരമില്ലാത്ത ഗൈഡൻസ് ഗുണത്തിലേറെ ദോഷം ചെയ്തേക്കാം. പല കോഴ്സുകളുടെയും കോളേജിന്റെയും ഒക്കെ ഏജന്റുമാരും ബ്രോക്കർമാരും ഒക്കെ കരിയർ എക്സ്പേർട്ട്സ് ആയി അവതരിച്ചേക്കാം. ചതിക്കുഴികളിൽ വീഴാതിരിക്കാം. സ്വന്തക്കാർക്കും ഇഷ്ടക്കാർക്കും 'സ്റ്റേജിൽ' കേറാനും വരുമാനം ഉണ്ടാക്കാനും ഉള്ള അവസരവും പ്രഹസനവുമാക്കി ഈ ഉന്നത പ്രവർത്തനത്തിനെ തരം താഴ്ത്താതിരിക്കാം. ഓർക്കുക, ഇതൊരു രാജ്യ നിർമ്മാണ പ്രവർത്തനം തന്നെയാണ്. ഏറ്റവും മികച്ചത് മാത്രം തിരഞ്ഞെടുക്കാം.

True career guidance is nation building

ഇനി എന്ത് പഠിക്കണം, എങ്ങോട്ട് തിരിയണം എന്തിനാണ് 'സ്കോപ്പ്'?

മാതാപിതാക്കളും കുട്ടികളും ഏറ്റവും കൂടുതൽ ആശങ്കപ്പെടുന്ന സമയം. ആരോട് ചോദിക്കണം? എങ്ങനെ പരിഹരിക്കണം?

ഈ അവസ്ഥ മുതലെടുക്കുന്ന തട്ടിപ്പുകാർ

അവരവരുടെ സ്വാധീനത്തിലുള്ള കുട്ടികളെയെങ്കിലും സംരക്ഷിക്കാൻ സംഘടനകൾക്കും പ്രസ്ഥാനങ്ങൾക്കും ഒക്കെ കഴിയും. മികച്ച കരിയർ കൗൺസിലിംഗ് സംഘടിപ്പിക്കാം. കോവിഡ് കാലമായതുകൊണ്ടു ഓൺലൈൻ സംവിധാനങ്ങളിലൂടെ അത് സാധ്യമാക്കാം. കുറഞ്ഞുപോകാതിരിക്കട്ടെ നമ്മുടെ കുഞ്ഞുങ്ങളും കുടുംബങ്ങളും. സാധ്യമാക്കാം രാജ്യനിർമ്മാണം യുവതയിലൂടെ!

കവിത

# നക്ഷത്ര മുടി ചൂടും അംബികേ

**ഏലിക്കുട്ടി തോമസ്** കുന്നേൽപറമ്പിൽ




നക്ഷത്ര മുടി ചൂടും അംബികേ
സ്വർഗ്ഗരാജ്യത്തിലേക്കുള്ള മണിവാതിലേ (2)
മാതാവേ മാതാവേ മരതകമേ
മാണിക്യക്കല്ലല്ലോ അമ്മേ (2)

ഭൂമിയെ സ്വർഗ്ഗവുമായി രമ്യമാക്കുവാൻ
ജീവനെ ഹോമിച്ചു അമ്മയുടെ പുത്രൻ
ആ തിരുബലിയിൽ കാൽവറിയോളം
പിരിയാതെ സഹകാരിയായ അമ്മ

മാതാവേ മാതാവേ മരതകമേ
മാണിക്യക്കല്ലല്ലോ അമ്മേ (2)

കൃപയുടെ ഉറവിടമാണമ്മ
സഹനത്തിൻ തീക്കനലാണമ്മ (2)
ക്ഷമയുടെ നെല്ലിപ്പലകയാണമ്മ
സ്നേഹത്തിൻ മകുടമാണമ്മ

മാതാവേ മാതാവേ മരതകമേ
മാണിക്യക്കല്ലല്ലോ അമ്മേ (2)

നക്ഷത്ര മുടി ചൂടും അംബികേ
സ്വർഗ്ഗരാജ്യത്തിലേക്കുള്ള മണിവാതിലേ (2)
നക്ഷത്ര മുടി ചൂടും അംബികേ............

## ക്നാനായദീപം
### വരിസംഖ്യ, പരസ്യനിരക്ക്

| | |
|---|---|
| ഒരുവർഷം | Rs. 150/- |
| പത്തുവർഷം | Rs. 1500/ |
| വിദേശത്തേയ്ക്ക് (ഒരു വർഷം) | Rs. 3000/ |
| **പരസ്യനിരക്ക്** | |
| ഉപകാരസ്മരണ | Rs. 350/ |
| പേര് മാത്രം | Rs. 200/ |
| മാട്രിമോണിയൽ | Rs. 600/ |
| **ബ്ലായ്ക്ക് & വൈറ്റ്** | |
| ചരമം (ചെറിയ കോളം) | Rs. 850/ |
| കാൽപേജ് | Rs. 1700/ |
| അരപേജ് | Rs. 3500/ |
| ഫുൾപേജ് | Rs. 5000/ |
| **കളർ പരസ്യനിരക്ക്** | |
| കാൽപേജ് | Rs. 4000/ |
| അരപേജ് | Rs. 6500/ |
| ഫുൾപേജ് | Rs. 10000/ |
| കവർ ഇൻസൈഡ് | Rs. 12500/ |
| ബായ്ക്ക് കവർ | Rs. 15000/ |

**മാനേജിംഗ് എഡിറ്റർ**

## അറിയിപ്പ്

S.S.L.C പരീക്ഷകളിൽ **എല്ലാ വിഷയങ്ങൾക്കും** A+ ലഭിച്ച വിദ്യാർത്ഥികളുടെ ഫോട്ടോ ക്നാനായ ദീപത്തിൽ മുൻ വർഷങ്ങളിലെപ്പോലെ പ്രസിദ്ധീകരിക്കുന്നതാണ്. ആയതിലേയ്ക്ക് വികാരിമാർ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റിന്റെ കോപ്പിയും ഫോട്ടോയും മേൽവിലാസം സഹിതം **2020 ജൂലൈ 25** നു മുമ്പായി ക്നാനായദീപം ഓഫീസിൽ നൽകേണ്ടതാണ്. E-mail ആയും അയയ്ക്കാവുന്നതാണ്.

E-mail: kna.deepam@gmail.com

**ഫാ.ജേക്കബ് കല്ലുകുളം**
(മാനേജിംഗ് എഡിറ്റർ)

## ശുഭചിന്തകൾ

ഒരു മനുഷ്യന്റെ വ്യക്തിത്വത്തിന്റെ സാരാംശം, അയാൾ പറയുന്നതോ വായിക്കുന്നതോ കേൾക്കുന്നതോ അല്ല; മറിച്ച് ചിന്തിക്കുന്നതാണ്. ചിന്തകൾക്കനുസരിച്ച് ആണല്ലോ നാം പ്രവർത്തിക്കുക. നമ്മുടെ ചിന്തകൾ സന്തോഷം നിറഞ്ഞവയാണെങ്കിൽ നമുക്ക് സന്തോഷം തോന്നും. ചിന്തകൾ ദുഃഖദായകങ്ങളായാൽ നമുക്ക് ദുഃഖം അനുഭവപ്പെടും. അസുഖകരമായ സംഭാഷണം ഒഴിവാക്കാൻ ശീലിച്ചാൽ ജീവിതത്തിൽ നാം പകുതി വിജയിച്ചു എന്നു പറയാം.

ഗുണപരമായി ചിന്തിക്കാം. ഏതിലും അതിലെ നന്മ കണ്ടെത്താൻ ശ്രമിക്കാം, നന്ദിയുള്ളവരാകാം.

യഥാർത്ഥ ചങ്ങാതി നിഴൽ പോലെ കൂടെയുണ്ടാവും എന്നു പറയാറുണ്ട്. നിഴലാകുന്ന ചങ്ങാത്തങ്ങളെക്കാൾ ബഹുമാനിക്കേണ്ടത് വെളിച്ചമാകുന്ന സൗഹൃദങ്ങളെയാണ്. നിഴൽ അകമ്പടി സേവിക്കുമ്പോൾ വെളിച്ചം മുമ്പും പിമ്പും പ്രകാശപൂരിതമാക്കും.

സഹായകനും സംരക്ഷകനും ആയ സഹചാരിയെ മാത്രമെ പൂർണ്ണമായി വിശ്വസിക്കാൻ കഴിയൂ. അത്തരം സൗഹൃദങ്ങൾ ഉള്ളവർ ഭാഗ്യവാന്മാർ. അതിനേക്കാൾ സഹായകനായി നമ്മുടെ കൂടെയുള്ളത് ദൈവമാണ്-നാം അകറ്റി നിർത്തിയില്ലെങ്കിൽ.



## യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**

വി. യൂദാശ്ലീഹായുടെ മദ്ധ്യസ്ഥപ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ

**ജോസലിൽ ജോസഫ്**
**Florida U.S.A.**

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**

വി. യൂദാശ്ലീഹായുടെ മദ്ധ്യസ്ഥപ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ

**ജോസലിൽ ജോസഫ്**
**Florida U.S.A.**

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**

**അമ്മിണി ഫിലിപ്പ്**

# വിവാഹിതരായി



ചിങ്ങവനം സെന്റ് ജോൺസ് പുത്തൻപള്ളി ഇടവകയിൽ കിഴക്കേക്കളം ബാബു ജേക്കബിന്റെയും മേഴ്സി ബാബുവിന്റെയും മകൻ **മെലോ ബാബുവും** മഴുക്കീർ സെന്റ് മേരീസ് ക്നാനായ പള്ളിയിൽ കായിപ്പളത്ത് സാബു കുര്യന്റെയും ഷീബാ സാബുവിന്റെയും മകൾ **സ്നേഹാ സാബുവും** തമ്മിലുള്ള വിവാഹം 2020 ജൂൺ 22–ാം തീയതി ചിങ്ങവനം സെന്റ് ജോൺസ് പുത്തൻപള്ളിയിൽ നടത്തപ്പെട്ടു.

Advt -O

# 50 – ാം വിവാഹവാർഷികം

13–07–2020



## M.J. KURIAKOSE &
## CHACHYKUTTY KURIAKOSE

Nedumthottathil,
Ex-Servicemen Colony, Vechoochira

**ഇത്രത്തോളം യഹോവ സഹായിച്ചു**

മക്കൾ – ബിനു, അനു, ബീന
മരുമക്കൾ – ഷൈനി, ബിൻസി, ബിനു
കൊച്ചുമക്കൾ – നേഹ & നെഹൽ, ഡാനാ & ഡിയോൺ
ഡാൻ, ഷോൺ, ഇവാൻ

# ക്ലിമ്മീസ് സ്കൂൾ ആന്റ് ജൂനിയർ കോളേജ് പ്രിൻസിപ്പൽ



ചിങ്ങവനം ക്ലിമ്മീസ് സ്കൂൾ ആന്റ് ജൂനിയർ കോളേജ് പ്രിൻസിപ്പൽ ആയി ശ്രീമതി **സിജി ജോസ്** (M.Sc, M.A., M.Ed., PGDCA, PGDHL, NET (Edu) ചാർജ് എടുത്തു.

# പ്രശസ്ത വിജയം



Advt -R

കഴിഞ്ഞ SSLC പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും A+ നേടി വിജയിച്ച **ELIT GIGY (അമ്മു)** തിരുവൻവണ്ടൂർ പള്ളി ഇവകയിൽ പള്ളത്ര തത്തുകാട്ടിൽ ജിജി ഇടിക്കുളയുടെയും ബിനി ജിജിയുടെയും മകളും റ്റി.എസ്. ഇടിക്കുളയുടെയും കുഞ്ഞൂഞ്ഞമ്മയുടെയും, കറ്റോട് തൈപ്പറമ്പിൽ റ്റി.പി. പുന്നൂസിന്റെയും ഗ്രേസിക്കുട്ടിയുടെയും കൊച്ചുമകളുമാണ്.

നന്ദിയോടെ ഞാൻ സ്തുതി പാടിടും എന്റെ യേശുനാഥാ

## നവതി നിറവിൽ

21/07/2020



## അന്നമ്മ മാത്യു

(W/o Late Very. Rev. C.K. Mathews Cor-Episcopa)

**ചെറുമഠക്കാല, കറ്റോട്**

*ആശംസകളോടെ:*

*സഹോദരങ്ങൾ, മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ, ചെറുമക്കൾ*

Advt - O

## 50 – ാം വിവാഹവാർഷികം

05 – 07 – 2020



## പുന്നൂസ് ചാക്കോ (ബേബി) & അമ്മുക്കുട്ടി ചാക്കോ

കടപ്പനങ്ങാട്ട് പുത്തൻവീട്,

ഇരവിപേരൂർ, തിരുവല്ല

ഇത്രത്തോളം യഹോവ സഹായിച്ചു, ഇത്രത്തോളം ദൈവം ഞങ്ങളെ നടത്തി

*ആശംസകളോടെ, പ്രാർത്ഥനകളോടെ:*

*മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ,*

Advt -O

## ക്നാനായ കോൺഗ്രസ്



ക്നാനായ കോൺഗ്രസിന്റെ നേതൃത്വത്തിൽ ഓൺലൈൻ പഠന സൗകര്യം ഇല്ലാത്ത വിദ്യാർത്ഥികൾക്ക് നൽകുന്ന സ്മാർട്ട് ടി.വി. കളുടെ വിതരണ ഉദ്ഘാടനം ശ്രീ. രാജു എബ്രഹാം എം.എൽ.എ. നിർവ്വഹിക്കുന്നു. പ്രസിഡന്റ് ഫാ. ജേക്കബ് കല്ലുകുളം, റോയി പുത്തൻപുരയ്ക്കൽ, അനീഷ് തകിടിയിൽ, കൊച്ചുമോൻ ഒറ്റത്തൈയ്ക്കൽ, ബിനു കല്ലേമണ്ണിൽ, ജയമോൻ മേപ്രത്ത്, ബിബിൻ കല്ലംപറമ്പിൽ എന്നിവർ പ്രസംഗിച്ചു.

## 40 – ാം ചരമദിനം

11 – 07 – 2020



## മറിയാമ്മ തോമസ് (മറിയക്കുട്ടി)

ആനക്കാട്, പയറ്റുപാക്ക

മരണം 02 – 06 – 2020

| മക്കൾ | മരുമക്കൾ |
|---|---|
| റ്റി. തോമസ് (മോൻ) U.S.A | ജെസ്സി മണക്കാട്ട്, U.S.A |
| ജയിക്കബ് തോമസ്സ് | സുമ കുറ്റിയിൽ |
| പ്രസാദ് തോമസ്സ് (രേഖാ സ്റ്റോഴ്സ് ചിങ്ങവനം) | ഷൈല ചെട്ടിയാകുളം |
| ജാൻസി മാത്യു, കോളഭാഗത്ത് | തമ്പാൻ തോമസ് (മുൻ സമുദായ സെക്രട്ടറി) |

Advt - R

## അഭി. ഗീവർഗ്ഗീസ് മോർ സേവേറിയോസ് തിരുമേനിയുടെ 93 – ാമത് ശ്രാദ്ധപ്പെരുന്നാൾ



മലങ്കര സുറിയാനി ക്നാനായ സമുദായത്തിന്റെ പ്രഥമ മെത്രാപ്പോലീത്ത ഗീവർഗ്ഗീസ് മാർ സേവേറിയോസ് തിരുമേനിയുടെ ശ്രാദ്ധപ്പെരുന്നാളിനോടനുബന്ധിച്ച് കോട്ടയം സെന്റ് മേരീസ് സിറിയൻ ക്നാനായ വലിയ പള്ളിയിൽ **സമുദായ മെത്രാപ്പോലീത്ത അഭിവന്ദ്യ കുറിയാക്കോസ് മോർ സേവേറിയോസ് മെത്രാപ്പോലീത്ത** ധൂപപ്രാർഥന നടത്തുന്നു.




## 2 – ാം ചരമവാർഷികം

**29 – 07 – 2020**



# സി. പി. ജോസഫ് (രാജു)

**കോട്ടയ്ക്കൽ, കാരാപ്പുഴ**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - R

## നിത്യതയിൽ 5 – ാം വർഷം

**09 – 08 – 2020**



# ലില്ലിക്കുട്ടി അലക്സ്

**തെക്കുംതറ, ശ്രീകാര്യം, തിരുവനന്തപുരം**

"എൻ യേശു എനിയ്ക്കൊരുക്കി....
ഈ ഭവനം എത്ര മനോഹരമേ...."
ആ മനോഹര ഭവനത്തിൽ വീണ്ടും
കണ്ടു മുട്ടാമെന്ന പ്രത്യാശയോടെ

*പ്രിയപ്പെട്ടവർ*

Advt - O

## 5 – ാം ചരമവാർഷികം

**24 – 7 – 2020**



# കെ.പി. തമ്പി

**പുതിയാപറമ്പിൽ, ചിങ്ങവനം**

"നിത്യതയുടെ തീരത്തുകാണാമെന്നുള്ള
പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - R

## 13 – ാം ചരമവാർഷികം

**19 – 07 – 2020**



# കെ. പി. ഏബ്രഹാം

**കല്ലുകുഴിയിൽ, കവിയൂർ**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

Advt - R

**കഴിഞ്ഞ ലക്കം തുടർച്ച**



**ഫാ. ഡോ. ജയിംസ് തോടത്തിൽ**
(ഡയറക്ടർ, ക്നാനായ ഫാമിലി ഡയറക്ടറേറ്റ്)

# മാതൃകാ കുടുംബജീവിതം ദൈവശാസ്ത്ര-മനഃശാസ്ത്ര വീക്ഷണത്തിൽ

### Personal Meditation (വ്യക്തിപരമായ ധ്യാനം)

"അച്ചോ, കാനോനിക നമസ്ക്കാരം മാത്രം പോരല്ലോ, ദൈവത്തെ ധ്യാനിക്കുന്ന ഒരു അനുഭവം കൂടിയുള്ളപ്പോഴല്ലേ ദൈവാനുഭവം ഉണ്ടാകുന്നത്".

റ്റിജോയുടെ അർത്ഥപൂർണ്ണമായ ചോദ്യം കേട്ടപ്പോൾ അച്ചൻ അതിശയിച്ചുപോയി.

"തീർച്ചയായും, ദൈവത്തെ ധ്യാനിക്കുമ്പോഴാണ് ദൈവാനുഭവം ഉണ്ടാകുന്നത്. നമ്മുടെ പ്രാർത്ഥനകളെല്ലാം തന്നെ ധ്യാനമാണ്. അതിനാണ് അർത്ഥമറിഞ്ഞ് ചൊല്ലണമെന്ന് പറയുന്നത്. മാത്രമല്ല കാനോനിക നമസ്ക്കാരത്തിനുശേഷം വ്യക്തിപരമായി പ്രാർത്ഥിക്കുന്ന ശീലമുണ്ടാകണം. ദൈവത്തെ സ്തുതിക്കുവാനും ദൈവത്തിന് നന്ദി പറയാനും വ്യക്തിപരമായി നമ്മുടെ പാപങ്ങളെ ഏറ്റുപറ ഞ്ഞുപേക്ഷിക്കുവാനും നമ്മുടെ ആവശ്യങ്ങളെ സമർപ്പിച്ചു പ്രാർത്ഥിക്കുവാനും നമ്മെത്തന്നെ ദൈവതിരുഹിതത്തിനായി നൽകുവാനും ഈ അവസരം പ്രയോജനപ്പെടുത്തണം".

"അച്ചോ ഊണ് റെഡിയാണ്. ഊണു കഴിഞ്ഞതിനു ശേഷം നമ്മുടെ ചർച്ച തുടരാം".

ലിസ്സി നല്ല ഉത്സാഹത്തിലാണ്.

"കുട്ടികൾക്ക് കൊടുത്തിട്ട് നമുക്കെല്ലാവർക്കും ഒരുമിച്ചു കഴിക്കാം".

അച്ചന്റെ വാക്കുകളെ എല്ലാവരും ശരിവച്ചു.

"ഊണ് കഴിഞ്ഞാൽ ഐസ്ക്രീം കാണുമല്ലോ അല്ലേ".

രേഷ്മയുടെ കമന്റ് കേട്ട് ലിസി പറഞ്ഞു:

"പായസം മതിയാകുമോ"?

"ഓ മതിയെ" എല്ലാവരുംകൂടി പറഞ്ഞപ്പോൾ കോറസ് ആയി.

ഊണ് കഴിഞ്ഞ് എല്ലാവരും പ്രതീക്ഷിച്ചതിലും നേരത്തെ തന്നെ ഹാജരായി. രജനിയുടെ ചോദ്യത്തോടെയാണ് ഉച്ചകഴിഞ്ഞുള്ള സെക്ഷൻ ആരംഭിച്ചത്.

"അച്ചോ നമസ്കാരം തികയ്ക്കുക, പ്രാർത്ഥന തികയ്ക്കുക എന്നൊക്കെ പറയുന്നതിന്റെ ഉദ്ദേശം എന്താണ്"?

കടപ്പെട്ട പ്രാർത്ഥനകൾ അതാത് യാമങ്ങളിൽ നിറവേറ്റുക എന്നതാണ് ഇവിടുത്തെ ഉദ്ദേശം. ഒരു ചടങ്ങു നിർവ്വഹിക്കുക എന്നല്ല. ഒരു സത്യവിശ്വാസി പ്രാർത്ഥനകൾ ഹൃദയപരമാർത്ഥതയോടെ തികയ്ക്കണം. "നീതിമാന്റെ ശ്രദ്ധയോടുകൂടിയുള്ള പ്രാർത്ഥന ദൈവം കൈക്കൊള്ളും. ദൈവവുമായുള്ള വ്യക്തിപരമായ ബന്ധം സ്ഥാപിക്കുവാനുള്ള വഴിയാണ് പ്രാർത്ഥന. കുടുംബപ്രാർത്ഥന നിർബന്ധമാക്കുന്ന ഭവനങ്ങളിൽ നമസ്കാരം തികയ്ക്കുന്ന രീതിയുണ്ടാകും. അവിടുത്തെ കുഞ്ഞുങ്ങൾ ലോകത്തെവിടെ ചെന്നാലും സമയാസമയങ്ങളിൽ പ്രാർത്ഥനകൾ തികയ്ക്കും. പ്രാർത്ഥിക്കാതെ അവന് ഉറങ്ങുവാൻ കഴിയില്ല. പള്ളിയിൽ പോകാതിരിക്കുവാൻ കഴിയില്ല. പ്രാർത്ഥന നിഷ്കർഷിക്കുന്ന ഏതൊരു ഭവനവും ദൈവത്തോടൊപ്പം ആയിരിക്കും. നോമ്പുകാലത്തെ പ്രാർത്ഥനകൾ ദീർഘമാണ്. അതിന് സമയം കണ്ടെത്തി ചെറുപ്പകാലത്ത് തന്നെ ശീലിപ്പിച്ചാൽ എത്ര പ്രായമായാലും ആ ശീലം വിട്ടുമാറുകയില്ല.

ക്രിസ്തുകേന്ദ്രീകൃതമായ കുടുംബം പടുത്തുയർത്തുവാൻ പ്രാർത്ഥന കൂടിയേ തീരൂ. അറിഞ്ഞോ അറിയാതെയോ നമ്മുടെയുള്ളിലുള്ള സ്വാർത്ഥതയെ നിർമ്മാർജ്ജനം ചെയ്യുന്നതിന് പ്രാർത്ഥന അനിവാര്യമാണ്. നമ്മുടെയുള്ളിലെ 'അഹം' മരിക്കണം. സ്വയം വിട്ടുകൊടുക്കുവാനും തോറ്റുകൊടുക്കുവാനും തയ്യാറാകുമ്പോഴാണ് നമ്മുടെ ഉള്ളിലെ അഹം മരിക്കുന്നത്. ഇതിനു നമ്മെ പ്രാപ്തരാക്കുന്നത് പ്രാർത്ഥനാ ജീവിതമാണ്. പ്രാർത്ഥന ഒരു ബാധ്യതയായിട്ടോ ചടങ്ങായിട്ടോ കാണരുത്. സന്തോഷത്തോടെ നിർവ്വഹിക്കേണ്ട ഒന്നാണ് പ്രാർത്ഥന. നമ്മുടെ ലോകത്തിലുള്ള പിതാവിനോട് സംസാരിക്കുന്ന സ്വാതന്ത്ര്യത്തിലായിരിക്കണം പ്രാർത്ഥിക്കേണ്ടത്.

കർത്താവ് തന്റെ ശിഷ്യന്മാരെ പഠിപ്പിച്ച പ്രാർത്ഥനയാണ് കർതൃപ്രാർത്ഥന. നമ്മുടെ സകല പ്രാർത്ഥകളുടെയും സംക്ഷിപ്തരൂപമാണ് കർതൃപ്രാർത്ഥന. ആയതിനാൽ നമ്മുടെ എല്ലാ പ്രാർത്ഥനകളിലും കർതൃപ്രാർത്ഥന ചേർത്തു ചൊല്ലുന്നു. മാത്രമല്ല സഭയുടെ എല്ലാ പ്രാർത്ഥന



കളിലും കർതൃപ്രാർത്ഥനയുടെ ആശയം കാണുവാൻ കഴിയും. കർതൃപ്രാർത്ഥനയിൽ അടങ്ങിയിരിക്കുന്ന പ്രധാന ആശയങ്ങൾ:

1. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ എന്നു വിളിക്കുന്നതിനാൽ അപ്പനും മക്കളും തമ്മിലുള്ള ബന്ധമാണ് ദൈവവും നാമും തമ്മിലുള്ളത്.

2. ദൈവതിരുനാമം പരിശുദ്ധമാക്കപ്പെടേണമെ.

3. ദൈവരാജ്യം വരുവാൻ പ്രാർത്ഥിക്കുന്നു.

4. ദൈവതിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമെ എന്നു പറഞ്ഞാൽ ദൈവഹിതം നമ്മുടെ ജീവിതത്തിൽ നടക്കുവാൻ നാം പ്രാർത്ഥിക്കുന്നു.

5. ഞങ്ങൾക്ക് ആവശ്യമുള്ള അപ്പം തരേണമെ. ഇവിടെ അർത്ഥമാക്കുന്നത് ഒരു ദൈവപൈതലിന്റെ ഭൗതിക ആവശ്യങ്ങൾ ദൈവഹിതപ്രകാരം നടപ്പാക്കണം.

6. ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ക്ഷമിക്കണമേ. നമ്മുടെ പാപങ്ങൾക്ക് ക്ഷമ ലഭിക്കണമെങ്കിൽ നമ്മോട് തെറ്റു ചെയ്തവരോട് നാം ക്ഷമിക്കണം.

7. പരീക്ഷയിലേയ്ക്ക് ഞങ്ങളെ പ്രവേശിപ്പിക്കരുതെ. ദൈവം നമ്മെ പരീക്ഷിക്കുന്നില്ല. സാത്താന്റെ പ്രലോഭനങ്ങളിൽ അകപ്പെടാതിരിപ്പാനുള്ള സംരക്ഷണം നൽകണമെയെന്ന് പ്രാർത്ഥിക്കുകയാണ്. പിശാചിൽ നിന്നും ഞങ്ങളെ രക്ഷിക്കണമെ.

8. രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിനക്കുള്ളതാകുന്നു. ദൈവത്തിനു സ്തുതിയർപ്പിച്ചുകൊണ്ട് പ്രാർത്ഥന അവസാനിക്കുന്നു.

മുകളിൽ പറഞ്ഞിരിക്കുന്ന ആശയങ്ങൾ മൊത്തമായോ ഓരോന്നായോ നമ്മുടെ എല്ലാ പ്രാർത്ഥനകളിലും അടങ്ങിയിരിക്കുന്നു.

അബ്ബാ, പിതാവെ എന്നു വിളിക്കുവാനുള്ള പുത്രത്വത്തിന്റെ ആത്മാവിനെയത്രെ ദൈവം നമുക്കു നൽകിയിരിക്കുന്നത്. അതിനാൽ മക്കൾ പിതാവിനോടെന്നപോലെ നമുക്ക് ദൈവത്തോട് അപേക്ഷിക്കുവാനുള്ള അവകാശമുണ്ട്.

"അപ്പന് മക്കളോട് കരുണ തോന്നുന്നതുപോലെ യഹോവയ്ക്ക് തന്റെ ഭക്തന്മാരോട് കരുണ തോന്നുന്നു". മക്കൾ എന്ന അവകാശത്തിൽ നിന്നുകൊണ്ട് പ്രാർത്ഥിക്കണം. അവകാശത്തോടെ ചോദിക്കണം.

ചർച്ചകൾക്ക് ചൂട് പിടിച്ചപ്പോൾ സമയം പോയതറിഞ്ഞില്ല.

"അച്ചോ സമയം നാല് മണിയായി. കുട്ടികൾക്ക് നാളെ സ്കൂൾ ഉണ്ട്. നാളത്തേക്കുള്ള ക്രമീകരണങ്ങളൊക്കെ ചെയ്യണം. തൽക്കാലം ഞങ്ങൾ യാത്ര പറയട്ടെ. അച്ചന്റെ ക്ലാസ്സ് തുടർന്നു കേൾക്കുവാൻ ഞങ്ങൾക്ക് ആഗ്രഹമുണ്ട്"

സുമ തിരക്കു കൂട്ടിയപ്പോൾ ബിനു പറഞ്ഞു

"അച്ചോ ഒരു ഞായറാഴ്ച ഉച്ചകഴിഞ്ഞ് ഒരു ദമ്പതിധ്യാനം ക്രമീകരിച്ചാലോ. ഞങ്ങൾക്കു കുടുംബ ജീവിതത്തെക്കുറിച്ചും പേരന്റിംഗിനെക്കുറിച്ചും കൂടുതൽ അറിയണമെന്നുണ്ട്.

"സ്ത്രീ സമാജത്തിന്റെ ആഭിമുഖ്യത്തിലായാലോ?"

സജിനി അഭിപ്രായം പറഞ്ഞു.

"ആകട്ടെ. സൗകര്യപ്രദമായ ഒരു ഞായറാഴ്ച ഉച്ചകഴിഞ്ഞ് ഇരുപത്തിയഞ്ചിനും അൻപത്തിയഞ്ചിനും ഇടയിലുള്ള ഭാര്യാഭർത്താക്കന്മാരെ സംഘടിപ്പിച്ചുകൊണ്ട് ഒരു ദമ്പതിധ്യാനം നടത്താം".

അച്ചൻ സമ്മതിച്ചു.

ജോസഫിന്റെയും ലിസിയുടെയും മുഖം സംതൃപ്തിയാൽ വിടർന്നു. തങ്ങളുടെ പരിശ്രമം ഫലം കണ്ടെത്തിയതിലുള്ള ചാരിതാർത്ഥ്യം അവരുടെയുള്ളിൽ ഉണ്ടായി. തകർച്ചയുടെ വക്കിൽ നിൽക്കുന്ന എത്രയോ ഭവനങ്ങളിൽ ഒരുമയുടെയും ഐക്യത്തിന്റെയും ആത്മാവ് നിറയ്ക്കുവാൻ അച്ചന്റെ ജ്ഞാനം സഹായകമാകുമെന്ന് അവർക്കു മനസ്സിലായി. തങ്ങളുടെ ജീവിതം തിരിച്ചുപിടിക്കുവാൻ ദൈവം കനിഞ്ഞതിലുള്ള കൃതജ്ഞതയോടെ അവർ ദൈവത്തെ മഹത്വപ്പെടുത്തി.

(തുടരും)

# ക്നാനായത്തം- ഒരു ഉത്തരവാദിത്തം

ഫാ. ബിബിൻ ബേബി, തിരുനിലം
(വികാരി, സെന്റ് മേരീസ് ക്നാനായ സിറിയൻ ചർച്ച്, സിഡ്നി, ഓസ്ട്രേലിയ)

### ആമുഖം

ഈ ദിവസങ്ങളിൽ സാമൂഹ്യ മാധ്യമങ്ങളിൽ ഒത്തിരി യേറെ ചർച്ച ചെയ്യപ്പെടുകയും, തെറ്റായി വ്യാഖ്യാനിക്കപ്പെടുകയും ചെയ്ത ഒരു വിഷയം പുനഃർവായന ചെയ്യുന്നത് അനിവാര്യമായി തോന്നുന്നു. ക്രൈസ്തവ സമൂഹത്തിലെ തന്നെ ഏറ്റവും ചെറുതും എന്നാൽ പൊതുസമൂഹത്തിന് വലിയ സംഭാവനകൾ ചെയ്തിട്ടുള്ളതുമായ ക്നാനായ സമൂഹത്തെ ക്രിസ്തീയ തീവ്രവാദികൾ എന്ന് വ്യാഖ്യാനിച്ചു. ഇത് വളരെയേറെ ആശങ്ക ഉളവാക്കിയ പ്രയോഗമായിരുന്നു. ഒരു സമുദായത്തെ തന്നെ ഒറ്റപ്പെടുത്തുകയും കുറ്റപ്പെടുത്തുകയും ചെയ്ത ദൗർഭാഗ്യകരമായ സാഹചര്യത്തിനാണ് അത് വഴി വെച്ചത്. ലോകമെമ്പാടുമുള്ള ക്നാനായ സമുദായ അംഗങ്ങളിൽ അത്തരം പ്രയോഗം ആഴത്തിൽ മുറിവേൽപ്പിച്ചു. പല സാമൂഹ്യപ്രശ്നങ്ങളിലും ഇടപെടുകയും സാമൂഹ്യ നന്മയ്ക്കുവേണ്ടി ഇന്നും മുഖ്യധാരയിൽ നിന്ന് പ്രവർത്തിക്കുകയും ചെയ്യുന്ന ഈ സമുദായത്തെ അപകീർത്തിപ്പെടുത്തുവാൻ ശ്രമിച്ചപ്പോൾ ഇതരസമുദായങ്ങൾ മൗനം ദീക്ഷിച്ചത് ആശ്ചര്യത്തോടെയാണ് കാണുന്നത്.

ക്നാനായ സമുദായത്തിലെ പുതുതലമുറയിലേയ്ക്ക് സദ്ബോധം പകർന്നു നൽകേണ്ടവരിൽപോലും തങ്ങളുടെ ഈ ശുശ്രൂഷാ മനോഭാവത്തിന് അമാന്തം വരുത്തുവാൻ ഇത് കാരണമായോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ക്രൈസ്തവരും, ഇതര മതസ്ഥരും, തത്വവാദികളും, എന്തിന് നിരീശ്വര വാദികളായ സഹോദരങ്ങൾപോലും തങ്ങളുടെ പേനയ്ക്ക് മഷി നിറയ്ക്കുവാനും, ചിന്തകളെ ഉദ്ധീപിപ്പിക്കുവാനുമുള്ള ഒരു ആശയമായി ഇതിനെ കണക്കാക്കി. മേൽപ്പറഞ്ഞ തരത്തിലെ "തീവ്രവാദ" പ്രയോഗത്തോട് സാമൂഹ്യമാധ്യമങ്ങളിൽ ആളുകൾ നൽകിയ അഭിപ്രായം അത് വ്യക്തമാക്കുന്നുണ്ട്. ഈ സാഹചര്യമാണ് ഇത്തരം ഒരു ലേഖനം എന്ന ചിന്തയ്ക്ക് കാരണമായത്.

ഒരു തരത്തിലും, ഏതെങ്കിലും സാമൂഹ്യജീവിത സാഹചര്യങ്ങളെയോ, സാമൂഹ്യ ഘടനയെയോ, മതങ്ങളെയോ, സംസ്കാരത്തെയോ, അസ്വസ്ഥമാക്കാതെ നിലനിൽക്കുന്ന ഈ സമൂഹത്തിന്റെ ഹൃദയഭാവങ്ങളെ അറിയാതെ ചോദ്യശരങ്ങൾ എയ്തുകൊണ്ടും, ആക്ഷേപഹാസ്യ വിഷയമാക്കിയതുകൊണ്ടും എന്ത് നേടി? ന്യൂനപക്ഷത്തിലെ ഒരു ന്യൂനപക്ഷത്തെ, കുറച്ചേറെ സാമൂഹ്യജീവികളേ, ഒരു തലമുറയുടെ അഭിമാനത്തെ ക്രിയാത്മകമല്ലാത്ത ചില ചർച്ചകളിലേക്ക് വലിച്ചിഴച്ചു എന്നു മാത്രം. തിന്മകൾ മാത്രം ലക്ഷ്യമാക്കുന്ന മൂല്യങ്ങളില്ലാത്ത ഒരു ആശയം നിലനിൽക്കുന്നുവെങ്കിൽ അതിനെ ചോദ്യം ചെയ്യണം, വിമർശിക്കണം. എന്നാൽ ആരെയും കുത്തിനോവിക്കാതെ ജാതി-മത-വർണ്ണ ഭേദം കല്പിക്കാതെ പൊതുസമൂഹത്തിന്റെ ഭാഗമായി സമൂഹത്തിനുവേണ്ടി നിലനിൽക്കുന്ന ക്നാനായ സമൂഹം ചെയ്ത തെറ്റെന്ത്.......?

### ക്നാനായത്തം

ക്നാനായത്തം ഒരു സിദ്ധാന്തമോ, മത-തീവ്രവാദത്തിനുള്ള ആയുധമോ, ചിന്താപഥമോ അല്ല. അത് ക്നാനായക്കാർ (Knanites) എന്ന സ്വത്വബോധത്തിന്റെ ഭാവപ്രകടനമാണ്. ഒരിക്കലും അത് ഒരു വ്യക്തിയേയോ, സമൂഹത്തേയോ, ഇതിലേയ്ക്ക് വലിച്ചടുപ്പിക്കുവാനും കൂട്ടിച്ചേർക്കാനുമുള്ള പരിശ്രമവുമല്ല. എന്നാൽ ക്നാനായക്കാരന് ക്നാനായത്തം തങ്ങളുടെ സമൂഹത്തിലേയ്ക്കും, തലമുറകളിലേയ്ക്കും പകർന്നു നൽകേണ്ട ദീപനാളമാണ്, വെളിച്ചമാണ് (Lineage). ഇത് കേവലം ഒരു സ്വാർത്ഥ പ്രയോഗമല്ല മറിച്ച് തങ്ങൾ ഉൾപ്പെട്ടിരിക്കുന്ന ഒരു യാഥാർത്ഥ്യത്തെ ഉൾക്കൊണ്ടുകൊണ്ട് അതിനെ ഹൃദയം കൊണ്ട് ഏറ്റുപറയുവാനുള്ള അഭിലാഷമാണ്. ആ ഭാവത്തിന് ഒളിച്ചിരിക്കുവാനോ, ഒളിച്ചുവയ്ക്കുവാനോ സാധ്യമല്ല. കാരണം ക്നാനായത്തം ക്നാനായക്കാരന്റെ അസ്ഥിത്വമാണ്. ക്നാനായത്തം ഒരു മുൻഗണനയും പ്രതീക്ഷിക്കുന്നില്ല. സമൂഹത്തിൽ ഒരു വ്യക്തിയേയും പിൻതള്ളുന്നുമില്ല. ഇത് വലിയ ലോകത്തിലെ ഒരു ചെറിയ സമൂഹത്തിന്റെ നിലനിൽപ്പിന്റെ ഹൃദയമിടിപ്പാണ്. ചുരുക്കി പറഞ്ഞാൽ ഈ വലിയ സമൂഹത്തിൽ ഈ ചെറിയ സമൂഹവും നിലനിൽക്കുന്നു എന്ന എളിയ പ്രഖ്യാപനവുമാണ്.

### ക്രിസ്തീയത- ക്നാനായത്തം-മതാത്മകത

ക്നാനായക്കാർ ഏതൊരു സമുദായത്തേയുംപോലെ നമ്മുടെ പൊതുസമൂഹത്തിന്റെ അവിഭാജ്യ ഘടകമാണ്. ക്രൈസ്തവ സമൂഹത്തിലെ മാതൃകയുമാണ്. ഇത് ഞാൻ പറയുന്നതല്ല. പല സമുദായ നേതാക്കളും തങ്ങളുടെ അനുഭവങ്ങളുടെ വെളിച്ചത്തിൽ പൊതുവേദികളിൽ പ്രഖ്യാപിച്ചിട്ടുള്ളതാണ്. ക്രിസ്തീയത എന്നാൽ ക്നാനായത്തം എന്ന് അതിനർത്ഥമില്ല. അങ്ങനെ ക്നാനായക്കാർ അവകാശപ്പെട്ടിട്ടുമില്ല. പരി. സുറിയാനി ഓർത്തഡോക്സ് സഭയുടെ കീഴിലും, പരി. കത്തോലിക്കാ സഭയുടെ കീഴിലുമായി നിലനിൽക്കുന്ന സഹോദര കൂട്ടായ്മയാണ് അത്. ഒരിക്കലും ക്നാനായത്തം ക്രൈസ്തവ സമൂഹത്തിന്റെയോ, ഇതര മത വിഭാഗങ്ങളുടെയോ, സമുദായങ്ങളുടെയോ, സംഘടനകളുടെയോ ആത്മീയ, താത്വിക യാത്രകൾക്ക് തടങ്കൽപാറ ആയിട്ടില്ല. എന്നാൽ പുതിയ വഴികൾ തെളിച്ചവരും, കരം പിടിച്ച് കൂടെ നടന്നവരുമാണ്. ചരിത്രം പരിശോധിച്ചാൽ ക്രൈസ്തവ സമൂഹത്തിൽ സുവിശേഷവൽക്കരണത്തിന് അമരം പിടിച്ചവരും, പുതിയ ആശയങ്ങൾക്ക് തുടക്കം കുറിച്ചവരുമാണ് ക്നാനായക്കാർ. ക്നാനായത്തം മതാത്മകതയുടെ ഭാഗമായി രൂപപ്പെട്ട ഒരു ഫനാറ്റിസം ആയി വ്യാഖ്യാനിക്കുന്നത് ദൗർഭാഗ്യകരമാണ്. ക്നാനായത്തം ക്രിസ്തീയ വിശ്വാസത്തിൽ അടിയുറച്ച് നിൽക്കുന്ന ഒരു പ്രത്യേക സമുദായത്തിന്റെ പ്രത്യേകതകളാണ്.



പരി. സുറിയാനി സഭയിലാണെങ്കിലും, പരി. കത്തോലിക്കാ സഭയിലാണെങ്കിലും തങ്ങളുടെ സഭയിലെ വിശ്വാസ-ആചാര-അനുഷ്ഠാന-ശുശ്രൂഷാ കാര്യങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്നവരും സത്യവിശ്വാസികളുമാണ്. വ്യത്യസ്തത വിവാഹബന്ധങ്ങളുടെ കാര്യത്തിൽ മാത്രമാണ്. സ്വവംശ വിവാഹം എന്നത് ഈ സമൂഹത്തിന്റെ നിലനിൽപ്പിന്റെ സൂത്രവാക്യമാണ്. അതിനെ മതാത്മകത (Religiosity) എന്ന് വ്യാഖ്യാനിക്കാനാവില്ല.

ഒരു വ്യക്തി ക്നാനായക്കാരൻ ആവുക എന്നത് ജന്മം കൊണ്ടുമാത്രം സാധ്യമാകുന്ന കാര്യമാണ്. ഒരു ചെറിയ സമൂഹത്തിൽ ജനിച്ചതിൽ ക്നാനായക്കാർ അഭിമാനം കൊള്ളുകയും ചെയ്യുന്നു. പരി. സഭയുടെ സത്യവിശ്വാസത്തിൽ അഭംഗുരം തുടരുന്ന ക്നാനായ എന്ന സമൂഹത്തെ രൂപപ്പെടുത്തിയതും, നിലനിർത്തുന്നതും, ജീവനുള്ള ദൈവമാണ്. ആ നിത്യസത്യ ദൈവത്തിന്റെ കൃപയാലാണ് ഈ സമുദായം നിലനിൽക്കുന്നത്.

വിവാഹത്തോടനുബന്ധിച്ച ചില ചടങ്ങുകൾ പ്രത്യേകമായി നിലനിൽക്കുന്നതും, അത് ഇന്നും തുടർന്നു പോകുന്നതും ഒരു അഭിമാനഘടകവും, ആവേശവും, പ്രചോദനവുമാണ്. പ്രസ്തുത ചടങ്ങുകളിൽ വി.ഗ്രന്ഥത്തിലെ സംഭവങ്ങളും, സഭാചരിത്രവും ആണ് ഉൾക്കൊണ്ടിരിക്കുന്നത്. ഇതൊക്കെ ഈ ചെറിയ കുടുംബത്തിലെ വലിയ സന്തോഷാനുഭവങ്ങളാണ്.

എല്ലാ മാതാപിതാക്കളും തങ്ങളുടെ മക്കൾക്ക് എല്ലാം നൽകുന്നതുപോലെ ക്നാനായക്കാർ മക്കൾക്ക് തങ്ങളുടെ എല്ലാമെല്ലാമായ, ഹൃദയത്തുടിപ്പായ, ആത്മാവായ ക്നാനായത്തവും (lineage) പകർന്നു നൽകുന്നു. അതിനെ പരി. അപ്പസ്തോലിക സഭ അഭിമാനത്തോടെയാണ് നോക്കിക്കാണുന്നത്. ക്നാനായത്തത്തെക്കുറിച്ച് ഒട്ടും തന്നെ ആശങ്ക ഇല്ലാത്തതുകൊണ്ടാണ് പരി.സുറിയാനി-പരി.കത്തോലിക്കാ സഭകളുടെ തലവൻമാർ ''യൂണിവേഴ്സാലിറ്റി''എന്ന പൊൻതൂവൽകൊണ്ട് ക്നാനായ സമുദായത്തെ അലങ്കരിച്ചത്. ലോകത്തെവിടെ പോയാലും അവിടെയെല്ലാം പരി.സഭയുടെ കീഴിൽ ഒരു പ്രത്യേക സമൂഹമായി നിലനിൽക്കുവാനുള്ള അവകാശവും, സ്വാതന്ത്ര്യവുമാണത്. കാരണം ക്നാനായക്കാർ ഒരു പ്രത്യേക സമൂഹമായി നിലനിൽക്കേണ്ടത് പരി.സഭയുടെ ആവശ്യവുമാണ്. അതുകൊണ്ട് തന്നെ കാലാകാലങ്ങളിൽ അഭി.മെത്രാപ്പോലീത്താമാരെ വാഴിച്ച് പ്രത്യേകമായി ഈ സമുദായത്തെ ഇന്നും കരുതുന്നു.

**പൊതു സമൂഹം- ക്നാനായത്തം-തീവ്രവാദം**

വ്യക്തികളും, സമൂഹങ്ങളും അദ്വിതീയവും, അതിവിശിഷ്ടവും, മറ്റുള്ളവരിൽ നിന്നും വ്യത്യസ്തവുമാണ്. ആ വ്യത്യസ്തതയ്ക്ക് ഒരു സൗന്ദര്യവും വലിയ മൂല്യങ്ങളുമുണ്ട്. ആ വ്യത്യസ്തതയാണ് ഒരു സമൂഹത്തെ മറ്റൊന്നിൽ നിന്ന് വ്യത്യസ്ഥമാകുന്നതും, ഒരു പ്രത്യേകസമൂഹം എന്ന വിളിപ്പേരിന് യോഗ്യമാക്കുന്നതും. എന്നാൽ അവർ പൊതുസമൂഹത്തിന്റെ അവിഭാജ്യഘടകവുമാണ്.

ഒരു സാമൂഹ്യ ജീവി എന്ന നിലയിൽ ക്നാനായക്കാർ എന്നും പൊതുസമൂഹത്തോട് ചേർന്ന് നിൽക്കുന്നു. പൊതുസമൂഹത്തിനുവേണ്ടി നിലനിൽക്കുന്നു; ശബ്ദമുയർത്തുന്നു. അങ്ങനെയെങ്കിൽ ക്നാനായത്തം എന്നത് തീവ്രവാദമാണ് എന്ന് എങ്ങനെ പറയും. തീവ്രവാദം ക്നാനായക്കാരന്റെ തലക്കെട്ടല്ല. തീവ്രവാദി ഒരു ആശയത്തിന് വേണ്ടി എന്തും ചെയ്യാൻ തയ്യാറാകുന്നു. ക്നാനായക്കാരന് ഒരു ആശയമേ ഉള്ളൂ. അത് യേശുക്രിസ്തു എന്ന നിത്യസത്യദൈവമാണ്.

ഒരു വ്യക്തിയെ നിർബന്ധിച്ച് ക്നാനായക്കാരൻ ആക്കുവാൻ സാധിക്കില്ല. കാരണം അത് ജന്മം കൊണ്ട് മാത്രം സാധ്യമാകുന്നതാണ്. അപ്പോൾ ക്നാനായക്കാരനെ സത്യക്രിസ്ത്യാനിയായി കാണാതെ, ക്രൈസ്തവരിലെ ഒരു പ്രത്യേക സമൂഹമായി കാണാതെ, ഒരു സമുദായമായി കാണാതെ തീവ്രവാദിയും, അഹങ്കാരിയുമായി ചിത്രീകരിക്കുന്ന മനോഭാവമല്ലേ തീവ്രവാദം..?

സാമൂഹ്യനന്മയ്ക്ക് വേണ്ടി ഈ സമുദായം ചെയ്ത നന്മകളെ ഓർത്തെടുത്താൽ ഇങ്ങനെ ചിന്തിക്കാനാവില്ല. മധ്യതിരുവിതാംകൂറിൽ സുറിയാനി ക്രിസ്ത്യാനിക്ക് ഉണ്ടായിരുന്ന സ്ഥാനം ഒരു മുതലാളിത്ത മുഖത്തിന്റേതായിരുന്നില്ല. മറിച്ച് ഒരു മൂല്യത്തിന്, ക്രിസ്തീയതയ്ക്ക് നൽകിയ അംഗീകാരം ആയിരുന്നു. അതിന് ക്നാനായ സമൂഹം നൽകിയ നന്മകളെ ഓർത്താൽ നന്ന്.

പരി.സഭയുടെ സുവിശേഷ ചൈതന്യത്തെ ഉൾക്കൊണ്ട് സുവിശേഷീകരണം അതിന്റെ പൂർണ്ണ അർത്ഥത്തിൽ സാമൂഹ്യ നന്മയെ ലക്ഷ്യമാക്കി നിർവ്വഹിച്ചതിൽ മുഖ്യപങ്ക് വഹിച്ചവരായിരുന്നു ക്നാനായക്കാർ. അതിന് ഇന്നും ജീവിക്കുന്ന തെളിവുകൾ ഉണ്ട്.

പരിസ്ഥിതിയെ അതിലോല പ്രദേശം (Ecologically Sensitive Area) എന്ന് വിളിച്ച് പ്രകൃതിക്ക് വേണ്ടി ശബ്ദം ഉയർത്തുന്ന പ്രകൃതി സ്നേഹികളെപ്പോലെ പൊതുസമൂഹം ചിന്തിക്കണം. തലമുറകൾക്ക് പാഠമാകുവാൻ, ദൈവം അവശേഷിപ്പിച്ച തിരുശേഷിപ്പായ ഈ സമൂഹത്തെ നിലനിർത്തുവാൻ അതിന്റെ ശോഭ നഷ്ടപ്പെടാതിരിക്കുവാൻ മാധ്യമങ്ങളും, സംഘടനകളും ശബ്ദമുയർത്തണം. അതിന് ക്നാനായത്തം എന്നത് "കണ്ണിലെ കരട്" എന്ന ധാരണയല്ലാതായി മാറണം. നാം ഉൾപ്പെടുന്ന പൊതുസമൂഹത്തിൽ ചെറിയ സമൂഹങ്ങളുണ്ട്. അവർക്ക് വിവിധങ്ങളായ ആചാരങ്ങളുണ്ട്, അനുഷ്ഠാനങ്ങളുണ്ട്. അവയെ സംരക്ഷിക്കുന്നുമുണ്ട്. അതേപോലെ ക്നാനായത്തം സംരക്ഷിക്കേണ്ട ഉത്തരവാദിത്വം ക്നാനായക്കാർക്ക് മാത്രമല്ല പൊതുസമൂഹത്തിനുമുണ്ട്.

വലിയ സമൂഹത്തിലെ ചെറിയ സമൂഹമെങ്കിലും ഒരു തരത്തിലുമുള്ള റിസർവേഷനും വേണ്ടി ഈ സമൂഹം മുറവിളി കൂട്ടിയിട്ടില്ല. ആവശ്യമില്ലാഞ്ഞിട്ടല്ല. ഇതുവരെ കരുതിയ സത്യദൈവം കൈവിടില്ല എന്നുറപ്പുള്ളതുകൊണ്ടാണ്. പൂർവ്വപിതാക്കൻമാർ ഞങ്ങൾക്ക് വേണ്ടി കെട്ടിത്തന്ന ക്നാനായത്തം എന്ന സംരക്ഷണവേലി എന്തിന് കെട്ടി എന്ന് നിങ്ങൾ മനസ്സിലാക്കിയിരുന്നു എങ്കിൽ ഈ കഠിന പ്രയോഗങ്ങൾ പ്രയോഗിക്കുമായിരുന്നില്ല. അത് അറിഞ്ഞിരുന്നുവെങ്കിൽ ഈ വേലി ഉയർത്തിക്കെട്ടി ചായം പൂശി അതിനെ അലങ്കരിച്ചേനേ...ഇതൊരു തീവ്രവാദമല്ല ഇതൊരു തീവ്രസ്നേഹത്തിന്റെ മുഖമുദ്രയാണ്.

**ക്നാനായത്തം-ഉത്തരവാദിത്തം**

പ്രിയ ക്നാനായ സഹോദരരോട്........

നമ്മുടെ ജീവിത വഴികളിൽ ആർക്കെങ്കിലും ഇടർച്ച വരുത്തിയിട്ടുണ്ടെങ്കിൽ അത് വിചിന്തനം ചെയ്യുവാനുള്ള അവസരമാണിത്. ഒരു കാര്യം ഉറപ്പാണ് ക്നാനായസമുദായം ആരെയും മുറിവേൽപ്പിക്കാൻ പരിശ്രമിച്ചിട്ടില്ല. വ്യക്തിപരമായ ഇടപെടലുകൾ പരിശോധിക്കപ്പെടണം. പൊതുസമൂഹത്തിലെ കൂടിക്കാഴ്ചകളെ, കൂട്ടായ്മകളെ ദൈവാനുഭവ നിമിഷങ്ങളാക്കുന്നതിന് പകരം, സ്നേഹം പങ്കുവയ്ക്കുന്ന വേദികളാക്കുന്നതിന് പകരം കലഹത്തിലും, അസൂയയിലും, പൊങ്ങച്ചത്തിലും അവസാനിക്കുന്ന വർത്തമാന കാലത്തെ മറ്റു പല കൂടിക്കാഴ്ചകൾ പോലെയായി മാറുന്നുണ്ടോ? അനുദിന കണ്ടുമുട്ടലുകളിൽ വലുപ്പചെറുപ്പം തിരയുന്നുവോ? കൂടിവരവുകൾ അനാരോഗ്യപരമായ മത്സരങ്ങൾക്ക് വേദിയാവുന്നുവോ? മരണ ദു:ഖത്തേക്കാൾ കഠിനമായ സാമൂഹ്യ തരംതിരിവുകൾക്ക് വഴിവച്ചിട്ടുണ്ടോ? ഓരോ വ്യക്തികളും ആത്മപരിശോധന ചെയ്യണം.

ക്നാനായ സമുദായം ഒരിക്കലും മേൽപ്പറഞ്ഞവിധമുള്ള മനോഭാവത്തിന് കൂട്ടുനിൽക്കില്ല, നിന്നിട്ടുമില്ല. ക്നാനായത്തം ഒരു ഉത്തരവാദിത്വം ആണ് കേവലം ഒരു പിടി ആചാരങ്ങളല്ല. ക്നാനായത്തം സ്വർഗ്ഗത്തിലേക്ക് പോകുവാനുള്ള ഒരു വിസാ അല്ല മറിച്ച് സുവിശേഷം ജീവിതത്തിൽ പ്രാവർത്തികമാക്കി കാണിക്കുവാനുള്ള ഉത്തരവാദിത്തമാണ്. ഒരു നല്ല ക്നാനായക്കാരനാവുക എന്നതല്ല നമ്മുടെ ജീവിത ലക്ഷ്യം. മറിച്ച് ക്രിസ്തുവിന് സാക്ഷ്യം നൽകുന്ന നല്ല ക്നാനായക്കാരനാവുക എന്നതാണ്. ഈ തനിമയിൽ അഹങ്കരിക്കുക എന്നതല്ല നമ്മുടെ ഉത്തരവാദിത്വം മറിച്ച് നൂറുശതമാനം വിശ്വസ്തതയോടെ പുതിയ തലമുറയെ ഇത് ഭരമേല്പിക്കുക എന്നതാണ്. വികല സാക്ഷ്യത്തിന്റെ ഒരംശവും നമ്മുടെ ഇടയിൽ ഇല്ലാതിരിക്കട്ടെ. ക്നാനായത്തത്തിന് മൂല്യമുണ്ടാകുന്നത് ക്നാനായക്കാരുടെ ജീവിതം കണ്ടിട്ടാണ്. ഈ ജന്മാവകാശം സംരക്ഷിക്കുവാനല്ലാതെ വില്പന നടത്തുവാൻ നമുക്കവകാശമില്ല. ക്നാനായത്തം ക്നാനായക്കാർക്ക് ദൈവത്തോടും, പൊതുസമൂഹത്തോടും, സമുദായത്തോടുമുള്ള ഉത്തരവാദിത്വവും സാക്ഷ്യവും ആണെങ്കിൽ ക്നാനായത്തം പൊതു സമൂഹത്തിന് സംരക്ഷിക്കേണ്ട സംസ്കാരവും, സമൂഹവും, നല്ല കൂട്ടുകാരുമാണ്.

**ഉപസംഹാരം**

വിലകൂടിയ രത്നങ്ങൾ എന്തുകൊണ്ടാണ് വിലയുള്ളതായി നിലനിൽക്കുന്നത്? അതിന്റെ നിക്ഷേപം ഭൂമിയിൽ വളരെ കുറവായതുകൊണ്ടാണ്. അതുകൊണ്ടുതന്നെ ലോകം അതിന് മൂല്യം കല്പിക്കുന്നു. അമൂല്യമായി ഗണിക്കുന്നു. അതുപോലെയാണ് ക്നാനായത്തം. ക്നാനായ സമൂഹത്തെ മൂല്യമുള്ളതാക്കുന്നത് പൊതുസമൂഹം അതിന് വില കല്പിക്കുമ്പോഴാണ്, വില കല്പിച്ചതുകൊണ്ടാണ്. എന്നാൽ ഈ രത്നത്തിന് ഒരിക്കലും ഒറ്റയ്ക്ക് മനോഹാരിത നൽകാനാവില്ല. ഈ രത്നം മറ്റ് രത്നങ്ങളോട് ചേർന്ന് ആഭരണമായി മാറുമ്പോഴാണ് അത് അണിയുന്ന സമൂഹം മനോഹരമാകുന്നത്. ആ ആഭരണത്തിൽ ഒരു രത്നം കുറഞ്ഞാലും അതിന്റെ ഭംഗി കുറയും. ആ ചേർന്നു നിൽപ്പിൽ ഒരു രത്നത്തിന്റെ വിലയും നിലയും അഴിഞ്ഞ് പോകുന്നുമില്ല.

പ്രിയരെ, ഇത് അഹങ്കാരത്തിന്റെ തലക്കെട്ടല്ല. ഒരു ചെറിയ സമൂഹത്തിന്റെ സ്വത്വഭാവമാണ്. ഇടർച്ചകൾ ഒഴിവാക്കി പരസ്പരം സ്നേഹത്തിലും സാഹോദര്യത്തിലും തുടരാം.

# നിത്യഭവനം ഒരു യാഥാർത്ഥ്യം

**ഫാ. സിജിൽ ജോസ് വിലങ്ങൻപാറ**

അമേരിക്കൻ പ്രസിഡന്റായിരുന്ന തിയഡോർ റൂസ്‌വെൽറ്റ് ആഫിക്കയിൽ നായാട്ടു വിനോദത്തിനായി പോയതായിരുന്നു. തിരികെ വന്ന അദ്ദേഹത്തിന്റെ കപ്പൽ ന്യൂയോർക്ക് തുറമുഖത്തെത്തി. ജനങ്ങളും ഉദ്യോഗസ്ഥരുമെല്ലാം വലിയ ആർപ്പുവിളികളോടും ആഹ്ലാദത്തോടും കൂടിയാണ് നായാട്ടു കഴിഞ്ഞെത്തിയ പ്രസിഡന്റിനെ സ്വീകരിച്ചത്. എന്നാൽ ആ കപ്പലിൽ 10 വർഷത്തോളം ആഫ്രിക്കയിലെ പാവപ്പെട്ട ജനങ്ങൾക്കിടയിൽ സുവിശേഷപ്രവർത്തനങ്ങൾ നടത്തിയ ഒരു സാധു മിഷനറിയുമുണ്ടായിരുന്നു. കപ്പലിൽ നിന്നും ഇറങ്ങിയ അദ്ദേഹം നാലുപാടും നോക്കി. തന്നെ സ്വീകരിക്കുവാൻ ആരും എത്തിയിട്ടില്ല. അദ്ദേഹത്തിന്റെ ഹൃദയം നിരാശയും സങ്കടവും കൊണ്ടു നിറഞ്ഞു. 10 ദിവസം മൃഗങ്ങളെ വേട്ടയാടാൻ പോയ പ്രസിഡന്റിന് രാജകീയ വരവേല്പ്. പത്തുവർഷം ആത്മാക്കളെ നേടാനായി കഷ്ടപ്പെട്ട തന്നെ സ്വീകരിക്കുവാൻ ഒരു മനുഷ്യനുമില്ല! ഇതെന്തു നീതി. അനേക വർഷങ്ങൾക്കുശേഷം സ്വന്തം വീടിനെയും വീട്ടുകാരെയും സന്ദർശിക്കാനെത്തിയ ആ മിഷനറിയ്ക്ക് ദൈവത്തോട് ഒരുപാടു പരാതി പറയാൻ തോന്നി. പരാതികളുടെയും പിറുപിറുക്കലുകളുടെയും ഒടുവിൽ ദൈവത്തിന്റെ ശബ്ദം അദ്ദേഹത്തിന്റെ ഹൃദയത്തിൽ ഇങ്ങനെ മുഴങ്ങി.

"നീ ഇനിയും നിന്റെ വീട്ടിൽ എത്തിച്ചേർന്നിട്ടില്ല" അതു കേട്ട മിഷനറിയുടെ ദുഃഖം സന്തോഷമായി മാറി. അതെ തന്റെ യഥാർത്ഥ ഭവനം സ്വർഗ്ഗമാണ്. അവിടെയെത്തുമ്പോഴാണ് തന്റെ ജീവിതം മാനിക്കപ്പെടുകയും സ്വാഗതം ചെയ്യപ്പെടുകയും ചെയ്യുക. നിത്യതയ്ക്കുവേണ്ടി ജീവിക്കുന്നവർ ഈ ലോകത്തിന്റെ ആദരവും അംഗീകാരവും കിട്ടാതെപോകുന്നതിൽ നിരാശപ്പെടരുത്. നമ്മുടെ പ്രതിഫലം സ്വർഗ്ഗത്തിലാണ്.

പ്രിയമുള്ളവരെ വി. പൗലോസ് അപ്പോസ്തോലൻ പറഞ്ഞു "ഈ ജീവിതത്തിനുവേണ്ടി മാത്രം ക്രിസ്തുവിൽ പ്രത്യാശവെച്ചിട്ടുള്ളവരാണെങ്കിൽ നമ്മൾ എല്ലാ മനുഷ്യരേയുംകാൾ നിർഭാഗ്യരാണ്" (1 കോരി 15:9). അതായത് മരണശേഷം ഒരു ജീവിതമുണ്ടെന്നും അതിലാണ് പ്രത്യാശവെക്കേണ്ടതെന്നും ശ്ലീഹാ വ്യക്തമാക്കുന്നു.

ഒരു പെൺകുട്ടിയുടെ ജീവിതാനുഭവം ഇപ്രകാരമായിരുന്നു. ഒരു കാറപകടത്തിൽപെട്ട് അവളുടെ രണ്ട് കണ്ണുകളുടെയും കാഴ്ചശക്തി പൂർണ്ണമായും നഷ്ടപ്പെട്ടു. തന്മൂലം അവൾ വളരെ നിരാശയിലും ദുഃഖത്തിലുമായി വളരെനാൾ തള്ളി നീക്കി. എന്നാൽ ഏറെ നാളുകൾക്കുശേഷം അവൾ യേശുവിനെ അറിഞ്ഞു കഴിഞ്ഞപ്പോൾ അവളുടെ ദുഃഖവും നിരാശയും മാറി അവൾ സന്തോഷവും പ്രത്യാശയും കൊണ്ടു നിറഞ്ഞു. ആ പെൺകുട്ടിയുടെ വാക്കുകൾ ഇപ്രകാരമായിരുന്നു.



“ഇത്രയും ചെറുപ്രായത്തിൽ എന്റെ കണ്ണുകളുടെ കാഴ്ച ശക്തി നഷ്ടപ്പെട്ടു എന്നത് എനിക്കൊരു വലിയ ആഘാതമായിരുന്നു. എന്നാൽ അതെന്നെ യേശുവിലേക്കടുപ്പിച്ചു. യേശുവിനെ അറിഞ്ഞപ്പോൾ ഈ ജീവിതം മരണത്തോടെ അവസാനിക്കുന്ന ഒന്നല്ല എന്നെനിക്ക് മനസ്സിലായി. സ്വർഗ്ഗവും നരകവും ഉണ്ടെന്ന ബോധ്യം സ്വർഗ്ഗത്തിലെ നിത്യമായ സന്തോഷത്തിനായുള്ള ആഗ്രഹം എന്നിൽ ജനിപ്പിച്ചു. നിത്യമായ സന്തോഷം എന്നെ കാത്തിരിക്കുമ്പോൾ കണ്ണുകളുടെ അന്ധത നൽകുന്ന ദുഃഖം നിസ്സാരമാണെന്നെനിക്ക് തോന്നി. കണ്ണുണ്ടായിരുന്നെങ്കിൽ യഥാർത്ഥ സ്വർഗ്ഗത്തെ ഞാൻ നഷ്ടപ്പെടുത്തുകയും ഈ ലോകത്തിൽ സ്വർഗ്ഗം തീർക്കാനായി എന്റെ ജന്മം പാഴാക്കിക്കളയുകയും ചെയ്തേനെ.

നമ്മളൊക്കെ മരിച്ചവരെ ഓർക്കുകയും വിശുദ്ധരെ ആദരിക്കുകയും ചെയ്യുന്നവരാണ്. ഇതെല്ലാം ചെയ്യുമ്പോഴും മരണത്തിനപ്പുറമുള്ള ജീവിതം ഒരു യാഥാർത്ഥ്യമായി നമുക്കനുഭവപ്പെടാറുണ്ടോ? ഈ ലോകത്തിന്റെ വേദനകളിലും കാഴ്ചപ്പാടുകളിലും നാം നിരാശപ്പെട്ടു പോകുന്നതിന്റെ ഒരു കാരണം സ്വർഗ്ഗത്തെക്കുറിച്ചുള്ള ബോധ്യമില്ലായ്മയാണ്.

ഇംഗ്ലണ്ടിലെ ഹെൻറി എട്ടാമന്റെ ചാൻസിലറായിരുന്നു വി. തോമസ് മൂർ. ഭാര്യ ജീവിച്ചിരിക്കെ മറ്റൊരാളെ വിവാഹം ചെയ്യാൻ മാർപാപ്പ അനുവദിക്കാത്തതിന്റെ ദേഷ്യത്തിൽ രാജാവ് റോമാ സിംഹാസനത്തിലെ പോപ്പുമായുള്ള ബന്ധം വിച്ഛേദിച്ചുകൊണ്ട് സഭയുടെ തലവൻ താൻ തന്നെയാണെന്നു പ്രഖ്യാപിച്ചു. എന്നാൽ തോമസ് മൂർ ഇതംഗീകരിക്കാൻ കൂട്ടാക്കിയില്ല. അതിനാൽ അദ്ദേഹം ജയിലിൽ അടയ്ക്കപ്പെട്ടു. ഏതാനും നാളുകൾക്കുശേഷം ജയിലിൽ തോമസ് മൂറിനെ സന്ദർശിക്കാനെത്തിയ ഭാര്യ അദ്ദേഹത്തോട് ചോദിച്ചു.

“അങ്ങ് എന്തിനാണ് മൂട്ടയും എലിയും നിറഞ്ഞ ഈ തടവറയ്ക്കുള്ളിൽ കിടന്നു വിഷമിക്കുന്നത്? വൈദികരും മെത്രാന്മാരും രാജാവിനെ സഭയുടെ തലവനായി സ്വീകരിച്ചു കഴിഞ്ഞു. പിന്നെന്തുകൊണ്ടാണ് അൽമായനായ അങ്ങുമാത്രം അതംഗീകരിക്കാതിരിക്കുന്നത്? ഇതാ...... നമ്മുടെ വീട് അങ്ങേക്കുവേണ്ടി കാത്തിരിക്കുകയാണ്” ഇതിന് അദ്ദേഹത്തിന്റെ മറുപടി ഇപ്രകാരമായിരുന്നു “ഈ തടവറയെക്കാളും നമ്മുടെ വീട് സ്വർഗ്ഗത്തോടടുത്താണോ. ഈ തടവറയെപ്പോലെ തന്നെ അവിടെയും മരണത്തിന് എന്നെ വന്നുകൊണ്ടു പോകാൻ കഴിയില്ലേ? അദ്ദേഹം വീട്ടിലേയ്ക്ക് പോയില്ല. രാജാവിനെ സഭാതലവനായി സ്വീകരിച്ചുമില്ല. അദ്ദേഹം ശിരച്ഛേദനം ചെയ്യപ്പെട്ടു. നിത്യത അവകാശമാക്കുകയും ചെയ്തു.

നമ്മൾ ഗൗരവമായി ചിന്തിക്കേണ്ട ഒരു വസ്തുത തോമസ് മൂറിന്റെ ചോദ്യത്തിലുണ്ട്. നമ്മുടെ ജീവിതം സ്വർഗ്ഗത്തോട് അടുത്താണോ? എന്നെ സ്വർഗ്ഗത്തിലേക്ക് അടുപ്പിക്കുന്ന വഴിയിലൂടെയാണോ ഞാൻ യാത്ര ചെയ്യുന്നത്.

ഓരോ വർഷവും കടന്നു പോകുമ്പോൾ ശിശു മുതൽ വൃദ്ധർ വരെ നിത്യതയിലേയ്ക്ക് ഒരു പടി കൂടി അടുത്തുകൊണ്ടിരിക്കുന്നു. ഏതൊരു യാത്രയ്ക്കും ഒരു അവസാനമുണ്ട്. അതിനാൽ ജീവിതയാത്രയ്ക്കും ഒരു അവസാനമുണ്ടെന്നുള്ളത് തീർച്ചയാണ്. എന്നാൽ പലപ്പോഴും എങ്ങാട്ടാണ് യാത്ര പോകുന്നതെന്ന നിശ്ചയമില്ലാത്തവരാണ് ലോകത്തിലെ ബഹുഭൂരിപക്ഷം ജീവിതങ്ങളും. ജനിച്ചതുകൊണ്ട് ജീവിക്കുന്നു, എങ്ങനെയെങ്കിലുമൊക്കെ ജീവിക്കുന്നു, പക്ഷേ എന്തിനാണെന്നറിയില്ല. ഈ അറിവില്ലായ്മയാണ് വ്യക്തിയുടെയും സമൂഹത്തിന്റെയും ജീർണ്ണതയ്ക്കു പ്രധാന കാരണം. നിത്യമായ മരണത്തിനുശേഷമുള്ള ജീവിതത്തെക്കുറിച്ചുള്ള ഈ ജ്ഞാനക്കുറവാണ് ലോകസുഖങ്ങളാകുന്ന ക്ഷണികതകളിൽ മനസ്സുടക്കുന്നതിന്റെ കാരണവും. അനശ്വര ജീവനെക്കുറിച്ചുള്ള അറിവ് കൂടുന്തോറും ജീവിതത്തിലും കാഴ്ചപ്പാടുകളിലും ബന്ധങ്ങളിലും വ്യതിയാനങ്ങളുണ്ടാകും.

1915 ൽ തന്റെ 79-ാം വയസ്സിൽ സുറിയാനിസഭയുടെ രക്തസാക്ഷിയായ മെത്രാപ്പോലീത്തായാണ് മോർ അത്താനാസിയോസ് ദൻഹോ. യേശുക്രിസ്തുവിനെ നിഷേധിക്കാനും ഇസ്ലാംമതം സ്വീകരിക്കാനും വിസമ്മതിച്ചതിന്റെ പേരിൽ തുർക്കി-ഓട്ടോമൻ പട്ടാളക്കാരാൽ അറസ്റ്റു ചെയ്യപ്പെടുകയും മാരകമായി പീഡിപ്പിക്കപ്പെടുകയും ചെയ്തശേഷം അദ്ദേഹത്തെ കല്ലെറിഞ്ഞു കൊന്നുകളഞ്ഞു. ഇതുപോലെ ആയിരക്കണക്കിനു പുരോഹിതന്മാരും മെത്രാന്മാരും ജനങ്ങളും സുറിയാനി സഭയിൽ യേശുനാഥനായി രക്തസാക്ഷികളായി മാറി. എന്തിനുവേണ്ടി അവർ രക്തസാക്ഷിത്വം സ്വീകരിച്ചു. അതിനുള്ള കാരണം യേശുനാഥനോടുള്ള അഗാധമായ സ്നേഹവും സ്വർഗ്ഗത്തെക്കുറിച്ചും നിത്യജീവനെക്കുറിച്ചുമുള്ള യഥാർത്ഥ അറിവുകൊണ്ടുമായിരുന്നു. ആദിമ നൂറ്റാണ്ടിൽ, പീഢനങ്ങളുടെ മദ്ധ്യത്തിലും സഭ തളരാതെ നിന്നത് ഈ ബോധ്യം ഉള്ളതുകൊണ്ടായിരുന്നു.

**ഉപസംഹാരം**

ഈജിപ്റ്റിലെ ക്രൂരപീഡനങ്ങൾ മൂലമാണ് ഇസ്രായേൽ ജനം ആ ദേശം ഉപേക്ഷിച്ചുപോരാനും കാനാൻ ദേശത്തേക്ക് മരുഭൂമിയിലൂടെ യാത്രതിരിക്കാനും പ്രേരണ കിട്ടിയത്. അതിനാൽ രോഗങ്ങളും ദുരിതങ്ങളും മൂലം ഈ ലോകജീവിതം ദുസഹമായിത്തീരുമ്പോഴും നാം നിരാശപ്പെടരുത്. ഈ ലോകജീവിതത്തെ സ്വർഗ്ഗതുല്യമാക്കി മാറ്റാനല്ല യേശു കുരിശിൽ മരിച്ചത്. പ്രത്യുത യഥാർത്ഥ സ്വർഗ്ഗത്തിലേയ്ക്ക് മനുഷ്യമക്കൾക്ക് പ്രവേശനം നൽകാനാണ്. ആ സ്വർഗ്ഗമാണ് നമ്മുടെ ലക്ഷ്യം. സ്വർഗ്ഗത്തേക്കുറിച്ചുള്ള ഓർമ്മകൾ ഈ ലോകത്തിലെ നമ്മുടെ മടുപ്പും തളർച്ചയും നീക്കിക്കളയും. നമുക്ക് പ്രത്യാശയും സന്തോഷവും അതു പ്രദാനം ചെയ്യും. കർത്താവിൽ പ്രിയമുള്ളവരെ എപ്പോഴും നമുക്ക് ഓർമ്മിക്കാം. സ്വർഗ്ഗവും, നരകവും യാഥാർത്ഥ്യമാണെന്നുള്ള വസ്തുത. “ഞാൻ നന്നായി പൊരുതി, എന്റെ ഓട്ടം പൂർത്തിയാക്കി; എന്റെ വിശ്വാസം കാത്തു. എനിക്കായി നീതിയുടെ കിരീടം ഒരുക്കിയിരിക്കുന്നു (2 തീമോ. 4:7-8) എന്ന് നമുക്ക് പറയുവാൻ സാധിക്കട്ടെ.

# ജന്മദിനം

ഏബ്രഹാം കല്ലിശ്ശേരി

ഇത് സ്വപ്നമോ യാഥാർത്ഥ്യമോ. ചുറ്റിനും ധാരാളം സുഹൃത്തുക്കളും ബന്ധുക്കളും. കൊച്ചുമോൻ, പ്രേം, കുഞ്ഞ്, സുബി, സുനു. എല്ലാം പരിചിതമുഖങ്ങൾ. ഒപ്പം അവരുടെ കുടുംബവുമുണ്ട്. ചിലർ പ്രസംഗിക്കുന്നു. മറ്റു ചിലർ ബൊക്ക തരുമ്പോൾ കൊച്ചുകുട്ടികൾ പൂച്ചെണ്ടുകൾ സമ്മാനിക്കുന്നു. പറയുന്നതെല്ലാം എന്നെക്കുറിച്ചുള്ള നല്ല കാര്യങ്ങൾ മാത്രം. അപ്പോൾ എനിക്കൊരു സംശയം. ഞാൻ മരിച്ചതാണോ? മരിക്കുമ്പോഴാണല്ലോ ഒരാളെക്കുറിച്ച് നല്ല കാര്യങ്ങൾ മാത്രം പറയുന്നത്. എല്ലാവരും ഒത്തുചേർന്ന് 'ഹാപ്പി ബർത്ത്ഡേ' ആശംസിച്ചപ്പോഴാണ് സ്ഥലകാല ബോധം കൈവന്നത്. ആലോചിച്ചുനോക്കി. ഞാനെങ്ങനെയിവിടെയെത്തി. ഇങ്ങനെയൊന്നും ഒരിക്കലും ആഗ്രഹിച്ചിട്ടില്ല. പ്രതീക്ഷിച്ചതുമില്ല. ഏറെനാളായി ആഗ്രഹിക്കുന്നു. അടുത്തുള്ള അനാഥാലയത്തിലെ അന്തേവാസികൾക്ക് ഒരു നേരത്തെ ഭക്ഷണം കൊടുക്കണമെന്ന്. അത് ഇന്ന് ആയിക്കൊള്ളട്ടെന്ന് ഭാര്യ പറഞ്ഞപ്പോൾ സമ്മതിച്ചു. അപ്പോഴാണ് ആ ഇന്നിന്റെ പ്രാധാന്യം ഞാനോർത്തത്. ആഘോഷങ്ങൾ എനിക്കിഷ്ടമല്ലെന്ന് അവൾക്കറിയാം. അതുകൊണ്ട് ആരോടും പറഞ്ഞില്ല. മൂത്തമകൾ ബിന്ദുവും ഭർത്താവ് ജിജിയും മാത്രം വന്നു. ഉച്ചഭക്ഷണമാണ് ക്രമീകരിച്ചത്. മന്ദിരത്തിലെ സീനിയർ മദർ പ്രാർത്ഥിച്ചു. ഞങ്ങളെല്ലാവരും അന്തേവാസികൾക്കൊപ്പമിരുന്ന് ഭക്ഷണം കഴിച്ചു. അതോടെ പരിപാടി കഴിഞ്ഞു ഞങ്ങൾ വീട്ടിലേക്കു മടങ്ങി.

വൈകുന്നേരം തിരിച്ചുപോകുന്നതിനു മുമ്പ് മകൾ പറഞ്ഞു

തിരുവല്ലയിലെ അമ്മച്ചിയെ കണ്ടിട്ട് ഒത്തിരിനാളായി. നമുക്കവിടംവരെയൊന്നു പോകാം, ഡാഡിയും മമ്മിയും കൂടെ വരണം. കേൾക്കാത്ത താമസം മമ്മി ഉടുത്തൊരുങ്ങി റെഡിയായി. ഞാൻ വരുന്നില്ലെന്നു പറഞ്ഞിട്ടും കൂട്ടാക്കിയില്ല നിർബന്ധിച്ച് എന്നെയും കാറിൽ കയറ്റി.

അമ്മച്ചിയുടെ വീട്ടുപടിക്കൽ കൂടി പോയിട്ടു കാർ നിറുത്താതെ ടൗണിലേക്ക് ഓടിച്ചുപോയി. ചോദിച്ചപ്പോൾ പറഞ്ഞു ടൗണിൽ നിന്നും ഒരു സാധനം വാങ്ങണം. താമസിച്ചാൽ കട അടച്ചുപോകും.

ഹോട്ടലിനു മുമ്പിൽ കാർ നിറുത്തി. കാത്തുനിന്ന കൊച്ചുമോനും പ്രേമും ഞങ്ങളെ ഹോട്ടലിനുള്ളിലേയ്ക്ക് ആനയിച്ചു. അങ്ങനെ വളരെ തന്ത്രപൂർവ്വം എല്ലാവരും കൂടി ച്ചേർന്ന് എന്നെ അവരുടെ സ്നേഹത്തിന് കീഴ്പ്പെടുത്തി. ഓർക്കാപ്പുറത്ത് യ്യെുന്ന വേനൽ മഴയുടെ കുളിർമ്മ അനുഭവിക്കുന്നതുപോലെ തോന്നി.

ബർത്ത്ഡേ കേക്ക് മുറിക്കുമ്പോൾ കൈ വിറച്ചോ എന്ന് സംശയം. മുമ്പൊരിക്കലും ഒരു ബർത്ത്ഡേ കേക്ക് ഞാൻ മുറിച്ചിട്ടില്ല. ജന്മദിനം ആഘോഷിച്ചിട്ടുമില്ല. അതോർത്തിരിക്കുന്നവർ രണ്ടുപേർ മാത്രം. അവർ എന്റെ എല്ലാ ജന്മദിനങ്ങളിലും മുടങ്ങാതെ ആശംസകൾ അയച്ചുകൊണ്ടിരിക്കുന്നു. ഒരാൾ ഇംഗ്ലീഷിലും മറ്റെയാൾ ബംഗ്ലാഭാഷയിലുമെഴുതി. 'ജന്മദിനേർ ശുഭകാമനാ'.

വെസ്ററ് ബംഗാളിലെ അലിപ്പൂർദ്വാർ റെയിൽവേ ട്രെയിനിംഗ് സ്കൂളിൽ പഠിക്കുമ്പോഴാണ് സംഭവം. റെയിൽവേയിൽ അപ്പോയ്ന്റ്മെന്റ് കിട്ടി സ്റ്റേഷൻ മാസ്റ്റേഴ്സ് ട്രെയിനിംഗ് ചേർന്ന കാലം. ക്ലാസ്സുകളൊക്കെ ഇംഗ്ലീഷിലാണെങ്കിലും അന്തരീക്ഷം പൊതുവെ ബംഗാളിമയം.

രാവിലെ ഹോസ്റ്റലിൽ നിന്നും ക്ലാസ്സിലേക്കു പോകുമ്പോൾ ഞങ്ങളുടെ പ്രിൻസിപ്പാളിന്റെ ബംഗ്ലാവിന് മുമ്പിൽ വച്ച് സ്ഥിരമായി കാണുന്ന കോളജ് വിദ്യാർത്ഥികളിൽ ഒരു മൂവർ സംഘവുമായി പരിചയത്തിലായി. അവർ ആരാണെന്നോ ഏതു കോളജിൽ പഠിക്കുന്നെന്നോ ഒന്നുമറിയില്ല. സംസാരിക്കുന്ന ഭാഷയിൽ നിന്നും ബംഗാളികളാണെന്നു മനസ്സിലായി. ഹലോ ഗുഡ്മോർണിംഗ്. പിന്നെയൊരു പുഞ്ചിരി അതായിരുന്നു ഞങ്ങൾ തമ്മിലുള്ള ബന്ധം. അവരോട് ബംഗ്ലഭാഷയിൽ ഒന്നു സംസാരിക്കണമെന്ന് എനിക്കൊരു മോഹം. എന്റെ റൂം മേറ്റായ ബംഗാളി സുഹൃത്തിൽ നിന്നും ഓരാളെ അഭിവാദ്യം ചെയ്ത് സംസാരിക്കേണ്ടതെങ്ങനെയെന്ന് പഠിച്ചു.

പിറ്റെന്നു രാവിലെ പതിവുപോലെ സുഹൃത്തുക്കളെ കണ്ടപ്പോൾ ഞാൻ ബംഗ്ലായിൽ തന്നെ അഭിവാദ്യം ചെയ്തു.-ഗുഡ്മോർണിംഗ് 'ബോക്കാ കൊഥെയ്ജഛോ'.

ഇരുവരുടെയും മുഖം കോപം കൊണ്ട് ചുവന്നപ്പോൾ ഒരാൾ മാത്രം പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു കോളജ് ജഛി. (കോളജിൽ പോകുന്നു).

അതിന്റെയർത്ഥം ഊഹിച്ചെടുത്തെങ്കിലും മറ്റു രണ്ടുപേരുടെയും തിരിഞ്ഞുള്ള നോട്ടം കണ്ടപ്പോൾ എന്തോ പന്തികേടുള്ളതുപോലെ തോന്നി.

വൈകുന്നേരം ക്ലാസ്സു കഴിഞ്ഞ് ഹോസ്റ്റലിലെത്തിയപ്പോൾ ഒരു ചെറുപ്പക്കാരൻ എന്നെ തേടിയെത്തി. അയാൾ ഞാൻ രാവിലെ ബംഗ്ലായിൽ കുശലം ചോദിച്ച കോളജ് വിദ്യാർത്ഥിയായിരുന്നു. ഇംഗ്ലീഷിലാണയാൾ സംസാരിച്ചത്. എന്നെയും കൂട്ടി ഹോസ്റ്റലിന്റെ മുമ്പിലുള്ള മൈതാനത്തേക്ക് നടന്നു. അവിടെ ഒരൊഴിഞ്ഞ ബഞ്ചിൽ ഞങ്ങളിരുന്നു. എന്റെ എല്ലാ കാര്യങ്ങളും അയാൾ ചോദിച്ചറിഞ്ഞു മലയാളിയാണെന്നറിഞ്ഞപ്പോൾ ഒരു പ്രത്യേക ഇഷ്ടം പോലെ ഭാഷയറിയാത്തവർക്കൊക്കെ ഇത്തരം അബദ്ധങ്ങൾ സാധാരണമാണ്. സാരമില്ല എന്നു പറഞ്ഞ് അയാൾ തോളിൽ തട്ടി ആശ്വസിപ്പിച്ചു.

പിന്നീടാണറിഞ്ഞത് അയാൾ ഞങ്ങളുടെ പ്രിൻസിപ്പൽ മണി മൂഖർജിയുടെ ഇളയ മകനാണ്. എം.എ.യ്ക്കു പഠിക്കുന്നു. ചെറുപ്പത്തിലെ കഥകളെഴുതാൻ തുടങ്ങിയ ഷർഷേന്ദു മുഖർജി. ഞാനും. ചെറിയൊരു എഴുത്തുകാരനാണെന്നറിഞ്ഞപ്പോൾ അയാൾക്കുള്ള ഇഷ്ടം കൂടി. ഞങ്ങൾ ഉറ്റ സുഹൃത്തുക്കളായി. സത്യം പറഞ്ഞാൽ ഞാൻ ബംഗ്ലാഭാഷ പഠിക്കാൻ കാരണമായത് ഷിർഷേന്ദുവാണ്. ഒരിക്കൽ ഹോസ്റ്റലിലെ ചെറിയൊരു കുറ്റത്തിന് ഞാൻ ശിക്ഷിക്കപ്പെടുമെന്നുറപ്പായപ്പോൾ രക്ഷിച്ചതും അയാളാണ്. ഹോസ്റ്റലിൽ രാത്രി പതിനൊന്നുമണി കഴിഞ്ഞാൽ മുറിയിൽ ലൈറ്റ് പാടില്ലെന്നാണ് നിയമം. ഏതോ ഒരു കഥ പൂർത്തി

യാക്കാനായി ഞാൻ രാത്രി പതിനൊന്നിനുശേഷവും ലൈറ്റിട്ട് എഴുതുകയായിരുന്നു. നൈറ്റ് ഇൻസ്പെക്ഷന് ഹോസ്റ്റലിൽ വന്ന പ്രിൻസിപ്പൽ മുഖർജിസാബ് എന്നെ കയ്യോടെ പിടികൂടി.തൊണ്ടി മുതലായി ഞാനെഴുതിയ കഥയും കൈയ്യിലെടുത്തു. അച്ചടക്കത്തിന്റെ കാര്യത്തിൽ മണി മുഖർജി വലിയ കണിശക്കാരനാണ്. ട്രെയിനിംഗ് പീരിയഡിലെ ചെറിയൊരു ശിക്ഷപോലും എന്റെ സർവ്വീസിനെ സാരമായി ബാധിക്കും. സംഗതിയുടെ ഗൗരവം മനസ്സിലാക്കിയ ഷാർഷേന്ദു എന്നെയും കൂട്ടി വീട്ടിൽ അച്ഛന്റെ മുമ്പിലെത്തി. ആദ്യമൊന്നും അദ്ദേഹം വഴങ്ങിയില്ല. മകന്റെ ഉറ്റ സുഹൃത്താണെന്നും മലയാളത്തിലെ അറിയപ്പെടുന്ന ഒരു യുവസാഹിത്യകാരനാണെന്നുമൊക്കെ പറഞ്ഞപ്പോൾ ഒന്നയഞ്ഞു. ഒടുവിൽ ഒരു വാണിംഗോടെ എന്നെ വെറുതെ വിട്ടു.

ഇവിടെ വരുന്നത് പഠിക്കാനാണ്. സമയം കടന്നുള്ള എഴുത്തൊന്നും ഇനി വേണ്ട.

പിന്നീട് ഞങ്ങളുടെ ബന്ധം സൗഹൃദത്തിനപ്പുറം വളർന്ന് സഹോദരങ്ങളായി. 'ചോട്ടാ മലയാളിയും 'ബഡാ ബംഗാളി'യും.

ഒരു വർഷം കഴിഞ്ഞപ്പോൾ ഞാൻ ട്രെയിനിംഗ് സ്കൂൾ വിട്ടു. മാൽഡാ ഡിവിഷനിൽ പോസ്റ്റിംഗ് ആയി.

ഷർഷേന്ദു എം.എ.പാസ്സായി. അദ്ധ്യാപകനായി ഔദ്യോഗിക ജീവിതം തുടങ്ങി. പിന്നെ വളരെയധികം വളർന്നു. ബംഗാളിയിലെ പേരുകേട്ട എഴുത്തുകാരനായി. സാഹിത്യ അക്കാഡമി അവാർഡ് നേടി. ഒടുവിൽ 'ദേശ്' എന്ന പ്രസിദ്ധ വാരികയുടെ മുഖ്യപത്രാധിപരായി. ആദ്യമൊക്കെ ഞങ്ങൾ തമ്മിൽ കത്തിടപാടുകൾ തുടർന്നിരുന്നു. പിന്നീടെപ്പഴോ അതു മുറിഞ്ഞു 'ജന്മ ദിനേർ ശുഭകാമന' യും മുടങ്ങി.

ജന്മദിനാശംസകൾക്കൊപ്പം ഗിഫ്റ്റുകളും മേശപ്പുറത്ത് നിറഞ്ഞുകൊണ്ടിരുന്നു. ഇപ്പോൾ ആശംസയർപ്പിക്കുന്നത് ജെസിയാണ്. അവൾ വികാരനിർഭരമായി പ്രസംഗിച്ചു. ആൺമക്കളില്ലാത്തതിന്റെ പേരിൽ ആകുലതയും ആശങ്കയും വച്ചുപുലർത്തുന്ന ഓമനയാന്റിക്ക് ആശ്വാസമേകുന്നതായിരുന്നു അത്. ഇവിടെയുള്ള എല്ലാവരും ഓമന ആന്റിയോടൊപ്പമുണ്ടാകുമെന്ന് അവൾ ഉറപ്പിച്ചു പറഞ്ഞപ്പോൾ എല്ലാവരും കരഘോഷത്തോടെ സ്വീകരിച്ചു.

ഇതിനിടയിൽ ഓമനത്വമുള്ള ഒരു പെൺകുട്ടി റോസാപ്പൂവ് സമ്മാനിച്ചപ്പോൾ മനസ്സ് എന്റെ പ്രീയൂണിവേഴ്സിറ്റി കാലത്തേയ്ക്ക് പറന്നുപോയി.

വെളുത്തുകൊലുന്നനെയുള്ള ഒരു പെൺകുട്ടി ഓർമ്മയിൽ തെളിഞ്ഞുവരുന്നു. അവളുടെ പേരിന്റെ അർത്ഥം പനിനീർപൂവ് എന്നായിരുന്നു. പ്രീയൂണിവേഴ്സിറ്റി പഠനം കഴിഞ്ഞ് കോളജിൽ നിന്ന് പിരിയുമ്പോൾ ഓട്ടോഗ്രാഫിൽ അവളെഴുതി– പിരിയാനായി മാത്രം നാം കണ്ടുമുട്ടുന്നു.

അതൊരു കാലമായിരുന്നു. ജീവിതത്തിലെ ഏറ്റവും നല്ല കാലഘട്ടം. ആദ്യമായി ഒരു പെൺകുട്ടി കണ്ണുകളിൽ നോക്കി ഇഷ്ടമാണെന്നു പറഞ്ഞപ്പോൾ മനസ്സ് ആകാശത്തോളമുയർന്നു. കുറെ കഥകളെഴുതുമെന്നല്ലാതെ ഒരു പെൺകുട്ടിയെ മോഹിപ്പിക്കാൻ തക്കതായി എന്നിലൊന്നുമുണ്ടായിരുന്നില്ല. എന്നിട്ടും ഇഷ്ടപ്പെട്ടു. സ്നേഹിക്കപ്പെട്ടു. അതൊരു പ്രേമമായിരുന്നോ. എന്തായാലും ആദ്യത്തേതെന്തും പ്രിയപ്പെട്ടതാണ്. ഒരു പ്രമുഖവാരികയിൽ പ്രസിദ്ധീകരിച്ച ആദ്യത്തെ കഥ. അതിനു കിട്ടിയ ആദ്യപ്രതിഫലം പത്തുരൂപ. പിന്നെ ആദ്യചുംബനം. ഇവയെല്ലാം പ്രിയപ്പെട്ടതായിരുന്നു.

അന്ന് ജീവിതത്തെപ്പറ്റി ധാരാളം സ്വപ്നങ്ങൾ നെയ്തു. അതിന്റെ തീക്ഷ്ണതയിൽ കഥകളെഴുതി നിറപ്പകിട്ടാർന്ന ആ വസന്തത്തിന്റെ ഓർമ്മകളുമായി കുറെക്കാലം ജീവിച്ചു. പ്രീയൂണിവേഴ്സിറ്റി കഴിഞ്ഞപ്പോൾ രണ്ടു വഴിക്കായി ഞങ്ങൾ പിരിഞ്ഞു. ഞാൻ തൊഴിലന്വേഷിച്ചും അവൾ ഉപരിപഠനത്തിനും.

ഡിഗ്രിക്കുശേഷമാണെന്നു തോന്നുന്നു. അവളുടെ വിവാഹം കഴിഞ്ഞു. ക്ഷണക്കത്തിന്റെ കൂടെ അവളെഴുതി ജോ. (അവൾ മാത്രമാണങ്ങനെ വിളിച്ചിരുന്നത്) കഴിഞ്ഞതെല്ലാം ഒരു സ്വപ്നമാണെന്നു കരുതി മറന്നേക്കുക.

പിന്നീട് ഞാനവളെ കാണുന്നത് ഹൗറാ റെയിൽവേസ്റ്റേഷനിലാണ്. വിടാൻ തുടങ്ങുന്ന കോറമാങ്ങൾ എക്സ്പ്രസിന്റെ എ.സി. കോച്ചിൽ ഹാൻഡിൽ പിടിച്ചുകൊണ്ട് നിൽക്കുന്നു. കണ്ടയുടനെ അവൾ പ്ലാറ്റ്ഫോമിലിറങ്ങി. ഹലോ ജോ വാട്ട് എ പ്ലസന്റ് സർപ്രൈസ്. നീയെന്താണിവിടെ.



ഒരു ഒഫീഷ്യൽ ഡ്യൂട്ടിക്കു വന്നതാണ്.

റോസ് നീ

ഹസിനൊരു ഹാർട്ട് കംപ്ലയിന്റ് വെല്ലൂർക്ക് കൊണ്ടു പോകയാണ്, പുള്ളി അകത്തുണ്ട്.

ഞങ്ങൾക്കിടയിൽ കുറച്ചുമിനിട്ടുകൾമാത്രമേ ഉണ്ടായിരുന്നുള്ളൂ. എന്റെ കരം ഗ്രഹിച്ചുകൊണ്ട് അവൾ പറഞ്ഞു, പല ശരികളും തെറ്റായിരുന്നെന്ന് നാം മനസ്സിലാക്കുമ്പോഴേക്കും സമയം കഴിഞ്ഞിരിക്കും.

ബൈ പറഞ്ഞു പിരിയുമ്പോൾ ഓട്ടോഗ്രാഫിൽ അവളെഴുതിയ വാചകം ഞാനോർത്തു. പിരിയാൻവേണ്ടി മാത്രം നാം കണ്ടുമുട്ടുന്നു.

ട്രെയിനിന്റെ പിന്നിലുള്ള എൽ.വി. ബോർഡ് കണ്ണിൽ നിന്നും മറയുന്നതുവരെ ഞാൻ നോക്കിനിന്നു. റെയിൽ പാളങ്ങളല്ലാതെ മറ്റൊന്നു കാണുന്നില്ലെന്നു മനസ്സിലായപ്പോൾ പിന്തിരിഞ്ഞു. പണ്ടെങ്ങോ ഞാനെഴുതിയ ഒരു കഥയിലെ വരികൾ ഓർമ്മ വന്നു. റെയിൽ പാളങ്ങൾപോലെ സമാന്തരമായി പോകുന്ന ജീവിതമാണ് നമ്മുടേത്. ഒരിക്കലും കൂട്ടിമുട്ടുകയില്ല.

ഒരിക്കലും ആഘോഷിച്ചിട്ടില്ലാത്ത എന്റെ എല്ലാ ജന്മദിനങ്ങളിലും അവൾ ആശംസകളയച്ചു. "Many, many happy Returns of the day". അവൾക്കതോർക്കാൻ എളുപ്പമായിരുന്നു. വാലന്റൈയിൻ ദിനത്തിലാണല്ലോ എന്റെ ജന്മദിനം.

കഴിഞ്ഞവർഷം മാത്രമാണറിഞ്ഞത് മൂത്തമകളുടെ കല്യാണത്തിനുശേഷം അവളുടെ ഭർത്താവ് മരിച്ചു. ഇപ്പോൾ ഇളയമകളുമൊത്ത് കോട്ടയത്തെ കുടുംബവീട്ടിൽ താമസിക്കുന്നു.

ആഘോഷങ്ങൾ അതിന്റെ പരിസമാപ്തിയിലെത്തിക്കഴിഞ്ഞു. ഡിന്നറിനുശേഷം ആളുകൾ പിരിയാൻ തുടങ്ങിയിരിക്കുന്നു. അപ്പോൾ അടുത്ത റൂമിലെ തീൻമേശയിൽ നിന്നും തിരക്കിട്ടിറങ്ങുന്ന സ്ത്രീയെ ശ്രദ്ധിച്ചു. അതെ ഇതവൾ തന്നെ. റോസ്. കാലമെത്ര കഴിഞ്ഞാലും എനിക്കവളെ തിരിച്ചറിയാം. കയ്യിലൊരു റോസാപൂവുമായി കാറിനടുത്ത് അവൾ കാത്തുനിൽക്കുന്നു. പതിഞ്ഞ സ്വരത്തിൽ ഞാൻ വിളിച്ചു. റോസ്.

എന്റെ കരം ഗ്രഹിച്ച് റോസാപൂവ് നീട്ടിക്കൊണ്ട് അവൾ പറഞ്ഞു. "Many many happy Returns of the day"

ഇപ്രാവശ്യം ഞാനാണ് പറഞ്ഞത്. പിരിയാൻ വേണ്ടി മാത്രം നാം വീണ്ടും കണ്ടുമുട്ടുന്നു.

ഇളയ മകളുടെ കൈപിടിച്ച് കാറിനടുത്തേക്കു നടക്കുമ്പോൾ അവൾ പറഞ്ഞു:

-പണ്ട് നീ കഥയിലെഴുതിയപോലെ സമാന്തരമായി ഓടുന്ന രണ്ടു റെയിൽ പാളങ്ങളാണ് നമ്മൾ. ഒരിക്കലും കൂട്ടിമുട്ടുകയില്ല.

കാറിൽ കയറുമ്പോൾ മകൾ ചോദിക്കുന്നതു കേട്ടു:-

മമ്മി ഹു ഈസ് ദിസ് ജെന്റിൽ മാൻ

അവൾ എന്തു മറുപടി പറഞ്ഞെന്ന് കേൾക്കാൻ കഴിഞ്ഞില്ല. അപ്പോഴേക്കും കാർ നീങ്ങികഴിഞ്ഞിരുന്നു.

KERALA, TN, TELANGANA, AP, KARNATAKA
MBBS | BDS | BAMS | BHMS
BBA (Aviation) | BPT
Hotel Management (BHM)
B.Sc. ഫോറൻസിക്, അഗ്രികൾച്ചർ
Perfusion, Dialysis, MLT, Optometry, OT, BASLP, MHA, Audiography, Respiratory, Anesthesia, Cardiac, MSW, Occupational, Cardiography, B.Pharm & Pharm D.
M.Sc. & B.Sc. Nursing
സ്വന്തമായി മെഡിക്കൽ കോളജുകളുള്ള NABH Accredited കുറഞ്ഞ ചിലവിൽ
(College, Hostel, Medical College same Campus)
Scholarship Available
SHALOM CONSULTANCY
Thiruvalla, Kollam, Mangalore, Coimbatore, Hyderabad
shalomeduconsultants@gmail.com
8304 07 52 01
6301 41 80 68
0481 2322476

# ഇങ്ങനെയും ജീവിതം

ഫാ. ആൻഡ്രൂസ് കടപ്പനങ്ങാട്ട്

അന്നു കണ്ട കാഴ്ച വളരെ ദയനീയമായിരുന്നു. ഇപ്പോഴും കൺമുമ്പിൽ അതു തെളിഞ്ഞു നിൽക്കുന്നു. ആ സ്ത്രീ വളരെ മനോവേദനയോടും നിറമിഴികളോടും കൂടെ പറഞ്ഞു എന്റെ അച്ഛനുവേണ്ടി പ്രാർത്ഥിക്കണം. ഏകദേശം 66 വയസ്സുള്ള ആശുപത്രിക്കിടക്കയിൽ കിടക്കുന്ന മനുഷ്യനെ കാണിച്ചിട്ടു പറഞ്ഞു, തൊഴിലുറപ്പിനുപോയ സമയത്ത് പണിസ്ഥലത്തുവച്ച് കാലു മുറിഞ്ഞ് അത് പഴുത്തു. അതിവേദനയും പനിയുമായി ഇവിടെ കൊണ്ടുവന്നതാണ്. ആ മുറിവ് സെപ്റ്റിക്കായി. ഷുഗറും വളരെ കൂടി. അച്ഛൻ ഷുഗറിനു മരുന്നു കഴിക്കുന്നുണ്ടായിരുന്നു. എന്നാൽ അടുത്തിടെ അതു നിറുത്തി. ഞങ്ങൾ അത് അറിഞ്ഞില്ല. അച്ചൻ തന്നെയാണു മരുന്നു വാങ്ങികഴിച്ചുകൊണ്ടിരുന്നത്. എന്തുചെയ്യുമെന്ന് അറിയില്ല. ഡോക്ടർ പറഞ്ഞു രണ്ടുദിവസങ്ങൾ കൂടി നോക്കാം. കുറവാകുന്നില്ലെങ്കിൽ മെഡിക്കൽ കോളജിലേയ്ക്ക് കൊണ്ടുപോകണമെന്ന്.

അവിടെ കൊണ്ടുപോകാനോ, കൂടെ നില്ക്കുവാനോ, അവിടുത്തെ കാര്യങ്ങൾ എങ്ങനെയാണെന്നോ എനിക്ക് അറിയില്ല. വീട്ടിലെ കാര്യങ്ങൾ ആകെ കുഴപ്പമാകും. എന്റെ ഭർത്താവ് മരിച്ചുപോയി. ഒരു മകളുണ്ട്. അവൾ 10-ാം ക്ലാസ്സിൽ പഠിയ്ക്കുന്നു. ഞാൻ മറ്റു വീടുകളിൽ പണിയ്ക്കുപോകുന്നുണ്ടായിരുന്നു. അതും ഈ കാരണത്താൽ നിറുത്തി. നിങ്ങൾ എന്റെ അച്ഛനുവേണ്ടി ഒന്നു പ്രാർത്ഥിക്കുക. എനിക്ക് വിശ്വാസമുണ്ട്. അച്ഛന് സൗഖ്യമുണ്ടാകുമെന്ന്. നിങ്ങൾ വിശ്വാസിയാണോ? അതേ ഞങ്ങൾ വിശ്വാസത്തിൽ കൂടി നടക്കുന്നവരാണ്. നിങ്ങളുടെ വീട്ടുകാര്യങ്ങൾ ഇപ്പോൾ എങ്ങനെയാണ്? ഞങ്ങളെ അറിയുന്നവർ സഹായിക്കുന്നുണ്ട്. സഹോദരങ്ങൾ ആരെങ്കിലും ഉണ്ടായിരുന്നോ. മരിച്ചുപോയി. എന്റെ വീട്ടിൽ പ്രായമുള്ള അമ്മയും അനിയനും മാത്രമാണുള്ളത്. അതൊന്നും സാരമില്ല. ദൈവം നടത്തും. ഞങ്ങളുടെ ഈ അച്ഛനുവേണ്ടി പ്രാർത്ഥിച്ചാൽ മതി. ദൈവത്തിന് അസാദ്ധ്യമായിട്ട് ഒന്നുമില്ലല്ലോ. ഇതു പറയുമ്പോൾ ആ സ്ത്രീയുടെ മുഖത്തുകണ്ട വിശ്വാസത്തിന്റെ തീവ്രതവലുതായിരുന്നു. ഞങ്ങൾ പ്രാത്ഥിച്ച ശേഷം ഒരു ചെറിയ സഹായം കൈയ്യിൽ കൊടുത്തപ്പോൾ ആ സ്ത്രീയുടെ കണ്ണുകൾ നിറഞ്ഞു.

കണ്ണീർ തൂകുന്നവരോടു മനസ്സലിയുന്ന ദൈവം ഇവരുടെ കഷ്ടതയും കണ്ണീരും കാണാതെ കടന്നു പോകയില്ല. കഷ്ടതയുടെ നടുവിലും മുറുകെ പിടിക്കുന്ന വിശ്വാസം വലുതാണ്. വലിയ വിശ്വാസം അത്ഭുതത്തിനും അടയാളത്തിനും ആധാരമാണ്. ''അവർ തങ്ങളുടെ കഷ്ടതയിൽ യഹോവയോടു നിലവിളിച്ചു. അവൻ അവരെ അവരുടെ ഞെരുക്കങ്ങളിൽ നിന്നും വിടുവിച്ചു" (സങ്കീ.107:28). വിടുവിക്കുന്നവനായ കർത്താവിൽ വിശ്വാസത്തോടെ വിളിച്ചപേക്ഷിക്കുന്നവർക്ക് ആശ്വാസവും, സൗഖ്യവും സാദ്ധ്യമാണ്. അവൻ നല്കുന്ന ആശ്വാസം തന്റെ നാമം പേറുന്ന വിശ്വാസികളുടെ കരം വഴിയാണ്. നമ്മുടെ കരം ശുശ്രൂഷയിലൂടെ കർത്താവിന്റെ കരമായ് രൂപാന്തരപ്പെടുത്തുവാൻ കഴിയണം. എളിയവർക്കു ചെയ്തുകൊടുക്കുന്ന ശുശ്രൂഷകൾ എല്ലാം കർത്താവിനു നല്കുന്നതാണ്. "എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരുത്തനു നിങ്ങൾ ചെയ്തിടത്തോളം എല്ലാം എനിക്കു ചെയ്തു എന്ന് ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു അരുളിചെയ്തു" (മത്തായി 25:40). കൺമുമ്പിൽ കാണുകയും കാതുകളിൽ കേട്ടറിയുകയും ചെയ്യുന്ന ഇത്തരം ജീവിത സാഹചര്യങ്ങളെ ഓർത്തു, ശുശ്രൂഷയ്ക്കായി ലഭിക്കുന്നവ സാധ്യതകളായ് കണ്ട് തുറന്ന മനസ്സോടും കരങ്ങളോടും കൂടെ സമീപിക്കുവാനും, അവരെ കരുതുവാനും കഴിയട്ടെ. അങ്ങനെ നമ്മിലെ ദൈവിക വെളിച്ചം മറ്റുള്ളവർക്ക് പ്രകാശമായിത്തീരും. അതിനു ദൈവം എല്ലാവരേയും അനുഗ്രഹിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു.



# ദൈവ സ്നേഹം

ഡോ. ഐബി ജോസ്, കിഴക്കേടത്ത്, റാന്നി

ക്രൈസ്തവ ദർശനത്തിന്റെ മൗലിക സ്വഭാവമാണ് ദൈവസ്നേഹം. 'അഗപ്പെ' എന്ന ഗ്രീക്കു പദം ദൈവ സ്നേഹത്തെ സൂചിപ്പിക്കുന്നു. സകല ബന്ധങ്ങളെയും ബന്ധന വിമുക്തമാക്കി, സകല 'അടുപ്പങ്ങളെയും' പരിശുദ്ധിയുടെ പരിപൂർണ്ണതയിൽ സത്യത്തിൽ സ്വതന്ത്രമാക്കുന്നു. 'അഗപ്പെ'. 'ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹി ക്കുവിൻ' എന്നാണ് യേശു പറഞ്ഞത്. (യോഹ.13:34,35). മനുഷ്യനെ ദൈവം സ്നേഹിക്കുന്നതു ത്യാഗത്തിലൂടെയും ബലിയിലൂടെയുമാണെന്ന് ബൈബിൾ പഠിപ്പിക്കുന്നു. 'തന്റെ ഏകജാതനെ തന്നെ നൽകുവാൻ തക്കവിധം അത്രയധികമായി പിതാവായ ദൈവം ലോകത്തെ സ്നേഹിച്ചു' (യോഹ.3:16). അനാദിയിലെ ദൈവപുത്രനായ ക്രിസ്തു മനുഷ്യരോടുള്ള സ്നേഹത്തെ പ്രതി തന്റെ ദൈവീക അധികാരവും, ദൈവഭാവവും, ദൈവസ്വരൂപവും ത്യജിച്ച്, ഭാവത്തിലും രൂപത്തിലും, ജീവിതത്തിലും ബല ഹീനനായ മനുഷ്യന്റെ സ്വരൂപം ധരിച്ച് സകല ജാതികളെയും ദൈവസ്നേഹത്തിൽ ലയിപ്പിച്ച് ഒന്നാക്കുവാൻ വേണ്ടി പീഡാസഹനങ്ങളേറ്റെടുത്തു ക്രൂശുമരണം വഹിച്ചു.

ദൈവം അനന്തമായ ദൈവസ്നേഹമാണ്. ദൈവസ്നേഹം നിരുപാധികമാണ്. ദൈവസ്നേഹത്തിന്റെ പാരമ്യം വ്യക്തമാകുന്നത് ക്രിസ്തുവിന്റെ ക്രൂശിലെ ആത്മബലിയിലൂടെയാണ്. ക്രൂശുമരണത്തിലൂടെ ക്രിസ്തു മനുഷ്യനെ ആദാമ്യപാപങ്ങളിൽ നിന്നും മോചിപ്പിക്കുകയും മനുഷ്യാത്മാവിനെ പരിശുദ്ധാത്മാവിനാൽ രൂപാന്തരപ്പെടു ത്തുകയും, പരമാത്മാവിൽ മറുരൂപപ്പെടുത്തി, പരമപുണ്യ ദൈവാത്മാവിൽ ദൃഢപ്പെടുത്തി ഒന്നാക്കി പുനരുദ്ധരി ക്കുകയും ചെയ്തു.

പ്രതിഫലമാഗ്രഹിക്കാതെ, മറ്റുള്ളവരുടെയുള്ളിൽ പരിശുദ്ധാത്മാവ് ഉണർന്ന് നിറഞ്ഞു കവിയുന്നതിനായി പരസ്പരം സ്നേഹിക്കുക. സ്വന്തം പുത്രനെ മാനവനന്മയ്ക്ക് ബലിയാക്കിയ ദൈവ പിതാവിന്റെ സ്നേഹവും, പിതാവിന്റെ ഇഷ്ടം നിറവേറ്റി മനുഷ്യജാതിയെ ദൈവമക്കളുടെ സ്ഥാനത്തേയ്ക്കും, ദൈവികതയിലേക്കുമുയർത്തുവാൻ സ്വയം ബലിയായ പുത്രന്റെ സ്നേഹവും, ലോകത്തെ ദൈവതുല്യമായ 'ദിവ്യസ്നേഹത്തിൽ' വീണ്ടെടുത്തു നവീകരിക്കുന്ന പരിശുദ്ധാത്മ സ്നേഹബോധപ്രകാശവും നമ്മിലോരോരു ത്തരിലുമുണ്ടായിരിക്കട്ടെ. 'അഗപ്പെ' എന്ന 'ദിവ്യ സ്നേഹത്തിന്റെ 'കണ്ണുകളിലൂടെ സകലതും നോക്കി ക്കാണുവാനും വാക്കും, നോട്ടവും, പ്രവൃത്തിയും, ചിന്തയുമെല്ലാം 'അഗപ്പെലവ്' ലിലഞ്ഞുചേർന്നു സമ്പൂർണ്ണമായിരിക്കുവാനും കഴിയണം.

'ത്വമേവ മാതാച പിതാ ത്വമേവ
ത്വമേവ ബന്ധുശ്ച സഖാത്വമേവ
ത്വമേവ വിദ്യാ ദ്രവിണം ത്വമേവ
ത്വമേവ സർവ്വം മമ ദേവ ദേവ'

അല്ലയോ ദേവാ! അങ്ങു തന്നെയാണ് എന്റെ മാതാവും പിതാവും ബന്ധുവും സുഹൃത്തും വിദ്യയും സമ്പത്തും മറ്റെല്ലാം തന്നെയും എന്നർത്ഥം.

ദൈവത്തിനു മനുഷ്യനോടും, മനുഷ്യനു ദൈവത്തോടും, മാതൃഭാവം, പിതൃഭാവം, സുഹൃത് ഭാവം, ഭർതൃഭാവം, കാമുകഭാവം ഉണ്ടെന്ന് വിവിധ ആത്മീയ ഗ്രന്ഥങ്ങളിലും, ഭക്തിഭാവങ്ങളിലും സൂചിപ്പിക്കുന്നു.

സ്വന്തം പെറ്റമ്മയെക്കാൾ സ്നേഹവും കരുതലും ഉള്ള മാതൃഹൃദയം ദൈവത്തിനുണ്ടെന്ന് എശയ്യ. 49:15, പ്രഭാഷകൻ 4:10 ൽ പറഞ്ഞിരിക്കുന്നു. അമ്മയെപോലെ ഞാൻ നിന്നെ ആശ്വസിപ്പിക്കും എന്ന് യെശയ്യ 66:13 ൽ ദൈവം അരുളി ചെയ്തിട്ടുണ്ട്. തള്ളക്കോഴി ചിറകുകൾക്കുള്ളിൽ കോഴിക്കുഞ്ഞുങ്ങളെ സംരക്ഷിക്കു ന്നതുപോലെയുള്ള ദൈവസ്നേഹം മത്തായി 23:27 ൽ പറഞ്ഞിരിക്കുന്നു. 'പെറ്റമ്മ മറന്നാലും മറക്കാത്ത സ്നേഹം' തുടങ്ങിയ വർണ്ണനകൾ കൊണ്ട് ദൈവം എന്ന 'വിശ്വ മാതൃഹൃദയ'ത്തെ പ്രപഞ്ചത്തെക്കാൾ വിശാലവും വിസ്തൃതവും അഗാധവും അനന്തവുമാക്കുന്നു വേദ ഗ്രന്ഥങ്ങൾ.

ഭൂമിയിലുള്ള പിതാക്കൻമാരെക്കാൾ വലിയതും ദൃഢവും ആഴവുമുള്ളതാണ് സ്വർഗ്ഗീയ പിതാവിന്റെ സ്നേഹവും പൈതൃക പുണ്യവുമെന്ന് വിശുദ്ധ ഗ്രന്ഥങ്ങൾ പറയുന്നു. സ്വർഗ്ഗസ്ഥനായ പിതാവ് തന്നോട് യാചിക്കുന്നവർക്ക് നൽകുന്നത് അപ്പൻ മക്കൾക്കു നൽകുന്നതിലുമധി കമായാണ് എന്ന് ലൂക്കോ.11:11-13 ൽ പറഞ്ഞിരിക്കുന്നു. സ്വർഗ്ഗീയ പറുദീസായുടെ പടിയിറങ്ങിപോയ തന്റെ അരുമ സന്താനങ്ങളായ മനുഷ്യാത്മാക്കളുടെ മടങ്ങി വരവു കാത്തിരിക്കുന്ന ദൈവീക പൈതൃക കാരുണ്യം ധൂർത്തപുത്രന്റെ പിതാവിന്റെ കാത്തിരിപ്പിലൂടെ ബൈബിൾ ഉപമ വ്യക്തമാക്കുന്നു. അബ്ബാ പിതാവെ എന്നു വിളിക്കുവാനുള്ള പുത്രത്വത്തിന്റെ അവകാശം മാനവർക്കു നൽകുവാൻ സ്വർഗ്ഗീയ പിതാവ് തന്റെ ഏകജാതനായ പുത്രനെ ബലിയാക്കി. അത്ര അവർണ്ണനീയവും അഗാധവുമായ 'അനന്ത പൈതൃകസ്നേഹം' ആണ് വേദപുസ്തകം വ്യക്തമാക്കുന്നത്.

സ്നേഹിതർക്കു വേണ്ടി ജീവനെ കൊടുക്കുന്നതിലും അധികമുള്ള സ്നേഹം ആർക്കുമില്ല (യോഹ.15:13) എന്ന് സ്വന്തം പ്രാണനെക്കാളുപരിയായി സുഹൃത്തിനെ സ്നേഹിക്കുന്ന നല്ല സ്നേഹിതനായി ക്രിസ്തുവിന്റെ സൗഹൃദ പുണ്യത്തിനെ ബൈബിൾ പ്രഘോഷിക്കുന്നു. 'ഞാൻ നിങ്ങളെ ദാസൻമാർ എന്ന് ഇനി പറഞ്ഞിരിക്കുന്നു' (യോഹ. 12:5). അബ്രഹാം ദൈവത്തിന്റെ സ്നേഹിതൻ എന്നാണ് അറിയപ്പെട്ടത്. ശുദ്ധ ഭക്തരെ എന്നും പ്രാണസ്നേഹിതനായി കാണുന്ന ദൈവസ്നേഹത്തെ വിശുദ്ധ ഗ്രന്ഥത്തിൽ കാണാം.

ആത്മജ്ഞാനം പകർന്നു തരുന്ന 'നിത്യസത്യ ഗുരുവാണ് ദൈവം'. യേശുവിനെ ശിഷ്യന്മാർ ഗുരു എന്നാണ് വിളിച്ചിരുന്നത്. നിത്യ സൂര്യനായി സത്യഗുരു ചൈതന്യം ജീവിതത്തിന്റെ അന്ധകാരത്തിൽ സ്നേഹപ്രകാശം ചൊരിഞ്ഞു നിൽക്കുന്നു.

യഹോവയെ യിസ്രായേലിന്റെ ഭർത്താവായി എശയ്യ.



54-ൽ പറഞ്ഞിരിക്കുന്നു. ഭർത്താവ് ഭാര്യയ്ക്കു നൽകുന്ന സംരക്ഷണവും സ്നേഹവും കരുതലും യഹോവ പ്രിയജനത്തിനു നല്കുന്നു എന്ന് പ്രവാചകൻ വരച്ചു കാട്ടിയിരിക്കുന്നു. ക്രിസ്തുവിനെ മണവാളനായും വിശ്വാസികളുടെ കൂട്ടമായ തിരുസഭയെ മണവാട്ടിയായും ബൈബിളിൽ പറയുന്നു. ദൈവാത്മാവിനെ തീവ്രമായി പ്രണയിക്കുന്ന വിശ്വാസ വീരന്മാരായ വിശുദ്ധരുടെ എഴുത്തുകൾ പ്രണയലേഖനങ്ങളുടെ മാധുര്യത്തിലും, പ്രേമവർണ്ണങ്ങളിലുമായി ഉത്തമഗീതം തുടങ്ങിയ അദ്ധ്യായങ്ങളിലായി വേദഗ്രന്ഥങ്ങളിൽ കുറിച്ചിട്ടുണ്ട്. യോഗ എന്നാൽ ഒന്നാവുക എന്നാണ് അർത്ഥം. മനുഷ്യനെ ജീവാത്മാവ് ദൈവം എന്ന പരമാത്മാവിൽ പ്രാർത്ഥനകൾ പ്രണയങ്ങളാക്കി പരസ്പരം അലിഞ്ഞ് ചേർന്ന് ഒന്നാവുന്നു. വി. അമ്മ ത്രേസ്യ തുടങ്ങിയ കത്തോലിക്ക വിശുദ്ധർ യേശുവിനെ ആത്മമണവാളനായി കരുതി പ്രാണനു തുല്യം പ്രണയിച്ചിരുന്നു. ആത്മീയ പ്രണയ സാക്ഷാത്കാരത്തിനു വേണ്ടി പ്രാണൻ ബലിയർപ്പിച്ചു യേശു പ്രണയത്തിന്റെ സമ്പൂർണ്ണതയാണ്.

ആരാധനയ്ക്കർഹനായ ദൈവത്തെ സ്വയം തിരിച്ചറിഞ്ഞ് അനുഭവിച്ചറിഞ്ഞ് അതിശക്തമായി ദൈവത്തെ സ്നേഹിക്കുന്ന മുസ്ലീം യോഗികളാണ് സൂഫികൾ. ദൈവത്തെ പ്രണയിക്കുന്ന, ഇസ്ലാം മതത്തിലെ യോഗാത്മക ആത്മീയ ധാരണയാണ് സൂഫിസം. ഇതനുഷ്ഠിക്കുന്നവരെ സൂഫി എന്നു വിളിക്കുന്നു. തങ്ങൾ തീവ്രമായി പ്രണയിക്കുന്ന ദൈവത്തിൽ അലിഞ്ഞലിഞ്ഞ് ഒന്നായി തീരുകയെന്നതാണ് സൂഫിയുടെ ലക്ഷ്യം. പലവിധ ഘട്ടങ്ങളിലൂടെ ആത്മീയമായ ഉന്നത പദവിയിലെത്തി ദൈവസത്തയിൽ ലയിക്കാമെന്നതാണ് സൂഫി വിശ്വാസം.

ശ്രീകൃഷ്ണ വിഗ്രഹത്തിൽ ഉടലോടെ അലിഞ്ഞു ചേർന്ന മീരാഭായിക്ക് ഭക്തി പ്രണയമായിരുന്നു. വൃന്ദാവനത്തിലെ രാധയ്ക്കും ഗോപികമാർക്കും ശ്രീകൃഷ്ണനോടുള്ള ഭക്തി പ്രണയമായിരുന്നു. ഘോരമായ തപസ്സിന്റെ ആദ്ധ്യാത്മിക ഘട്ടങ്ങളും, ഘോരമായ പരീക്ഷണ ങ്ങളും വിഷമാവസ്ഥകളും പിന്നിട്ട് മനുഷ്യ സ്ത്രീയായ പാർവ്വതി ശിവനെ സ്വന്തമാക്കുന്ന കഥ ഹൈന്ദവ പുരാണങ്ങളിൽ പറഞ്ഞിട്ടുണ്ട്. ശിവൻ തന്റെ പാതിശരീരം പാർവ്വതിദേവിക്ക് പകുത്തു നൽകിയതാണ് അർദ്ധനാരീശ്വരൻ. പാർവ്വതിയിലെ ദൈവത്വം ഉണർന്ന് വികസിച്ച് ആദിശക്തി ശിവനിൽ ലയിക്കുകയായിരുന്നു. ഒരു മനുഷ്യന്റെയുള്ളിൽ സ്ത്രീത്വവും, പുരുഷത്വവും സംലീനമായിരിക്കുന്നു എന്ന് ആധുനിക വൈദ്യ ശാസ്ത്രവും അംഗീകരിച്ചിട്ടുണ്ട്. ഒരു വ്യക്തിയുടെ ശരീരവും മനസ്സും പ്രകൃതി (സ്ത്രീഭാവം) യായും ആത്മാവ് പുരുഷനായും (പരമാത്മാവ്) ഹൈന്ദവ ദർശനത്തിലും മറ്റ് ആത്മീയ ചിന്തകളിലും പറഞ്ഞിട്ടുണ്ട്. ദൈവാത്മാവ് വസിക്കുന്ന മന്ദിരമാണ് മനുഷ്യശരീരം എന്നു ബൈബിൾ പറയുന്നു. നമ്മുടെ ഉള്ളിൽ വസിക്കുന്ന ദൈവാത്മാവിനെ പ്രാർത്ഥനയാലും, സാധനകളാലും, ശുദ്ധവും നിഷ്കളങ്കവുമായ പ്രേമത്താലും ഉണർത്തി സജീവമാക്കി നാം അതിൽ അലിഞ്ഞു ചേർന്ന് ഒന്നാവുക. ദൈവവുമായുള്ള ഒന്നാകലിൽ താൻ ആണാണെന്നോ, പെണ്ണാണെന്നോ ശ്രേഷ്ഠമാണെന്നോ ഹീനമാണെന്നോ പോസിറ്റീവ്/നെഗറ്റീവ് എന്നൊക്കെയുള്ള (ദ്വയം) ഭേദചിന്തകളില്ലാ തെയായി Neutral (അദ്വൈതാവസ്ഥ) ആയി നിത്യസ്വസ്ഥതയും സമാധാനവും ആനന്ദവും സ്വർഗ്ഗീയാനുഭൂതികളും അനുഭവിക്കുന്നു. ആത്മബോധം ശരീരബോധത്തെയും ബലഹീനതകളെയും കീഴടക്കി ദൈവാത്മശക്തിയും ശുദ്ധിയും നിറയ്ക്കുന്നു. ഇവിടെ നാം സകലത്തിനും മതിയായവനും സകലത്തെയും ജയിച്ചവനു മാകുന്നു. രൂപരഹിതനായ ദേഹരഹിതനായ സർവ്വ വ്യാപിയും സർവ്വശക്തനും സർവ്വഗുണ സമ്പത്തും നിറഞ്ഞ പരിശുദ്ധാരൂപിയുടെ പ്രതിഫലനങ്ങ ളാകുന്നു.

മനുഷ്യർക്ക് ദൈവത്തോടുള്ള വിവിധ മൈത്രീ ഭാവങ്ങൾ ഭഗവത് ഗീതയിൽ പറഞ്ഞിട്ടുണ്ട് ഈ ദൈവ സ്നേഹത്തിന്റെ പ്രകടനം അഞ്ചു രീതിയിൽ സംഭവിക്കാം.

1 **ദാസ്യഭാവം**: ദാസൻ യജമാനനോടു പ്രകടിപ്പിക്കുന്ന സ്നേഹഭാവം.

**2. സഖ്യഭാവം:** ഒരു സുഹൃത്തിനോടെന്നപോലെയുള്ള സ്നേഹഭാവം.

**3. വാത്സല്യഭാവം:** മാതാപിതാക്കൾക്ക് കുഞ്ഞിനോടുള്ള മനോഭാവം പോലെയുള്ള സ്നേഹഭാവം.

**4. കാന്തഭാവം**: വധൂവരൻമാരെപ്പോലെ സ്നേഹഭാവം.

**5. മധുരഭാവം:** കമിതാക്കൾ തമ്മിലുള്ള സ്നേഹഭാവം.

ദൈവവുമായുള്ള അടുപ്പംകൂടുന്തോറും സ്നേഹത്തിന്റെ ശക്തിയും ശുദ്ധിയും വർദ്ധിക്കും. ദൈവവുമായുള്ള അകൽച്ച കുറയുന്തോറും ദൈവം പ്രാണന്റെ പ്രാണനായി, ഇഴുകി ചേർന്നൊന്നായി മാറുന്ന അനുഭൂതി ഉണ്ടാകും. ഇവിടെ ദൈവസ്നേഹം ആത്മസ്നേഹവും മനുഷ്യസേവനവും, പര സ്നേഹവും ഉയർന്ന ബ്രഹ്മബോധവും, വിശ്വപ്രണയഭാവ വും, ഒക്കെയായി മാറി സമസ്ത ലോകവും സുഖമനുഭവി ക്കുന്ന 'ഐക്യസൗഖ്യ' ഭാവവുമായി ജീവിതം പരിവർത്ത നപ്പെടുന്നു.

ലോകത്തിൽ അനേകം മതങ്ങളുണ്ട്. മനുഷ്യന് ദൈവാ ത്മാവിലെത്തിച്ചേരാൻ വിവിധ സാധനകളും, ഉപാധികളും അറിവുകളും വിവിധ മതചിന്തകൾ പങ്കുവയ്ക്കുന്നുണ്ട്. 'കിണറ്റിലെ തവളകളെ'പ്പോലെ ഇടുങ്ങിയ ചിന്തകളുമായി അജ്ഞതയുടെ ഇരുട്ടറയിൽ കഴിയാതെ, ആത്മീയ സത്യ സാഗരത്തിന്റെ സാരാംശം ശരിയായ അർത്ഥത്തിൽ ഉൾക്കൊ ള്ളുക. സകലതും ശോധന ചെയ്തു നല്ലതു മുറുകെ പിടി ക്കുക എന്നു ബൈബിൾ പറയുന്നു. സത്യക്രിസ്ത്യാനിത്വ ത്തിന്റെ കാതലും കരുത്തും ദൈവസ്നേഹമായ 'അഗപ്പെ' യാണ്. നിഷ്കളങ്കമായി നിഷ്കപടമായി കൊച്ചുകുഞ്ഞുങ്ങ ളെപ്പോലെ ദൈവത്തെയും, മറ്റുള്ളവരെയും തന്നെതന്നെയും സ്നേഹിക്കുകയും, ആത്മാർത്ഥമായി വിശ്വസിക്കുകയും ചെയ്യുന്ന കറയറ്റ, കലർപ്പില്ലാത്ത മനസ്സുകൾ മറ്റെല്ലാ മാർഗ്ഗ ങ്ങളെക്കാളും സരളമായി ദൈവത്തിൽ എത്തിച്ചേർന്നു ലക്ഷ്യം നേടുന്നു.



# മലർവാടിക്കൂട്ടം

തെളിഞ്ഞ ആകാശം. ആഹ്ലാദകരമായ വേനൽക്കാലം. വിശപ്പറിയാത്ത ഉദരം.

വരൂ ഉറുമ്പേ, നമുക്ക് ഈ സന്ധ്യയിൽ അല്പം പാട്ടുപാടി ഉല്ലാസത്തോടെ നടക്കാം. പച്ചത്തുള്ളൻ ക്ഷണിച്ചു.

എനിക്ക് ഇപ്പോൾ വരാൻ പറ്റില്ല. കുറെ ജോലിയുണ്ട് എന്നു പറഞ്ഞ് ഉറുമ്പ് ധാന്യപ്പുരയിലേയ്ക്ക് പോയി. അടുത്ത ശൈത്യകാലത്തേയ്ക്ക് വേണ്ടുന്ന ധാന്യം ശേഖരിക്കുന്ന ജോലിയിൽ അതു മുഴുകിയിരിക്കുകയായിരുന്നു.

അരസികൻ ഈ ഉറുമ്പ് ഒരു ശുംഭൻ തന്നെ എന്നു കരുതി പച്ചത്തുള്ളൻ അതിന്റെ പാട്ടിനു പോയി.

ശൈത്യകാലം വന്നു. പഞ്ഞവും വന്നു. വയറു വിശന്നെരിയുന്നു. പച്ചത്തുള്ളൻ ഉറുമ്പിന്റെ വാതിൽ മുട്ടി. സുഹൃത്തേ എനിക്ക് അല്പം ഭക്ഷണം തരൂ. ഇല്ലെങ്കിൽ ഞാൻ വിശന്നു മരിച്ചുപോകും. അപ്പോൾ കൊയ്ത്തുകാലത്ത് താൻ എന്തു ചെയ്യുകയായിരുന്നു. ഉറുമ്പ് ചോദിച്ചു.

ഞാൻ മടിച്ചുകൂടി വെറുതെ വീട്ടിൽ ഇരുന്നില്ല. പാട്ടും പാടി ഉല്ലാസത്തോടെ തെരുവിലെങ്ങും നടക്കുകയായിരുന്നല്ലോ. പച്ചത്തുള്ളൻ പറഞ്ഞു.

വേനൽക്കാലത്ത് നീ പാട്ടുപാടി തെരുവിലെങ്ങും ആഹ്ലാദിച്ചു നടക്കുകയായിരുന്നല്ലോ. ഇനി ഈ ശൈത്യകാലത്ത് ഡാൻസു ചെയ്തുകൊണ്ട് തെരുവുതെണ്ടുകയും ആകാമല്ലോ. ഉറുമ്പ് പറഞ്ഞു

"ഒരു വേനലിന് ഒരു മഴയുണ്ട്. നാളെയെപ്പറ്റി ഓർത്ത് കരുതലോടെ ജീവിക്കുക".

സസ്നേഹം

**കൊച്ചേട്ടൻ**



# ബാലദീപം ക്വിസ്

**റ്റി. ജെ. ജേക്കബ് തുണ്ടിയിൽ**

1. വലിയ നോമ്പിന്റെ എത്രാം ദിവസമാണ് അഥവാ എത്രാം ഞായറാണ് ഊശാനപെരുന്നാൾ ആചരിക്കുന്നത്?
2. വി. ദൈവമാതാവിന്റെ ജനനപ്പെരുന്നാൾ ആചരിക്കുന്ന ദിവസം ഏത്?
3. പാതിനോമ്പിന്റെ പ്രത്യേക ശുശ്രൂഷ എന്ത്?
4. ഉയർപ്പിന്റെ പ്രഖ്യാപനത്തിനുള്ള പ്രതിവാക്യം എന്ത്?
5. നീ രക്ഷിക്കപ്പെടുവാൻ നിന്റെ ഹൃദയത്തിലെ ദുഷ്ടത കഴുകിക്കളക എന്ന് യഹോവ അരുളിചെയ്തതാരോട്?
6. മൺകുടം വിലയ്ക്കു വാങ്ങിയ പ്രവാചകൻ ആര്?
7. സുവിശേഷങ്ങൾ എത്ര?
8. മകനെ, നിന്റെ പാപങ്ങൾ മോചിച്ചുതന്നിരിക്കുന്നു എന്ന് യേശു പറഞ്ഞതാരോട്?
9. ഏതു പുരോഹിതന്റെ കാലത്താണ് ദാവീദ് കാഴ്ചയപ്പം തിന്നത്?
10. യേശു അഞ്ചപ്പവും രണ്ടുമീനും വാഴ്ത്തിക്കൊടുത്തപ്പോൾ ശിഷ്യന്മാരുടെ പക്കൽ എത്ര പണം ഉണ്ടായിരുന്നു?

**June- ലെ ഉത്തരങ്ങൾ**

1. 3,9,30,40 എന്നീ ദിവസങ്ങളിൽ
2. മരണാസന്നനായി കിടക്കുന്ന രോഗി
3. എട്ട് എണ്ണം
4. ശീലോവിൽ (യിരെ.7:12)
5. കറക്കൻവെള്ളി (യിരെ.6:30)
6. യെൽദോക്കു മുമ്പുള്ള 8-ാ മതു ഞായർ
7. അശുദ്ധാത്മാവുള്ള മനുഷ്യൻ (മർക്കോസ് 1:24)
8. ശീമോന്റെ (പത്രോസിന്റെ) അമ്മാവിയമ്മ (മർക്കോസ്1:31)
9. യെശയ്യാവ് (മർക്കോസ് 7:6)
10. തിത്തിരിപക്ഷിക്കു തുല്യം (യിരെ.17:11)

# യഥാർത്ഥത്തിൽ ദൈവമുണ്ടോ? ആത്മാവുണ്ടോ?

റിയു റോയി മുളമൂട്ടിൽ

ഏകദേശം 8 ബില്യൺ മനുഷ്യർ ഇന്ന് ലോകത്തു വസിക്കുന്നുണ്ട് എന്നതാണ് ഒരു ഏകദേശകണക്ക്. ഇത്രയും ആളുകളിൽ പകുതിയോ അതിലധികമോ ആളുകൾ പല മതങ്ങളിലൂടെ അല്ലെങ്കിൽ പല കഥകളിലൂടെ ദൈവം ഉണ്ടെന്നു വിശ്വസിക്കുമ്പോൾ ബാക്കി വരുന്ന വിഭാഗം ദൈവം എന്നൊന്നില്ലെന്നും അല്ലെങ്കിൽ ഉണ്ടെങ്കിലും ഇല്ലെങ്കിലും തങ്ങൾക്കൊന്നുമില്ല എന്ന് കരുതുന്നവരുമാണ്. തൽക്കാലം മതങ്ങളുടെയോ യുക്തിവാദികളുടെയോ കാഴ്ചപ്പാടുകളുടെ വിശദീകരണങ്ങളിലേക്കു ഞാൻ കടക്കുന്നില്ല. കാരണം ഈ രണ്ടു കൂട്ടരും അവർ പറയുന്ന വാദങ്ങൾ മാത്രമാണ് ശരി എന്ന് നിരന്തരം വാദിച്ചുകൊണ്ടിരിക്കുന്നവരാണ്. തൽക്കാലം ഈ 8 ബില്യൺ മനുഷ്യരെയും ഒന്നായി കണ്ടുകൊണ്ടു എന്റെ കാഴ്ചപ്പാട് വിശദീകരിക്കാം.

ഓരോ മനുഷ്യനും ഓരോ പോരാളിയാണ്. എവിടെനിന്നോ തുടങ്ങി എവിടെയോ അവസാനിക്കുവാൻ വേണ്ടി നിരന്തരം ഓടിക്കൊണ്ടിരിക്കുന്ന ഒരു പോരാളി. ഓടിക്കൊണ്ടിരിക്കുന്നോ? ആര്? എപ്പോ? ഞാൻ അറിയുന്നില്ലല്ലോ എന്നൊക്കെ പറയാൻ വരട്ടെ. ഓട്ടമത്സരത്തിൽ പങ്കെടുത്തുകൊണ്ടിരിക്കുന്നത് നമ്മുടെ ശരീരമല്ല മറിച്ചു ആത്മാവാണ്. Soul അല്ലെങ്കിൽ ആത്മാവ് എന്ന ആ തേജസ്സിനെ ഇന്നുവരെ ആരും കണ്ടിട്ടില്ല. ശാസ്ത്രം എത്രകണ്ട് വളർന്നാലും നമ്മുടെ ഉള്ളിൽ കൂടി കൊള്ളുന്ന ആ ചൈതന്യത്തെ ഇനിയുമൊട്ടു കണ്ടുപിടിക്കുവാനും പോകുന്നില്ല. ആ ചൈതന്യമാണ് ഇന്നുള്ള നമ്മുടെ ഈ ശരീരത്തെ നിലനിർത്തുന്നത്. ആ ചൈതന്യമാണ് നമ്മൾ പോലുമറിയാതെ നമ്മളെ ഈ ഓട്ട മത്സരത്തിൽ പങ്കെടുപ്പിച്ചുകൊണ്ടിരിക്കുന്നത്. എവിടെ നിന്നോ വന്നു എങ്ങോട്ടേക്കോ പോകുവാൻ വെമ്പൽ കൊള്ളുന്ന ഒരു യാത്ര. ആ യാത്രയിൽ ആ ആത്മാവിന് യാത്ര ചെയ്യുവാൻ കുറച്ചു സമയം ലഭിച്ചിരിക്കുന്ന ഒരു വാഹനം മാത്രമാണ് നമുക്കോരുത്തർക്കും ഇപ്പോഴുള്ള നമ്മുടെ ശരീരം. ലക്ഷ്യം എത്താതെ ഈ വാഹനം കേടായിപ്പോയാലും ആത്മാവ് യാത്ര തുടർന്നു കൊണ്ടേയിരിക്കും.

നമ്മുടെ മനുഷ്യ ശരീരം ഒരു മഹാത്ഭുതമാണ്. പുതുതായി ശാസ്ത്രത്തിന് ഇതേപോലൊന്നു നിർമ്മിച്ചെടുക്കുക അസാധ്യമാണ്. ഓരോ അവയവങ്ങൾക്കുവേണ്ടിയും ഓരോ ഉപകരണങ്ങൾ കണ്ടു പിടിച്ചാലും, ഇതിനെയെല്ലാം കോർത്തിണക്കി റോബോട്ടിനെപ്പോലെ ഒരു ശരീരം ഉണ്ടാക്കിയാലും അതിനു ജീവൻ നൽകുക എന്നത് ശാസ്ത്രത്തിന് അസാധ്യമായ കാര്യമാണ്. കാരണം ജീവൻ എന്നു പറയുന്നത് ആത്മാവാണ്. അതു നൽകുവാൻ അതിന്റെ സൃഷ്ടാവിന് മാത്രമേ കഴിയൂ, എത്ര കിണഞ്ഞു പരിശ്രമിച്ചാലും സൃഷ്ടിക്കു കഴിയുകയില്ല.

ഒരു മരണം സംഭവിക്കുമ്പോൾ എന്താണ് ശരീരത്തിൽ യഥാർത്ഥത്തിൽ സംഭവിക്കുന്നത് എന്ന കാര്യത്തിൽ ശാസ്ത്രം ഇപ്പോഴും ഇരുട്ടിൽ തപ്പുകയാണ്. ഒരു വാഹനം കേടായാൽ ടയർ പഞ്ചറായി, എൻജിൻ ബ്രേക്ഡൗണായി എന്നൊക്കെ പറയുംപോലെ സ്ട്രോക്ക് ആയിരുന്നു, അറ്റാക്ക് ആയിരുന്നു, ക്യാൻസർ ആയിരുന്നു എന്നൊക്കെ പറഞ്ഞു തൽക്കാലം ഇരുട്ടിൽ തപ്പുന്നു എന്നല്ലാതെ ശരീരത്തിൽ നിന്നും ആത്മാവ് വിട്ടുപോയി എന്നൊരു ശാസ്ത്രവും പറയാറില്ല. കാരണം ആത്മാവ് എന്നൊന്ന് ശരീരത്തിൽ യഥാർത്ഥത്തിൽ ഉണ്ടെങ്കിൽത്തന്നെ അതെവിടെയാണ് നിലകൊള്ളുന്നതെന്നും ഇതുവരെ ശാസ്ത്രീയമായി കണ്ടുപിടിക്കപ്പെട്ടിട്ടില്ല. മെഡിക്കൽ സയൻസിനു നമ്മുടെ ശരീരത്തെക്കുറിച്ചു മാത്രമേ ബോധ്യമുള്ളു. ആത്മാവിനെ കുറിച്ചില്ല. ഒരു മസ്തിഷ്ക മരണം സംഭവിച്ച ഒരു വ്യക്തിയുടെ എല്ലാ ശരീര അവയങ്ങളും അതേ പോലെതന്നെ മരണശേഷവും പ്രവർത്തിച്ചു കൊണ്ടിരിക്കും



എന്നു കരുതി തലച്ചോറിലാണ് ആത്മാവ് ഇരിക്കുന്നത് എന്നതിനർത്ഥമില്ല. കാരണം മറ്റ് അസുഖങ്ങൾ വന്നു മരിച്ചാലും കുറച്ചു സമയത്തേക്കു ബ്രെയിൻ സെൽസിനു ഒരു കുഴപ്പവും ഉണ്ടാവുകയില്ല.

ഇനി ഓട്ടമത്സരത്തിലേക്ക് വരാം. എവിടെ നിന്നും തുടങ്ങി എവിടെ അവസാനിക്കുന്നു എന്ന് ഇപ്പോൾ നമുക്കറിയാത്ത യഥാർത്ഥ മത്സരത്തിലേക്ക് ഈ മത്സരത്തിന്റെ തുടക്കത്തിനും ഒടുക്കത്തിനും ഇടയിൽ പല മത്സരങ്ങൾ ഉണ്ടെന്നാണ് എന്റെ വിശ്വാസം. ഒന്നിൽ നിന്നും മറ്റൊന്നിലേക്ക് മാറ്റപ്പെടുന്നു എന്നു മാത്രം, കാരണം അമ്മയുടെ ഗർഭപാത്രത്തിൽ നമ്മൾ ഉരുവായതുതന്നെ കോടിക്കണക്കിനു വരുന്ന നമ്മളുടെ കൂടെ ഓടിയ മറ്റു ബീജങ്ങളെ പരാജയപ്പെടുത്തിയതിനു ശേഷമാണ്. എന്ന് കരുതി അമ്മയുടെ ഗർഭപാത്രത്തിൽ നിന്നാണ് നമ്മൾ എത്തുന്നതിന് മുൻപേ നമ്മുടെ കൂടെ ഓടിയ മറ്റു കോടിക്കണക്കിനു ബീജങ്ങളെ ഒന്നോർത്തു നോക്കിക്കേ. ഒരു മത്സരം തുടങ്ങിയിട്ട് ലക്ഷ്യ സ്ഥാനത്തെത്താതെ പരാജയപെട്ടുപോയവരെക്കുറിച്ചു ഒരു പക്ഷേ നമുക്ക് പകരം ഈ ലോകത്തിൽ വരേണ്ടിയവരായിരുന്നു അതിൽ ഓരോരുത്തരും. പക്ഷേ പിറക്കുന്നതിന് മുമ്പേയുള്ള ആ മത്സരത്തിൽ ലക്ഷ്യത്തിൽ എത്തിയത് നമ്മുടെ ആത്മാവ് മാത്രം.

പിറന്നതിനുശേഷം ഇപ്പോഴുള്ള നമ്മുടെ യഥാർത്ഥ ലക്ഷ്യം നമുക്കറിയാത്തതുപോലെ നമ്മൾ ഉരുവാകുന്നതിന് മുൻപുള്ള ആ മത്സരത്തിലെ ലക്ഷ്യത്തെക്കുറിച്ച് അന്നും നമുക്കറിവില്ലായുന്നു. അച്ചന്റെ ബീജത്തിൽനിന്നും അമ്മയുടെ അണ്ഡത്തിലേക്കുള്ള ഓട്ടത്തിന് മുൻപ് അമ്മയുടെ അണ്ഡം എന്താണെന്നുപോലും നമുക്കറിയില്ലായിരുന്നു. അതായത് ഇപ്പോൾ നമ്മൾ ഓടുന്നതുപോലെ ലക്ഷ്യമില്ലാതെയായിരുന്നു നമ്മുടെ അന്നത്തെ ഓട്ടവും, എന്നാൽ യഥാർത്ഥത്തിൽ ലക്ഷ്യം ഉണ്ടുതാനും. ഇപ്പോൾ നമ്മുടെ ഇനിയുള്ള ലക്ഷ്യം നമ്മൾ തിരിച്ചറിയാത്തതുപോലെ അന്നും തിരിച്ചറിഞ്ഞിരുന്നില്ല എന്നു മാത്രം.

ഇനി അമ്മയുടെ അണ്ഡത്തിൽ കയറിപ്പറ്റി ഈ ഭൂമിയിൽ ജനിക്കുന്നതുവരെയുള്ള ഓട്ടത്തെക്കുറിച്ചു പറയാം. ഓരോ മനുഷ്യനും ഓരോ പോരാളി ആണെന്ന് മുമ്പേ പറഞ്ഞിരുന്നല്ലോ. ഒരുപാടു രാസപ്രക്രിയകളാണ് അണ്ഡത്തിൽ പ്രവേശിച്ച ഒരു ബീജത്തിൽ സംഭവിക്കുന്നത്. അപ്പോഴും ബീജം എന്നു പറയുന്നത് നമ്മുടെ കണ്ണിനുപോലും കാണുവാൻ കഴിയാത്ത ഒരു സൂക്ഷ്മകണ്ണുമാത്രം. അച്ഛന്റെ ശരീരത്തിൽനിന്ന് വന്ന് ഒരു പരിചയവും ഇല്ലാത്ത അമ്മയുടെ ശരീരത്തിൽ പറ്റിച്ചേർന്നു ഒരു കൃമിയായി രൂപാന്തരപ്പെട്ടു പത്തുമാസത്തിനുശേഷം ഒരു മനുഷ്യരൂപമായി പിറവിയെടുത്ത നമ്മൾ അന്നുതൊട്ടേ പോരാളികൾ അല്ലെ, അതേ എന്ന് പറയാമെങ്കിലും മറ്റൊരു കാര്യം നമ്മൾ വിസ്മരിച്ചു പോകരുത്. ഒന്ന് ചിന്തിച്ചാൽ അതുവരെയുള്ള നമ്മുടെ ഓട്ടത്തിൽ നമുക്ക് ലഭിച്ചതൊന്നും നമ്മുടെ സ്വന്തം നേട്ടമായിരുന്നില്ല. മറിച്ചു നമുക്ക് നല്കപ്പെട്ടതാണ്. ആരെന്നു ചോദിച്ചാൽ കൃത്യമായി ഒരണുവിട വ്യത്യാസമില്ലാതെ ഇതെല്ലാം ഡിസൈൻ ചെയ്ത ഒരു ഡിസൈനർ ഉണ്ട്. ഒരു എഞ്ചിനീയർ ഉണ്ട്. ഒരു മാസ്റ്റർ മൈൻഡ് ഉണ്ട്. അതാണ് ദൈവം.

ആ പരമമായ ആത്മാവിന്റെ ഒരു വളരെ ചെറിയ അംശമാണ് നമ്മളിൽ വസിക്കുന്ന നമ്മുടെ ആത്മാവ് ആ പരമാത്മാവിൽ നിന്നും ശ്വാസമായി ഇറങ്ങി മനുഷ്യനായി രൂപാന്തരപ്പെട്ടു, വീണ്ടും ആ പരമോന്നതിയിലേക്ക് ലയിക്കുവാനുള്ളവരാണ് നമ്മൾ ഓരോരുത്തരും. അതിലേക്ക് എത്തുന്നതിനു വേണ്ടിയുള്ള മത്സരങ്ങളിലാണ് നമ്മൾ ഘട്ടം ഘട്ടമായി നമ്മൾ പോലുമറിയാതെ പങ്കെടുത്തുകൊണ്ടിരിക്കുന്നത്. നമ്മൾ അത് തിരിച്ചറിയുന്നില്ല എന്നു മാത്രം. കാരണം അതെല്ലാം ഈ ശരീരത്തിൽ നമുക്ക് നൽകപ്പെട്ട ബുദ്ധിക്കു അതീതമായ കാര്യങ്ങളാണ്. എന്നാൽ തീർച്ചയായും എല്ലാം മനസ്സിലാക്കുന്ന ഒരു സമയം വരും. നമ്മൾ പരമാത്മാവിൽ ലയിക്കുന്ന നമ്മുടെ മത്സരം അവസാനിക്കുന്ന ഒരു സമയം അപ്പോൾ മാത്രമെ കൃത്യമായി നമുക്കിതെല്ലാം മനസ്സിലാകൂ.

ഒരു കഥകൂടി പറഞ്ഞു അവസാനിപ്പിക്കാം. ഒരു അമ്മയുടെ ഗർഭപാത്രത്തിൽ വളരുന്ന ഇരട്ട കുട്ടികളുടെ സംഭാഷണമാണ് പശ്ചാത്തലം. ഒരാൾ യുക്തിവാദിയും മറ്റേയാൾ ദൈവവിശ്വാസിയും. യുക്തിവാദി കുട്ടി പറയുന്നു. എടാ നീ നോക്ക് നമ്മുടെ ലോകം എവിടെയും വെള്ളം മാത്രം. നമ്മൾ കൈകാലിട്ടു അടിക്കുമ്പോൾ ഭക്ഷണം ലഭിക്കുന്നു. പക്ഷേ നീയെന്താണ് ഇതൊന്നും ആസ്വദിക്കാതെ വേറൊരു ലോകത്തെക്കുറിച്ച് പറഞ്ഞുകൊണ്ടിരിക്കുന്നത്? ഉണ്ടെങ്കിൽ എവിടെ? നീ ഇപ്പോൾ കാട്ടിത്തന്നാൽ ഞാൻ വിശ്വസിക്കാം. എന്നാൽ ദൈവവിശ്വാസിയായ മറ്റേ കുട്ടി പറയുന്നു. സഹോദരാ ഈ കാണുന്നതൊന്നുമല്ല യഥാർത്ഥ ലോകം നമ്മുടെ യാത്ര ഇവിടെ അവസാനിക്കുകയില്ല. പത്തുമാസം കഴിയുമ്പോൾ നമ്മൾ ഇവിടെനിന്നും പുറത്തുപോകും. അവിടെ മറ്റൊരു ലോകമുണ്ട്, അവിടെ ഒരു അമ്മ നമ്മളെ കാത്തിരിപ്പുണ്ട്. ആ അമ്മയാണ് വേണ്ട സമയത്തു നമുക്ക് ഭക്ഷണം തരുന്നത്. അല്ലാതെ നീ കാലിട്ടടിക്കുന്നതുകൊണ്ട് എവിടെ നിന്നോ ലഭിക്കുന്നതല്ല. ആ അമ്മയുടെ അടുത്തെത്തു മ്പോൾ ഇതിലും നന്നായി അമ്മ നമ്മളെ നോക്കും. അതുവരെ നീയൊന്നു അടങ്ങിയിരിക്ക്.

ഈ കഥയിൽ യഥാർത്ഥത്തിൽ എന്താണ് സംഭവിക്കാൻ പോകുന്നത് എന്ന് നമക്കോരോരുത്തർക്കും ഇന്ന് അറിയാം. പക്ഷേ നമ്മൾ നിൽക്കുന്ന തലത്തിൽ നിന്നുകൊണ്ട് ചിന്തിച്ചാൽ നമുക്കതൊരിക്കലും മനസ്സിലാവുകയില്ല. ആ ദൈവവിശ്വാസിയായ കുട്ടിക്ക് ഗർഭപാത്രത്തിന് ഉള്ളിൽ നിന്നുകൊണ്ട് എത്ര കണ്ട് കിണഞ്ഞു പരിശ്രമിച്ചാലും മറ്റേ കുട്ടിക്ക് യാഥാർത്ഥ്യം പറഞ്ഞു ബോധ്യപ്പെടുത്തുവാൻ കഴിയില്ല. സാഹചര്യത്തെളിവുകൾ മറ്റേകുട്ടിക്കു അനുകൂലമായിരിക്കും. എന്നാൽ ബോധ്യപ്പെടേണ്ട സമയത്തു കൃത്യമായി എല്ലാം ബോധ്യപ്പെടും.

ഇതുവരെ നമ്മുടെ ഓട്ടത്തെക്കുറിച്ചു പറഞ്ഞല്ലോ. നമ്മൾ വീണ്ടും ഓടിക്കൊണ്ടിരിക്കുകയാണ്. അന്ന് എന്റെ കൂട്ടത്തിൽ ഓടിയ ബീജങ്ങളെപോലെ ഇന്നെന്റെ കൂടെയോടുന്ന എന്റെ സഹോദരങ്ങളാണ് നിങ്ങൾ ഓരോരുത്തരും. പക്ഷേ നമ്മൾ ആരും പരാജയപ്പെടേണ്ടവർ അല്ല, മറിച്ച് വിജയിക്കേണ്ടവരാണ്. നമുക്ക് ചുറ്റിനുമുള്ള ഒന്നിനെക്കുറിച്ചും വ്യാകുലപ്പെടേണ്ടതില്ല. അതെന്തു തന്നെയായാലും നമ്മൾ ഒറ്റയ്ക്കുമല്ല. നമുക്കോരുത്തർക്കും ഒരു ലക്ഷ്യം ഉണ്ട്. ഇതിനപ്പുറം ഒരു ലോകവുമുണ്ട്. നമ്മളെ പൊന്നുപോലെ പരിപാലിക്കുവാൻ അവിടെ ഒരു അച്ഛൻ ഉണ്ട്. കോടാനുകോടി ജീവനുകൾക്കിടയിൽ നമ്മളെ പൊരുതുവാൻ ഇറക്കി വിട്ടിട്ടു നമുക്ക് വേണ്ടതെല്ലാം സമയാസമയങ്ങളിൽ ഒരുക്കിവച്ചിട്ടു, നമ്മൾ മത്സരം വിജയിച്ചു തിരികെയെത്തുന്നതും കാത്തിരിക്കുന്ന ഒരു അച്ഛൻ. വിശ്വസിക്കുക.

# വിശ്വാസ ജീവിതത്തിന് മാർഗ്ഗദർശിയായ വി. തോമാശ്ലീഹാ

ഫാ. മോനായി കെ. ഫിലിപ്പ്, കർക്കടകംപള്ളിൽ

ദൈവനിയോഗ പ്രകാരം ഭാരതത്തിലേക്ക് എ.ഡി. 52-ൽ കടന്ന് വന്ന് ക്രിസ്തുവിനെ പ്രഘോ ഷിച്ച്, ഈ മണ്ണിൽതന്നെ രക്തസാക്ഷിയായ ഭാരതത്തിന്റെ അപ്പസ്തോലനായ തോമാശ്ലീഹായുടെ ഓർമ്മ ജൂലൈ 3-ന് കൊണ്ടാടുന്നു. ദീദിമോസ് എന്ന തോമസ് എന്നാണ് സുവിശേഷങ്ങൾ ഇദ്ദേഹത്തെ അഭിസംബോധന ചെയ്യുന്നത്. ഇരട്ട പിറന്നതുകൊണ്ടാണ് ഇങ്ങനെ അറിയപ്പെട്ടിരുന്നത്. വി. തോമാശ്ലീഹാ എപ്രകാരം വിശ്വാസ ജീവിതത്തിന് മാർഗ്ഗദർശിയാകുന്നു എന്ന് ചിന്തിക്കാം.



**ലഘു ജീവചരിത്രം.**

ഗലീലയാണ് തോമാശ്ലീഹായുടെ ജന്മസ്ഥലം അദ്ദേഹത്തിന് യേശുവിനെക്കാൾ ഒന്നോ രണ്ടോ വയസു കൂടുതൽ ഉണ്ടാകാമെന്നാണ് ചരിത്രകാരന്മാരുടെ അഭിപ്രായം. യേശുവിന്റെ പുനരുത്ഥാനത്തിന് ശേഷം ഏറ്റവും കൂടുതൽ യാത്ര ചെയ്ത അപ്പസ്തോലനാണ് ഇദ്ദേഹം. മൈലാപ്പൂരിൽ വച്ച് എ.ഡി. 72-ൽ കുന്തം കൊണ്ടുള്ള കുത്തേറ്റ് രക്തസാക്ഷിത്വം വഹിച്ചു. ഡിസംബർ 21-നാണ് രക്തസാക്ഷിത്വ മെന്നാണ് പാരമ്പര്യം. മൈലാപ്പൂരിൽ സംസ്ക്കരിക്കപ്പെട്ടു. തോമാശ്ലീഹായുടെ തിരുശേഷിപ്പ് എഡേസായിലേക്ക് മോർ ക്നായിതോമ്മാ കൊണ്ടുപോയി അവിടെ സൂക്ഷിച്ചിരിക്കുന്നു എന്നും വിശ്വസിക്കുന്നു. കേരളത്തിൽ ഏഴരപള്ളികൾ സ്ഥാപിച്ച് അനേകരെ ക്രിസ്തീയ വിശ്വാസികളാക്കി. പരി.ദൈവമാതാവിന്റെ വാങ്ങിപ്പിന്റ സമയത്ത് പരിശുദ്ധ റൂഹായുടെ ശക്തിയാൽ തോമാശ്ലീഹാ ഓയാറിൽ വച്ച് അതിന് സാക്ഷിയാകുകയും, അതിന്റെ അടയാളമായി സൂനോറോ ലഭിച്ചുവെന്നുമാണ് സഭാപാരമ്പര്യം.

**വി. തോമാശ്ലീഹാ നല്കുന്ന ദർശനങ്ങൾ**

**1. ക്രിസ്തുവിനായി മരിക്കാനുള്ള സന്നദ്ധത യുടെ വിശ്വാസജീവിതം.** യോഹന്നാന്റെ സുവിശേഷം 11-ാം അദ്ധ്യായത്തിൽ യേശുവിന് പ്രിയപ്പെട്ട ബെഥാന്യയിലെ ലാസർ ദീനമായി കിടക്കുന്നു എന്ന വാർത്തകേട്ട്, അവിടേക്ക് പുറപ്പെടാൻ ആരംഭിക്കുന്നു. അപ്പോൾ ശിഷ്യന്മാർ ഗുരുവിനെ വിലക്കുന്നു. കാരണം യഹൂദന്മാർ യേശുവിനെ കൊല്ലാൻ ഗൂഡാലോചന നടത്തുന്നു. എന്നാൽ തോമാശ്ലീഹാ മറ്റു ശിഷ്യരോട് പറയുന്നു. "അവനോടുകൂടെ മരിക്കേണ്ടതിന് നാമും പോക" (യോഹ.11:16).

ശിഷ്യത്വമെന്നത് ക്രിസ്തുവിനോട് ചേർന്ന് ജീവിക്കുന്നത് മാത്രമല്ല, ക്രിസ്തുവിനുവേണ്ടി മരിക്കാനുള്ള സന്നദ്ധത യുമാണ് എന്ന് ഇത് കുറിക്കുന്നു. സ്വാർത്ഥതയും, അനിശ്ചിത ത്വവും നിറഞ്ഞ ഇന്ന് വിശ്വാസ ജീവിതത്തിന്റെ ശ്രേഷ്ട തയാറായിരിക്കേണ്ടതിന് ക്രിസ്തുവിനെപ്പോലെ ജീവിക്കു വാനും, പ്രവർത്തിക്കുവാനും നമുക്ക് സാധിക്കണം. ക്രിസ്തീയ വിശ്വാസമെന്നത് ഒരു ജീവിതചര്യയായി മാറണം. നമ്മിലൂടെ ക്രിസ്തു ഇന്നും ജീവിക്കണം.

**2. അന്വേഷണത്തിന്റെ വിശ്വാസ ജീവിതം**

യോഹന്നാൻ 14-ാം അദ്ധ്യായത്തിൽ യേശു തന്റെ സ്വർഗ്ഗാരോഹണത്തെക്കുറിച്ചും, രണ്ടാംവരവിനെക്കുറിച്ചുമുള്ള സംഭാഷണ മദ്ധ്യേ അരുളി ചെയ്തു. 'ഞാൻ നിങ്ങൾക്ക് സ്ഥലം ഒരുക്കുവാൻ പോകുന്നു.' ഞാൻ പോകുന്ന ഇടത്തേക്കുള്ള വഴി നിങ്ങൾ അറിയുന്നു. അപ്പോൾ തോമസ് ചോദിക്കുന്നു. കർത്താവേ നീ എവിടെപ്പോകുന്നു എന്ന് ഞങ്ങൾ അറിയുന്നില്ല. പിന്നെ വഴി എങ്ങനെ ഞങ്ങൾ അറിയുമെന്ന് (യോഹ. 14:5). ഇതിനു മറുപടിയായി വലിയൊരു സത്യം യേശു പറയുന്നു. 'ഞാൻ തന്നെ വഴിയും, സത്യവും ജീവനും ആകുന്നു'. (14:6).

വിശ്വാസ ജീവിതത്തെ കൂടുതൽ ധന്യമാക്കു ന്നത് യേശുവിനെക്കുറിച്ചുള്ള അന്വേഷണങ്ങ ളായിരിക്കണം. വിശ്വാസ ജീവിതത്തിൽ വചന ധ്യാനത്തിന്റെ പ്രസക്തി ഇവിടെ വെളിവാകുന്നു. വചനപഠനത്തിലൂടെയും, ധ്യാനത്തിലൂടെയും വെളിവാകുന്ന അറിവ് വിശ്വാസത്തിന്റെ ആഴങ്ങളിൽ എത്താൻ ഇടയാക്കണം.

**3. പശ്ചാത്താപത്തിന്റെ വിശ്വാസ ജീവിതം.**

യേശുവിന്റെ പുനരുത്ഥാനത്തിന് ശേഷമുള്ള രണ്ട് പ്രത്യക്ഷപ്പെടലുകൾ യോഹന്നാന്റെ സുവിശേഷം 20-ാം അദ്ധ്യായത്തിൽ രേഖപ്പെടു ത്തിയിരിക്കുന്നു. ആദ്യത്തെതിൽ തോമാശ്ലീഹാ ഉണ്ടായിരുന്നില്ല. അതിനെക്കുറിച്ച് മറ്റു ശിഷ്യന്മാർ അവനോട് പറഞ്ഞപ്പോൾ തോമാശ്ലീഹാ പറയുന്നു. "ഞാൻ അവന്റെ കൈകളിൽ ആണിപ്പഴുതു കാണുകയും, ആണിപ്പഴുതിൽ വിരൽ ഇടുകയും ചെയ്തിട്ടല്ലാതെ വിശ്വസിക്കുകയില്ല. യേശുവിന്റെ അടുത്ത പ്രത്യക്ഷപ്പെ ടലിൽ യേശു തോമാശ്ലീഹായോട് പറയുന്നു, 'നിന്റെ കൈ നീട്ടി എന്റെ വിലാപുറത്ത് ഇടുക' (യോഹ. 20:27). ഉടനെയുള്ള തോമാശ്ലീഹായുടെ മറുപടി വളരെ ശ്രദ്ധേയ മാണ്. 'എന്റെ കർത്താവും, എന്റെ ദൈവവുമായു ള്ളോനേ' (യോഹ. 20:28). ഇത് സൂചിപ്പിക്കുന്നത് തോമാശ്ലീഹായുടെ പശ്ചാത്താപവും, വിശ്വാസ പ്രഖ്യാപനവുമാണ്.

റോമൻ ചക്രവർത്തികളെ കാണുമ്പോൾ പറയുന്ന ഉപചാര വാക്കുകളാണിവ എന്ന് പണ്ഡിതന്മാർ ഇതിനെക്കുറിച്ച് സൂചിപ്പിക്കുന്നു. ഈ ലോകത്തിലും, വരുവാനിരിക്കുന്ന ലോക ത്തിലും, അങ്ങെന്റെ നാഥൻ എന്ന വിശ്വാസ പ്രഖ്യാപനമാണ്. സംശയാലുവായ തോമസ് എന്ന അർത്ഥത്തിൽ ഇതിനെ വിശേഷിപ്പിക്കുമെങ്കിലും, അതിന്റെ ഉത്തരത്തിൽ വെളിപ്പെടുന്ന പശ്ചാത്താപം നാം അനുകരി ക്കേണ്ടതുണ്ട്.

**ഉപസംഹാരം**

വി. തോമാശ്ലീഹായെ നാം സ്മരിക്കുമ്പോൾ അദ്ദേഹത്തിന്റെ ജീവിത മാതൃകയും, വിശ്വാസ ജീവിതവും ഉൾക്കൊണ്ട്, ക്രിസ്തുവിനുവേണ്ടി മരിക്കാനുള്ള സന്നദ്ധതയോടെ. വചനധ്യാനത്തിലൂടെ ദൈവത്തെ അനുഭവിച്ചറിഞ്ഞ് വിശ്വാസത്തിൽ കൂടുതൽ ആഴമുള്ള വരാകാനും, പശ്ചാത്താപത്തോടെ ദൈവമാണ് എന്റെ സകലവുമെന്ന വിശ്വാസ അനുഭവത്തോടെ വിശ്വാസ ജീവിതം നയിക്കുവാൻ ഇടയാകട്ടെയെന്ന് ആശംസിച്ച്, വി. തോമാശ്ലീഹായുടെ മദ്ധ്യസ്ഥത നമുക്കെന്നും കോട്ടയാ യിരിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.



# ലഹരിക്കെണിയിൽ കുരുങ്ങുന്ന കൗമാരം

അനിൽബോസ്
(അക്രഡിറ്റഡ് ട്രെയിൻ), ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്
കേരളസർക്കാർ, തിരുവനന്തപുരം

സമൂഹത്തിനെ നാശത്തിലേക്കു നയിക്കുന്ന ലഹരി മരുന്നുകൾ ജീവിതത്തിൽനിന്നും തുടച്ചു നീക്കുക എന്ന ലക്ഷ്യവുമായി ലോകരാജ്യങ്ങൾ ഇന്ന് ലഹരി വിരുദ്ധ ദിനം ആചരിക്കുകയാണ്. യുവതലമുറയാണ് ഇന്ന് ഏറ്റവും കൂടുതൽ ലഹരി പദാർത്ഥങ്ങൾക്കും മയക്കുമരുന്നുകൾക്കും അടിമകളാകുന്നത്. യുവതലമുറ ലഹരി വസ്തുക്കളിലേക്ക് ആകർഷിക്കപ്പെടുന്നത് തടയണമെന്ന് ഐക്യരാഷ്ട്ര സമിതി നിർദ്ദേശിക്കുന്നുണ്ട്. ഐക്യരാഷ്ട്രസംഘടനയാണ് ജൂൺ 26 അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനമായി പ്രഖ്യാപിച്ചത്. ലിസൺ ഫസ്റ്റ് എന്നതാണ് ഇക്കുറിയിലെ മുദ്രാവാക്യം.


കൗമാരക്കാരെ ആകർഷിക്കുന്ന ലഹരി മരുന്നുകൾ മസ്തിഷ്കത്തെയും നാഡിപ്രവർത്ത നത്തെയും ബാധിക്കും. വീണ്ടും വീണ്ടും ഉപയോഗിക്കണമെന്ന പ്രേരണ ഉയർത്തുകയും ചെയ്യും. ദു:ഖങ്ങൾ മറക്കാനും സന്തോഷത്തി നായുമാണ് മയക്കുമരുന്ന് ഉപയോഗിക്കു ന്നതെന്നാണ് പല മയക്കുമരുന്ന് അടിമകളും പറയുന്നത്. രാജ്യത്ത് ലഹരിക്കടിമകളായവർ 7.3 കോടിയിലേറെ യുണ്ടെന്നാണ് കണക്ക്.

ഹഷീഷ്, കഞ്ചാവ്, ഹെറോയിൻ, കറുപ്പ്, കൊക്കയിൻ തുടങ്ങിയവ അനധികൃത മയക്കു മരുന്നുകളാണ്. ഇവ മനുഷ്യന്റെ കൊലയാളികളാണ്. രോഗശമനത്തിനായുള്ള ചില മരുന്നുകൾ കൂടുതലായി ഉപയോഗിക്കുന്നതും ശരീരത്തിന് നല്ലതല്ല. മയക്കുമരുന്നുകൾ ഉപയോഗിക്കുന്ന തുപോലെ പ്രചരിപ്പിക്കുന്നതും വലിയ തെറ്റാണ്. മയക്കു മരുന്ന് പ്രചരിപ്പിക്കുന്നതും വിറ്റഴിക്കുന്നതും ശിക്ഷാർഹ മാണ്. പരമാവധി മുപ്പത് വർഷം വരെ കഠിന തടവു ലഭിച്ചേക്കാം.

മയക്കു മരുന്ന് ഉപയോഗം ക്യാമ്പസുകളിലും വർദ്ധിച്ചുകൊണ്ടിരിക്കുകയാണെന്നാണ് ഓരോ വർഷവു മുള്ള കണക്കുകൾ സൂചിപ്പിക്കുന്നത്. സ്വയം നശിക്കുന്ന ഇക്കൂട്ടരെ രക്ഷപ്പെടുത്തുന്നതിൽ നിന്നും വൈദ്യശാസ്ത്രം പോലും പരാജയപ്പെടും. ജീവിതം ലഹരി വിമുക്തമാക്കാൻ ലോകത്താകമാനം ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നു. എന്നാൽ സ്വയം ഇനി ലഹരി പദാർത്ഥം ഒരിക്കലും ഉപയോഗിക്കില്ല എന്ന് ഒരു വ്യക്തി ഉറച്ച തീരുമാനമെടുക്കുന്നതാണ് ഇത്തരം ബോധവത്ക്കരണ പരിപാടികളുടെ പൂർണ്ണ വിജയം.

മാനസികരോഗം, അപസ്മാരം എന്നിവയ്ക്കു പയോഗിക്കുന്ന ഗുളികകളുടെ ദുരുപയോഗവും ഇന്ന് വ്യാപകമാണ്. അച്ഛനും അമ്മയ്ക്കും ഒരിക്കൽപോലും സംശയമുണർത്താത്ത രീതിയിൽ ഇത്തരം മരുന്നുകൾ കുട്ടികൾക്ക് ഉപയോഗിക്കാനാവുന്നതും ഇതിന്റെ പ്രത്യേകതയാണ്.

കുട്ടികൾക്കിടയിലെ ലഹരി ഉപയോഗം നിത്യസംഭവ മായി മാറുകയാണ്. ആകാംക്ഷയാൽ ലഹരി പരീക്ഷിച്ചു



തുടങ്ങുകയും പിന്നീട് ക്രമേണ അഡിക്ഷൻ എന്ന അവസ്ഥയിലേക്ക് എത്തിപ്പെടു കയുമാണ് ചെയ്യുന്നത്.

വിദ്യാർത്ഥികളെയും യുവാക്കളെയും മയക്കുമരുന്നിന്റെ ലോകത്തിലേക്ക് എത്തിക്കുന്നതിനായി ലഹരി മാഫിയ മയക്കുമരുന്നുകൾ തുടക്കത്തിൽ സൗജന്യമായി വിതരണം ചെയ്യുന്നു. സംസ്ഥാനത്തെ 25 ശതമാനം ഹൈസ്കൂൾ, ഹയർ സെക്കൻഡറി വിദ്യാർത്ഥികളും ഒരുതവണയെ ങ്കിലും മയക്കുമരുന്നുപയോഗിച്ചിട്ടുണ്ടെന്ന് കണ്ടെത്തി യിരുന്നു. 16-നും 18-നും ഇടയിൽ പ്രായമുള്ള 48% പേരും, 14-നും 15-നും ഇടയിലുള്ള 43% പേരും മയക്കു മരുന്നുപയോഗിച്ചതായി കണ്ടെത്തി.

ഒരു തവണത്തെ ഉപയോഗം കൊണ്ടുപോലും ലഹരിക്ക് അടിമപ്പെട്ട് പോകാം. തലച്ചോറിലെ രാസഘടനയിൽ വിവിധ തരത്തിലുള്ള മാറ്റങ്ങൾ വരുത്തുകയും ക്രമേണ ലഹരി വസ്തുക്കൾ സ്ഥിരമായുപയോഗിക്കുന്ന അവസ്ഥയിലെത്തി ക്കുകയും ചെയ്യും. പല രൂപങ്ങളിലും പേരുകളിലും ലഭ്യമാണ്. പ്രത്യേകിച്ചൊരു മണമോ നിറമോ തിരിച്ചറിയ ത്തക്കതായി ഇല്ലാത്തതുകൊണ്ട് പലപ്പോഴും ഇത്തരം വസ്തുക്കളുടെ ഉപയോഗം കണ്ടു പിടിക്കുന്നത് ബുദ്ധിമുട്ടാണ്.

കഞ്ചാവുൽപ്പന്നങ്ങൾ പുകയായും ലഘുഭക്ഷ ണങ്ങളിൽ ചേർത്തും ഉപയോഗിക്കുന്നു. ഇത്തരം ഉൽപ്പന്നങ്ങൾ ശ്വസിക്കുമ്പോൾ ഇതിലടങ്ങിയി രിക്കുന്ന വിഷവസ്തുക്കൾ ശ്വാസനാളിയിലൂടെ രക്തത്തിലേക്ക് വളരെ പെട്ടെന്നു തന്നെ

ആഗിരണം ചെയ്യപ്പെടുന്നു. വായിലൂടെ കഴിക്കുന്ന ലഹരി ഉൽപ്പന്നങ്ങൾ ഉടൻ തന്നെ മത്തുപിടിപ്പിക്കുകയും കൂടുതൽ നേരം ലഹരിപ്പിടിയിൽ അമർത്തുകയും ചെയ്യുന്നു. കരളിലെ രാസാഗ്നികളെ ഉദ്ദീപിപ്പിക്കാൻ കഞ്ചാവിലെ വിഷവസ്തുക്കൾക്ക് കഴിയും. ഇത്തരം വിഷവസ്തുക്കൾ ശരീരത്തിൽ പ്രവേശിച്ചാൽ പൂർണ്ണമായും ശരീരം വിട്ടൊഴിയാൻ ഏകദേശം ഒരുമാസമെടുക്കുന്നതു കൊണ്ടുതന്നെ വളരെ ചെറിയ അളവിൽ വല്ലപ്പോഴുമുള്ള ഉപയോഗംപോലും ശരീരത്തിന് വളരെയധികം ദോഷം ചെയ്യുന്നു.

മാനസികരോഗം, അപസ്മാരം എന്നിവയ്ക്കുപയോഗിക്കുന്ന ഗുളികകളുടെ ദുരുപയോഗവും ഇന്ന് വ്യാപകമാണ്. ഇത് വരുത്തിവെക്കുന്ന വിപത്തുകളെക്കുറിച്ച് കുട്ടികൾ ബോധവാന്മാരല്ല. ഒരു സുഹൃത്തിന്റെ കുട്ടി പറഞ്ഞത് ഇങ്ങനെയാണ്. "കഞ്ചാവ് പ്രകൃതിദത്തമാണെന്ന് സുഹൃത്തുക്കൾ പറഞ്ഞതിനാൽ ഞാൻ അതുപയോഗിച്ചു. ഞാൻ മാത്രമല്ല എന്റെ ഒരുപാട് സുഹൃത്തുക്കൾ അതുപയോഗിക്കുന്നുണ്ട്."

മാനസികാരോഗ്യവിദഗ്ധനും മന:ശാസ്ത്രജ്ഞനും വ്യത്യസ്തമായതും പ്രധാനപ്പെട്ടതുമായ പങ്ക് ചികിത്സാഘട്ടങ്ങളിൽ വഹിക്കേണ്ടതായിട്ടുണ്ട്. മാനസികാരോഗ്യ വിദഗ്ധനു മാത്രമേ ഔഷധങ്ങൾ നിർദ്ദേശിക്കാനുള്ള അധികാരമുള്ളു. എന്നാൽ, കൗൺസിലിംഗും സൈക്കോതെറാപ്പിയും ചെയ്യുമ്പോൾ സൈക്കോളജിസ്റ്റിന്റെ സേവനവും അത്യാവശ്യമാണ്. അതുകൊണ്ടുതന്നെ സൈക്യാട്രിസ്റ്റിനും സൈക്കോളജിസ്റ്റിനും ലഹരി വിമുക്ത ചികിത്സയിൽ വ്യത്യസ്തവും പ്രയോജനകരവുമായ പങ്കു വഹിക്കുവാനുണ്ട്. സ്കൂളുകളിൽ കൗൺസലർമാരെ നിയമിക്കുന്നത് കുട്ടികളുടെ പ്രശ്നങ്ങൾ വ്യക്തമായി മനസ്സിലാക്കാനും പരിഹരിക്കാനും സഹായിക്കുന്നു. വർദ്ധിച്ചു വരുന്ന ലഹരി വസ്തുക്കളുടെ ഉപയോഗം ശാരീരികമായി ഒട്ടേറെ പ്രശ്നങ്ങളിലേക്ക് നയിക്കും. ഇത്തരം ആളുകളിൽ ഓക്കാനം, ഛർദി, വിശപ്പില്ലായ്മ, മലബന്ധം, ശ്വാസതടസ്സം, ഹൃദയമിടിപ്പ് കുറയുക, രക്തസമ്മർദ്ദം കുറഞ്ഞുപോകുക, ചൊറിച്ചിൽ, തുടർച്ചയായ അണുബാധ, ഹെപ്പറ്റൈറ്റിസ്, ക്ഷയരോഗം, പോഷകാഹാരക്കുറവ്, കരൾരോഗങ്ങൾ, ഡിമൻഷ്യ, മാനസികരോഗങ്ങൾ. ലൈംഗികശേഷിക്കുറവ്, ബോധക്ഷയം, അപസ്മാരം എന്നിവ കാണപ്പെടുന്നുണ്ട്.

കൗമാരക്കാരുടെ മരുന്നിന്റെ ദുരുപയോഗവും ആശങ്കാജനകമാണ്. അച്ഛനും അമ്മയ്ക്കും ഒരിക്കൽപോലും സംശയമുണർത്താത്ത രീതിയിൽ ഇത്തരം മരുന്നുകൾ കുട്ടികൾക്ക് ഉപയോഗിക്കാനാവുന്നതും ഇതിന്റെ പ്രത്യേകതയാണ്. കൗൺസിലിംഗിന് വന്ന ഒരു അച്ഛനും അമ്മയും പറഞ്ഞത് തങ്ങൾക്കിതുവരെ ഒരു മരുന്നോ ഒരു സിഗരറ്റോ തങ്ങളുടെ കുഞ്ഞിൽ നിന്നും കാണാനായിട്ടില്ല എന്നാണ്. കഞ്ചാവ് മാഫിയകൾ 18 വയസ്സിന് താഴെയുള്ള കുട്ടികളെ പ്രലോഭിപ്പിച്ച് മരുന്നു വിൽപ്പനക്കാരാക്കുന്ന അവസ്ഥയുണ്ട്. കൗമാരക്കാരായ കുട്ടികൾ ലഹരി മരുന്നുപയോഗിക്കുന്നുണ്ടോ എന്നത് ഏറ്റവും വേഗം മനസ്സിലാക്കാൻ സാധിക്കുക മാതാപിതാക്കൾക്കും അദ്ധ്യാപകർക്കുമാണ്.

**ലഹരി ഉപയോഗിക്കുന്ന കുട്ടികളിൽ കാണപ്പെടുന്ന ലക്ഷണങ്ങൾ**

* മാനസികാവസ്ഥയിലും സ്വഭാവത്തിലും പെട്ടെന്നുണ്ടാകുന്ന മാറ്റം
* വിശപ്പില്ലായ്മയും മനംപിരട്ടലും
* ശാരീരികാസ്വസ്ഥതകൾ, ഉറക്കക്ഷീണം, മയക്കമോ, അല്ലെങ്കിൽ ഉറക്കമില്ലായ്മയോ
* ഊർജസ്വലതയില്ലായ്മ
* ക്രമരഹിതമായ കാൽച്ചുവടുകൾ
* പണത്തിന് വർദ്ധിച്ചുവരുന്ന ആവശ്യവും മോഷണശ്രമവും
* പുതിയ കൂട്ടുകെട്ട്/സൗഹൃദങ്ങൾ
* പഠനത്തിലും പാഠ്യേതര വിഷയങ്ങളി ലുമുള്ള താത്പര്യവും ശ്രദ്ധയും കുറയുക
* സ്കൂളിൽ പോകാതിരിക്കുക
* കള്ളം പറയുക
* ടോയ്‌ലറ്റിൽ അധികനേരം ചെലവഴിക്കുക
* ഗുളികകൾ, സിഗരറ്റ്, സിറിഞ്ച് മുതലായവ കൈവശം സൂക്ഷിക്കുക
* കുറ്റകൃത്യങ്ങളിൽ ഏർപ്പെടുക
* വിഷാദം. ക്ഷീണം, നിരാശ തുടങ്ങിയവ പ്രകടിപ്പിക്കുക
* അമിതദേഷ്യവും വിദ്വേഷപൂർണ്ണമായ പെരുമാറ്റവും
* വ്യക്തിശുചിത്വം പാലിക്കാതിരിക്കുക
* കൃത്യനിഷ്ഠയില്ലായ്മ
* സംശയാസ്പദമായ രീതിയിലുള്ള പെരുമാറ്റം
* ഏകാന്തത ഇഷ്ടപ്പെടുക
* ഒളിച്ചോടാനുള്ള പ്രവണത
* കതകടച്ച് മുറിയിൽത്തന്നെ ഇരിക്കുക.

ഇത്തരം അവസ്ഥയിൽ കുട്ടികളെ കാണുകയാണെങ്കിൽ പ്രത്യേക ശ്രദ്ധകൊടുത്ത് ചികിത്സയ്ക്ക് എത്തിക്കേണ്ടത് അത്യാവശ്യമാണ് ലഹരിമോചന ചികിത്സക്കായി ഡോക്ടറുടെയോ, സൈക്കോളജിസ്റ്റിന്റെയോ, കൗൺസലറുടെയോ സഹായം അഭ്യർത്ഥിക്കുക. ലഹരിക്കടിമപ്പെടുന്നത് ഒരു രോഗാവസ്ഥ തന്നെയാണെന്ന് മനസ്സിലാക്കുകയും ചികിത്സ തേടേണ്ടതുമാണ്. കുടുംബത്തിലെ പ്രശ്നങ്ങളും പഠനത്തിലെ പിന്നാക്കാവസ്ഥയുമാകാം കുട്ടികളെ ലഹരിയിൽ കൊണ്ടെത്തിക്കുന്നത്. ഇത്തരം അവസ്ഥകളിൽ നിന്ന് കുട്ടികളെ രക്ഷിക്കാൻ കുട്ടികളോട് ഏത് കാര്യവും തുറന്ന് സംസാരിച്ചാൽ സാധിക്കാവുന്നതേയുള്ളൂ. മൂല്യങ്ങൾക്കും ബന്ധങ്ങൾക്കും പ്രാധാന്യം കൊടുക്കുന്ന വ്യക്തിത്വം കുട്ടികളിൽ വളർത്തിക്കൊണ്ടു വരാൻ ശ്രമിക്കുക. അച്ഛനും അമ്മയും ലഹരിവസ്തുക്കൾക്ക് അടിമപ്പെടാതെ മാതൃകയാകുന്നത് കുട്ടിയുടെ ആരോഗ്യകരമായ വളർച്ചയ്ക്ക് സഹായിക്കുന്നു.

**ലഹരിയിലേക്കെത്തുന്നതിങ്ങനെ**


* സമപ്രായക്കാരായ കുട്ടികളുടെ നിർബന്ധം
* ലഹരിവസ്തു എന്താണെന്നറിയാനുള്ള ആകാംക്ഷ
* മാനസികമായ പ്രയാസങ്ങൾ
* കുടുംബബന്ധങ്ങളിലെ വിള്ളലുകൾ
* അനുകരണഭ്രമം
* ഹെർബൽ ആണെന്നുള്ള മിഥ്യാധാരണ
* താരതമ്യേന എളുപ്പത്തിലുള്ള ലഭ്യത
* എന്റെ ചിന്താശേഷി വളരും എന്ന മിഥ്യാധാരണ.



# പ്രേംചന്ദ്- ഹിന്ദി സാഹിത്യത്തിലെ കഥാസാമ്രാട്ട്

**എബി**

പ്രേംചന്ദ് വെറുമൊരു നോവലിസ്റ്റും കഥാകാ രനും മാത്രമായിരുന്നില്ല. ഹിന്ദിയിലും ഉർദുവിലുള്ള ചെറുകഥയുടെയും നോവൽരൂപത്തിന്റെയും കുലപതി യായിട്ടാണ് കണക്കാക്കപ്പെടുന്നത്. പത്തൊൻപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ ഇൻഡ്യയിൽ നിലനിന്നിരുന്ന ജാതി സമ്പ്രദായം, ശൈശവ വിവാഹം, സ്ത്രീധന സമ്പ്രദായം എന്നിവയ്ക്കെതിരെ തൂലിക ചലിപ്പിച്ച ധീരനായ എഴുത്തുകാരനായിരുന്നു പ്രേംചന്ദ്. വിധവാ വിവാഹം, ഹിന്ദു മുസ്ലീം മൈത്രി, സ്ത്രീ വിദ്യാഭ്യാസം എന്നിവയ്ക്ക് അനുകൂലമായും തന്റെ കൃതികളിലൂടെ സാധാരണ ജനങ്ങളെ ബോധവാന്മാരാക്കാൻ ശ്രമിച്ചു. രാജ്യത്തിന്റെ പുരോഗതിക്കും സാമൂഹിക മുന്നേറ്റത്തിനുംവേണ്ടി തൂലികയെടുത്ത് അദ്ദേഹം പോരാടി. തന്റെ കാലഘട്ടത്തിലെ കർഷകരുടെയും തൊഴിലാളികളു ടെയും അടിസ്ഥാന പ്രശ്നങ്ങളെ പ്രേംചന്ദ് തന്റെ തൂലികക്ക് വിഷയമാക്കി ഫ്യൂഡലിസത്തിന്റെയും മുതലാളിത്തത്തിന്റെയും നിശിത വിമർശകനായ അദ്ദേഹം ഗ്രാമീണ ജീവിതത്തെയും നഗര ജീവിതത്തെയും ഒരുപോലെ ചിത്രികരിച്ചു.



ധൻപത്റായ് എന്ന പ്രേംചന്ദ് 1880 ജൂലൈ 31- ന് ഉത്തർ പ്രദേശിലെ വാരണാസിക്കടുത്ത് ലമഹി ഗ്രാമത്തിൽ ജനിച്ചു. പോസ്റ്റാഫീസ് ക്ലാർക്കായിരുന്ന അച്ഛൻ അജയ്ബാൽ ശ്രീവാസ്തയുടെയും അമ്മ ആനന്ദി ദേവിയുടെയും നാലാമത്തെ മകനായിരുന്നു. ലാൽപൂരിലെ ഒരു മദ്രസയിലായിരുന്നു പ്രാഥമിക വിദ്യാഭ്യാസം. ഉർദുവും പേർഷ്യനും അവിടെ പഠിച്ചു. എട്ടാം വയസിൽ അമ്മ മരിച്ചു. അച്ഛൻ വേറെ വിവാഹം കഴിച്ചു 15-ാം വയസിൽ പ്രേംചന്ദിന്റെ വിവാഹവും നടത്തി. അതിനടുത്ത വർഷം തന്നെ അച്ഛനും മരിച്ചു. അതോടെ രണ്ടാനമ്മയും രണ്ടു കുട്ടികളുംകൂടി പ്രേംചന്ദിന്റെ ചുമതലയിലായി.

വക്കീലാകണം എന്നാഗ്രഹിച്ച പ്രേംചന്ദ് ട്യൂഷനെടുത്തും പട്ടിണി കിടന്നും കഥകളെഴു തിയും ഒരു വിധത്തിൽ മെട്രിക്കുലേഷൻ പാസ്സായി. പിന്നീട് മുന്നോട്ടു പഠിക്കാനാകാതെ അദ്ധ്യാപക നായി ഔദ്യോഗിക ജീവിതം ആരംഭിക്കേണ്ടിവന്നു. പ്രധാനാദ്ധ്യാപകനായും പിന്നീട് വിദ്യാഭ്യാസവകുപ്പിൽ ഡെപ്യൂട്ടി ഇൻസ്പെക്ടറായും സേവന മനുഷ്ഠിച്ചു.

ആദ്യ ഭാര്യ മരിച്ചപ്പോൾ വിധവാ വിവാഹം പാപമായി കരുതിയിരുന്ന അക്കാലത്ത് വിധവയായ ശിവറാണി ദേവിയെ കല്യാണം കഴിച്ച് പ്രേംചന്ദ് വിപ്ലവം സൃഷ്ടിച്ചു അതിൽ മൂന്നു മക്കൾ ജനിച്ചു. ശ്രീപത്റായ്, അമൃതറായ്, മകൾ കമല.

ഉർദുവിൽ നവാബ്റായ് എന്ന പേരിലാണ് പ്രേംചന്ദ് എഴുതിത്തുടങ്ങിയത് ആദ്യ കഥാസമാഹരമായ 'സോജേവതൻ' (രാഷ്ട്രത്തിന്റ വിലാപം) 1907-ൽ പ്രകാശിതമായി. അത് രാജ്യ ദ്രോഹപരമാണെന്നു പറഞ്ഞ് ബ്രിട്ടീഷ് സർക്കാർ കണ്ടുകെട്ടി കത്തിച്ചു കളഞ്ഞു. പിന്നീട് അദ്ദേഹം പേരുമാറ്റി പ്രേംചന്ദ് എന്ന തൂലികാ നാമം സ്വീകരിച്ചു. സുഹൃത്തും 'ജമാനാ' പത്രത്തിന്റെ പത്രാധിപരുമായിരുന്ന മുൻഷി ദയാനാരായൺ നിഗമാണ് അതിനു പ്രേരിപ്പിച്ചത് 'മുൻഷി' പ്രേംചന്ദ് എന്ന പേരിലും ഇദ്ദേഹം അറിയപ്പെടുന്നു.

1907 ൽ 'പ്രേമ' എന്ന നോവൽ പ്രസിദ്ധീകരി ച്ചതോടെ അദ്ദേഹം സാഹിത്യ ലോകത്ത് ശ്രദ്ധേയനായ എഴുത്തുകാരനായി. പിന്നീടു തിരിഞ്ഞു നോക്കേണ്ടി വന്നിട്ടില്ല. അധ:സ്ഥിതരുടെയും അവഗണിക്കപ്പെട്ടവരുടെയും കഥകൾ സാധാരണക്കാരുടെ ഭാഷയിൽ എഴുതുന്നതിലായി രുന്നു അദ്ദേഹത്തിനു താല്പര്യം. ഓരോ കഥ പറയുമ്പോഴും പ്രേംചന്ദ് എന്ന കഥാകാരൻ ജനഹൃദയങ്ങളിൽ സ്ഥാനം പിടിക്കുക യായിരുന്നു. അപ്പോഴും ചെറിയ അപ്പക്കഷണ ത്തിനുവേണ്ടി അദ്ദേഹം തന്റെ രാജ്യ സ്നേഹവും ആത്മാഭിമാനവും ആർക്കും അടിയറ വച്ചില്ല. സർക്കാർ ജോലി ചെയ്യുന്നവർ ബ്രിട്ടിഷ് ഉദ്യോഗം രാജിവച്ച് പ്രതിഷേധിക്കണമെന്ന് ഗാന്ധിജി ആഹ്വാനം ചെയ്തപ്പോൾ 21 വർഷത്തെ സർക്കാർ ജോലി പ്രേംചന്ദ് ഉപേക്ഷിച്ചു. പിന്നീട് മുഴുവൻ സമയവും എഴുത്തിൽ മുഴുകി.

മുന്നൂറിലധികം കഥകൾ, പന്ത്രണ്ടു നോവലു കൾ, അഞ്ചു നാടകങ്ങൾ അദ്ദേഹം രചിച്ചു. 'ഗോദാൻ' നിർമല ഗബൻ, സേവാസദൻ, കർമ്മ ഭൂമി, രംഗഭൂമി എന്നിവയാണ് പ്രസിദ്ധ നോവലുകൾ. 'ഗോദാൻ ആണ് ഒടുവിൽ എഴുതിയത്. 'ഹൊറി' എന്ന ഒരു പാവപ്പെട്ട കർഷകൻ പലിശക്ക് പണം കടമെടുത്ത് വാങ്ങിയ ഒരു പശുവിനെ ചുറ്റിപറ്റിയുള്ള 'കഥ'. ഹൃദയ സ്പൃക്കായി വരച്ചു കാട്ടിയിരിക്കുന്ന ഹിന്ദി സാഹിത്യത്തിലെ ഏറ്റവും നല്ല നോവലുകളിൽ ഒന്നായി 'ഗോദാൻ' ഇന്നും ഗണിക്കപ്പെട്ടിരിക്കുന്നു.

പ്രേംചന്ദിന്റെ പല കഥകളും സിനിമയാക്കിയി ട്ടുണ്ട്. മസ്ദൂർ, ഗോദാൻ, ബജാർ, എഹുസ്ൻ ഇവയൊക്കെ പ്രസിദ്ധങ്ങളാണ്. സത്രഞ്ച് കെ ഖിലാടി സംവിധാനം ചെയ്തത്, സത്യജിത്റേ യാണ്. അദ്ദേഹത്തിന്റെ ആദ്യ ഹിന്ദി സിനിമയും ഇതുതന്നെ.

ഇത്രയധികം ജനപ്രീതി നേടിയ സാഹിത്യകാരനായിട്ടും ഒരു പുരസ്ക്കാരവും അദ്ദേഹത്തെ തേടിയെത്തിയിട്ടി ല്ലെന്നുള്ളത് ഒരത്ഭുതമായിതന്നെ നില നിൽക്കുന്നു. ആകെയുള്ള ഒരംഗീകാരം 1936 ൽ പ്രേംചന്ദിനെ പുരോഗമന സാഹിത്യ സംഘടനയുടെ ആദ്യ പ്രസിഡണ്ടായി നോമിനേറ്റു ചെയ്തതു മാത്രമാണ്.

1936 ഒക്ടോബർ 2-ന് 56-ാം വയസ്സിൽ ആ സാഹിത്യ പ്രതിഭ ഈ ലോകത്തോട് വിട വാങ്ങിയെങ്കിലും ഉത്തരേന്ത്യയിലെ സാധാരണ ജനങ്ങളുടെ കഥകൾ സാധാരണ ഭാഷയിൽ പറഞ്ഞ പ്രേംചന്ദ് ഇന്നും ജനഹൃദയങ്ങളിൽ ജീവിക്കുന്നു.

# വായനയുടെ രസം

റ്റി. സി. തോമസ് തോപ്പിൽ (ക്നാനായ കമ്മറ്റി അംഗം)

അത്ഭുതങ്ങൾ അനേകമുണ്ട്, എന്നാൽ മനുഷ്യനെക്കാൾ അത്ഭുതകരമായി മറ്റൊന്നില്ല. ചിന്തിക്കാനും രചിക്കുവാനും വായിക്കുവാനുമുള്ള മനുഷ്യന്റെ കഴിവ് മറ്റുള്ള ജീവജാലങ്ങളിൽ നിന്നും മനുഷ്യനെ വ്യത്യസ്ഥനാക്കുന്നു. അദ്ധ്വാനത്തിനുശേഷം മനുഷ്യന് വിശ്രമവും വിനോദവും വേണം. ഭക്ഷണംകൊണ്ടുമാത്രം തൃപ്തിപ്പെട്ടു ജീവിക്കുവാൻ മനുഷ്യനു സാധിക്കില്ല. ഭക്ഷണം ശരീരത്തിനാവശ്യമായതുപോലെ വായന മനസ്സിനും മസ്തിഷ്കത്തിനും പോഷണം നൽകി മാനസികാരോഗ്യം പ്രദാനം ചെയ്യുന്നു. വായനയിൽ നിന്നും ലഭിക്കുന്ന അനുഭൂതി (Pleasures of reading) ഏറ്റവും മികച്ചതാണ്. വായന നമ്മെ വിശാലമായ ലോകത്തേക്കു നയിക്കുന്നു. ഡോ. എസ്. രാധാകൃഷ്ണൻ പറയുന്നു reading a book gives us the habit of solitary reflection and true enjoyment.

പുസ്തകങ്ങൾ സമൂഹത്തിന്റെ പ്രതിഫലനമാണ്. അവിടെ തെരഞ്ഞെടുത്തു വായിക്കാനും വായിച്ചു രസിക്കാനും ഒട്ടേറെ കാര്യങ്ങളുണ്ട്. കഥകൾ, നോവലുകൾ, ജീവചരിത്രം, യാത്രാവിവരണം, കവിത, നാടകം, ചരിത്രം, ശാസ്ത്രം മനഃശാസ്ത്രപരമായ നോവലുകൾ തുടങ്ങി സ്വന്തം അഭിരുചിക്കൊത്ത വിഷയങ്ങളുടെ വലിയശേഖരം നമുക്ക് കാണുവാൻ സാധിക്കും. വായനക്കാരന്റെ ജീവിതത്തെ സമ്പന്നമാക്കുന്ന ഉത്തമമായ ചിന്തകൾ, ആശയങ്ങൾ, സങ്കല്പം,ഭാവന തുടങ്ങിയവയുടെ വളർച്ചയ്ക്ക് വളമിടുവാൻ വായന സഹായിക്കുന്നു. ആധുനികതയുടെ തിരക്കിൽ പുതുതലമുറയിൽ വായനാശീലം വരണ്ട അവസ്ഥയിലാണ്. വായന മനുഷ്യനെ പൂർണ്ണതയിലേക്കു നയിക്കുന്നു. ജീവിതത്തിലേക്കു തിരിച്ചുവച്ച കണ്ണാടിയാണ് പുസ്തകങ്ങൾ. ഇപ്പോഴത്തെയും പോയകാലത്തെയും മഹാരഥന്മാരുമായി നമ്മെ ബന്ധിപ്പിക്കുവാൻ വായനയ്ക്കു സാധിക്കും. ആ പ്രക്രിയയിലൂടെ കുറെ ഗുണങ്ങൾ വായനക്കാരിലേക്കും സംക്രമിക്കുന്നു.

നമ്മുടെ സംസ്കാരത്തിന്റെയും ചരിത്രത്തിന്റെയും ലോകത്തിന്റെ തന്നെയും മഹത്തായ വശങ്ങൾ മനസ്സിലാക്കുവാൻ പുസ്തകവായന നമ്മെ സഹായിക്കുന്നു. അവ ഉദാത്തമായ ചിന്തകളെ ഉദ്ദീപിപ്പിക്കുന്നു. സ്വഭാവ മഹിമ ഉണ്ടാക്കിയെടുക്കുന്നു. മനുഷ്യന്റെ ഏറ്റവും മികച്ച ചിന്തകളുടെയും ആശയങ്ങളുടെയും കലവറയാണ് പുസ്തകങ്ങൾ. നിങ്ങൾ ഇഷ്ടപ്പെടുന്ന ഏതു സമയവും സ്ഥലവും വായനയ്ക്കു തെരഞ്ഞെടുക്കാം. ദീർഘയാത്രയുള്ള ട്രെയിനിലോ വിമാനത്തിലോ, പൂന്തോട്ടത്തിലെ, മുറിയിലോ ലൈബ്രറിയിലോ നമുക്ക് വായനയിൽ ഏർപ്പെടാൻ സ്വാതന്ത്ര്യവും സൗകര്യവുമുണ്ട്. വായനയുടെ ആനന്ദം മറ്റുള്ളവരിലേക്കു പകർന്നു നൽകാം. വായന നമ്മുടെ ആനന്ദത്തെ പലമടങ്ങാക്കുന്നു. ഒപ്പം നമ്മുടെ വിഷമങ്ങൾ ലഘൂകരിക്കുന്നു. മനസ്സിൽ അയവു നൽകുന്ന വിനോദം വേറെയില്ല. വായനാശീലം നിങ്ങളിൽ നിന്നും ഏകാന്തതയെ അകറ്റുന്നു. വായന നമ്മെ ഔന്നത്യങ്ങളിലെത്തിക്കുകയും ശുദ്ധീകരിക്കുകയും ഉന്നത ആശയങ്ങളും ചിന്തകളും നമ്മിൽ പ്രചോദിപ്പിക്കുകയും ചെയ്യുന്നു.



വായന നമ്മുടെ ജ്ഞാനം, അറിവ്, വീക്ഷണം എന്നിവയുടെ ചക്രവാളങ്ങളെ വികസിപ്പിച്ച് നമ്മെ കൂടുതൽ കൂടുതൽ ഉദാത്തവും മനുഷ്യത്വം നിറഞ്ഞവരുമാക്കും. നമ്മുടെ ഭാഷാപാടവം, പദസ്വാധീനം മുതലായവ വർദ്ധിപ്പിക്കുകയും മികച്ച രീതിയിൽ ആശയങ്ങൾ അവതരിപ്പിക്കാൻ നമ്മെ പ്രാപ്തരാക്കുകയും ചെയ്യുന്നു. നമ്മുടെ ഏകാഗ്രതയെ വളർത്തിയെടുക്കാനും വായന സഹായിക്കും. മനസ്സിന് അതൊരു നല്ല വ്യായാമമാണ്. കഴിഞ്ഞകാലവും വർത്തമാനകാലവുമായി നമ്മെ ബന്ധിപ്പിക്കുന്നത് പുസ്തകവും വായനയുമാണ്. ലോകം കണ്ട ഏറ്റവും വലിയ സാമൂഹ്യമാറ്റങ്ങളും, നവോത്ഥാനങ്ങളും, വിപ്ലവങ്ങളും സൃഷ്ടിച്ചത് പുസ്തകങ്ങളാണ്.

ലോകചരിത്രത്തെ എ.ഡി എന്നും ബി.സി. എന്നും രണ്ടായി തിരിച്ചു. യേശുക്രിസ്തു കേന്ദ്രബിന്ദുവായുള്ള ബൈബിൾ ലോകത്തിൽ ഏറ്റവും കൂടുതൽ ഭാഷകളിൽ വിവർത്തനം ചെയ്തിട്ടുള്ള പുസ്തകമാണ്. മാനുഷികതയുടെ ആത്മാവ് പുസ്തകങ്ങളിൽ കുടികൊള്ളുന്നു. വ്യക്തിത്വത്തിന്റെ സർവ്വതോന്മുഖമായ വളർച്ചയിലൂന്നിയ ആസ്വാദനം നടത്തുവാൻ നല്ല പുസ്തകങ്ങളുടെ വായന നമ്മെ സഹായിക്കും.




## വരനെ ആവശ്യമുണ്ട്

**M.363**

Knanaya Parents invite proposals for their daughter (23/5'5) B.Tech (Electronics and Communication). Presently working in MNC (UST Global, Technopark, Trivandrum). Seeking alliance from parents of professionly qualified and God fearing boys, with IT or equal profession.

Ph.9446222556

**M.364**

B.Sc Nursing കഴിഞ്ഞ് സൗദിയിൽ ജോലിചെയ്യുന്ന ക്നാനായ യുവതിയ്ക്ക് (27/153 cms) അനുയോജ്യരായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Ph: 9947738172

**M.365**

B.Sc Computer Science കഴിഞ്ഞ് തിരുവനന്തപുരം Technopark ൽ M.N.C. Company -യിൽ Software Engineer ആയി ജോലി ചെയ്തുകൊണ്ടിരിക്കുന്നതും ഇപ്പോൾ M.C.A.പഠിച്ചുകൊണ്ടിരിക്കുന്നതുമായ ക്നാനായ യുവതിയ്ക്ക് (22/5'3") വിദ്യാഭ്യാസയോഗ്യതയുള്ളതും, ദൈവഭയമുള്ളതുമായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

( IT Professionals ന് മുൻഗണന)

Ph: 9744070398, 9620489505,
0481-2433821

**M.366**

MCA കഴിഞ്ഞ് തിരുവനന്തപുരം Technopark -ൽ Software Engineer ആയി ജോലിചെയ്യുന്ന (25/158 cms) ക്നാനായ യുവതിയ്ക്ക് അനുയോജ്യരായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Ph: 9495030074

**M.367**

Knanaya Parents invite proposals for their daughter (24/5'2") B.Tech Computer Science, employed as Software Engineer in MNC at Pune, Seeking alliance from parents of God fearing and professionly qualified boys from India or European Countries. Ph. 9446751903, 9946709317, 6282772619

**M.368**

അബുദാബിയിൽ ഒരു പ്രശസ്ത ഹോസ്പിറ്റലിൽ എക്കോ കാർഡിയോഗ്രാഫർ ആയി ജോലിചെയ്യുന്ന ക്നാനായ യുവതിയ്ക്ക് (26/160cms) അനുയോജ്യരായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Ph: 9447287473, 9446923291

**M.369**

B.Sc Nursing കഴിഞ്ഞ് മുംബൈയിൽ ഒരു പ്രശസ്ത ഹോസ്പിറ്റലിൽ ജോലിചെയ്യുന്ന ക്നാനായ യുവതിയ്ക്ക് (23/5.4) അനുയോജ്യരായ ക്നാനായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. Ph: 8547180919

**M.370**

Knanaya parents invite proposal for their daughter, M.Tech (25/165cms) working as Assistant Engineer in TCS, Ernakulam, seeking alliance from parents God fearing, well educated, employed knanaya boys

Ph 8330011815

## വധുവിനെ ആവശ്യമുണ്ട്

### M. 371

കുവൈറ്റിൽ പ്രൈവറ്റ് ഹോസ്പിറ്റലിൽ നേഴ്സായി ജോലിചെയ്യുന്ന (ഫാമിലി വിസയുള്ള) ക്നാനായ യുവാവ് (32/172cms) ഇപ്പോൾ നാട്ടിലുണ്ട്. ദൈവഭയമുള്ള ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. Ph: 9744625345, 8606842702

### M. 372

Nashik (Mumbai) ൽ ഒരു പ്രശസ്ത ഹോസ്പിറ്റലിൽ B.Sc. Nurse ആയി ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (34/5'7'') അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Ph. 9961220174, 6282958115

### M. 373

B.Com കഴിഞ്ഞ് കൊച്ചിയിൽ സ്വന്തമായി ബിസിനസ് ചെയ്യുന്ന ക്നാനായ യുവാവിന് (37/177cms) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. (സാമ്പത്തികം പ്രശ്നമല്ല. ബാധ്യതകളില്ലാത്ത പുനർവിവാഹവും പരിഗണിക്കുന്നതാണ്). Ph: 9495250803

### M. 374

Knanaya Parents invite proposals for their Son (32/5'8") working in Saudhi Arabia as a Nurse. Seeking alliance from parents of God fearing, professionly qualified girls. (Nurses prefered)

Ph: 8301856736, 9497390098

### M.375

Diploma Mechanical പാസ്സായി ദുബായിൽ ജോലിചെയ്യുന്ന ക്നാനായ യുവാവിന് (26/175cms) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. (ഫാമിലി വിസയുണ്ട്. നേഴ്സുമാർക്ക് മുൻഗണന)

Ph: 9387734877, 0469-2964877

### M.376

B.Tech (Mechanical) കഴിഞ്ഞ് ബഹറനിൽ പ്രശസ്ത കമ്പനിയിൽ ജോലിചെയ്യുന്ന ക്നാനായ യുവാവിന് (29/175cms) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Ph: 9495435123, 8304846122

### M.377

B.Sc യും ഡയാലിസിസ് തെറാപ്പി കോഴ്സും കഴിഞ്ഞ് സൗത്ത് അമേരിക്കയിൽ ജോലിയുള്ള ക്നാനായ യുവാവിന് (28/168 cm) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Ph: 8590131072, 9562459934

### M.378

ദുബായിൽ ജോലിചെയ്യുന്ന ക്നാനായ യുവാവിന് (Computer Engineer, 26/6") B.Sc. Nursing പാസ്സായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. Ph: 9567818875, 9460029593

### M.379

സാമ്പത്തിക ഭദ്രതയുള്ള ക്നാനായ യുവാവിന് (40) ഏകമകൻ, സ്വന്തമായി ബിസിനസ്സ് ചെയ്യുന്നു. അനുയോജ്യരായ യുവതികളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. ബാധ്യതയില്ലാത്ത പുനർവിവാഹവും പരിഗണിക്കും. Ph: 9074050890, 9846102080

### M. 380

+2 കഴിഞ്ഞ് നാട്ടിൽ സ്വന്തമായി Farm നടത്തുന്ന ക്നാനായ യുവാവിന് (29/5'9") അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. (സാമ്പത്തികമോ, വിദ്യാഭ്യാസമോ പ്രശ്നമല്ല) Ph: 9495674178, 9495184031

### M. 381

B.Sc.Nurse പാസ്സായി ഒമാനിൽ സ്റ്റാഫ് നേഴ്സായി ജോലി ചെയ്യുന്നതും ഫാമിലി വിസയുള്ളതുമായ ക്നാനായ യുവാവിന് (33/175cms) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. (നേഴ്സുമാർക്ക് മുൻഗണന)

Ph. 9995760382

### M. 382

Kuwait-ൽ Mechanical Engineer ആയി ജോലി ചെയ്യുന്ന ക്നാനായ യുവാവിന് (29/176cms) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. (B.Sc Nurse ന് മുൻഗണന)

Ph. 9995760382, 9847583085


### M.383

B.Tech Electronic and Communication NEBOSH, കഴിഞ്ഞ് അഞ്ചര വർഷമായി ദുബായിൽ ജോലിചെയ്യുന്നതും ഒരു സെമി ഗവൺമെന്റ് കമ്പനിയിൽ ഓഫർ ഉള്ളതുമായ ക്നാനായ യുവാവിന് (29/5'2") (ഇപ്പോൾ ലോക്ഡൗൺ കാരണം Father ന്റെ ബിസിനസ്സിൽ സഹായിക്കുന്നു) അനുയോജ്യരായ ക്നാനായ യുവതികളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.

Ph: 9072199014

**40 – ാം ചരമദിനം**

**22 -07 -2020**



**ബാബു റ്റി.പി.**

**മങ്ങാട്ടയം (താന്നിമൂട്ടിൽ)**

**കുഴിമറ്റം**


**ഭാര്യ: സാലമ്മ**

**മക്കൾ, മരുമക്കൾ, കൊച്ചുമോൾ**

**സന്തപ്തകുടുംബാംഗങ്ങൾ**

**24 – ാം ചരമവാർഷികം**

**19 -07 -2020**



**സി.പി. ഏബ്രഹാം**

**ചെറുതറയിൽ**

**കവിയൂർ, തിരുവല്ല**

*" നിന്റെ മഹത്വമുദിക്കുംനാൾ*
*നിൽക്കണമിവൻ വലഭാഗത്തിൽ"*

*സന്തപ്തകുടുംബാംഗങ്ങൾ*



**25th Death Anniversary**

**06- 07 - 2020**

**P.I. THOMAS**

**PAZHAYAPEEDIKAYIL SIBY VILLA**

**KOTTAYAM**

**Sorrowing Family**

**20 – ാം ചരമവാർഷികം**
**07- 07- 2020**

**18 – ാം ചരമവാർഷികം**
**19- 07- 2020**




**കോര അന്ത്രയോസ്**
(ചാണ്ടിച്ചൻ)

**ശോശാമ്മ ചാണ്ടി**

**കുറ്റിശ്ശേരി, കുറിച്ചി**

*" നിന്റെ മഹത്വമുദിക്കുംനാൾ*
*നിൽക്കണമിവർ വലഭാഗത്തിൽ"*
*സന്തപ്തകുടുംബാംഗങ്ങൾ*


**09 – ാം ചരമവാർഷികം**
**17- 7-2020**



**ഉണ്ണിട്ടൻ ചാക്കോ**
**ചന്ദനപള്ളിൽ**
**വെസ്റ്റ് ഓതറ**

*" നിന്റെ മഹത്വമുദിക്കുംനാൾ*
*നിൽക്കണമിവൻ വലഭാഗത്തിൽ"*
*സന്തപ്തകുടുംബാംഗങ്ങൾ*

**03 – ാം ചരമവാർഷികം**
**17 -07- 2020**




**ജോസ് ടി.ജെ** (മോനിച്ചൻ)
**തുണ്ടിയിൽ**
**ഈരയിൽകടവ്, കോട്ടയം**
*സന്തപ്ത കുടുംബാംഗങ്ങൾ*

**11th Birthday In Heaven**
**16- 07- 2020**



**Lijo George**
**Kallolikal Chelachira, Kurichy**
**ആദരാഞ്ജലികൾ**

All of your family, Friends, St. Mary's Knanaya Church Hennur Bengaluru & Staff Wipro Bangaluru

**2 – ാം ചരമവാർഷികം**
**10 -07- 2020**




**പി. ഒ. ജോസഫ് (കുഞ്ഞുമോൻ)**
**ചെറുവട്ടക്കാട്ട്**
**ഐത്തല, റാന്നി**
*സന്തപ്തകുടുംബാംഗങ്ങൾ*

**40 – ാം ചരമദിനം**
**09 -07- 2020**



**അമ്മാൾ ജേക്കബ്**
**കല്ലേമണ്ണിൽ**
**ഓതറ**
*സന്തപ്തകുടുംബാംഗങ്ങൾ*

**01 – ാം ചരമവാർഷികം**
**11 -07- 2020**




**കുറിയാക്കോസ് കെ. കെ. (ജോയി)**
**കോച്ചേരിൽ**
**വെസ്റ്റ് ഓതറ**
"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ".
*സന്തപ്ത കുടുംബാംഗങ്ങൾ*

**37 – ാം ചരമവാർഷികം**
**15- 07- 2020**



**എം. ഐ. കുരുവിള**
**മൂഴിപ്പെരുമേത്ത്**
**ചെറുകുളഞ്ഞി, റാന്നി**
*സന്തപ്തകുടുംബാംഗങ്ങൾ*

16 – ാം ചരമവാർഷികം
20- 07- 2020



ടോണി ജെ. കുട്ടോലമഠം
ചെങ്ങളം
ജനനം: 26–3–1983 മരണം: 20–7–2004

*സ്നേഹം നിറഞ്ഞ കുടുംബാംഗങ്ങൾ*

19 – ാം ചരമവാർഷികം
08- 07- 2020

16 – ാം ചരമവാർഷികം
24- 02- 2020



കെ.എ. ഐസക്ക്

ശോശാമ്മ ഐസക്ക്

കോന്ത്യാപറമ്പിൽ (ഓണാട്ട്)
ചിങ്ങവനം

*സന്തപ്തകുടുംബാംഗങ്ങൾ*

46 – ാം ചരമവാർഷികം
13 - 07- 2020

19 – ാം ചരമവാർഷികം
23 - 07- 2020





ഉതുപ്പാൻ ചെറിയാൻ


ശോശാമ്മ ഉതുപ്പാൻ

കന്നുതറ
ചിങ്ങവനം

*സന്തപ്തകുടുംബാംഗങ്ങൾ*

22 – ാം
ചരമവാർഷികം
04 – 07 – 2020

2 – ാം
ചരമവാർഷികം
18 – 07 – 2020





പി. കെ. ജോസഫ്

സുജാ കുര്യൻ

പനച്ചയിൽ, തിരുവല്ല

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ


07 –ാം ചരമവാർഷികം
02- 07 - 2020



**വിജി ആൻഡ്രൂസ്**
**പന്ത്രണ്ടാംകുഴി**
**വാകത്താനം**

*നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ*
*സന്തപ്തകുടുംബാംഗങ്ങൾ*

14 –ാം ചരമവാർഷികം
27- 07- 2020



**O.S. Onnittan**
**Oollattil**
**Chetheckal, Ranni**

സന്തപ്തകുടുംബാംഗങ്ങൾ

27 –ാം ചരമവാർഷികം
23 -07- 2020



**പി.ഐ. തോമസ്**

58 –ാം ചരമവാർഷികം
21 -12- 2020



**ചിന്നമ്മ തോമസ്**

09 –ാം ചരമവാർഷികം
05 -07- 2020



**സൂസൻ മർക്കോസ്**

**പരപ്പൂത്ര, വലിയവീട്ടിൽ, ഈര**

*നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ*
*സന്തപ്തകുടുംബാംഗങ്ങൾ*

In loving memory of

## 3 – ാം ചരമ വാർഷികം

17 – 07 – 2020



# Manju Thomas

**Valuparampil House**
**Kuttoor, Thiruvalla**

"മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്തു വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

## 6 – ാം ചരമ വാർഷികം

01 – 08 – 2020



# തങ്കമ്മ മാത്യു

**പുല്ലാട്ട്, ചിങ്ങവനം**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

## 17 – ാം ചരമവാർഷികം

19 – 02 – 2020

## 10 – ാം ചരമവാർഷികം

28 – 07 – 2020





# അമ്മിണി തോമസ്

# റ്റി. സി. തോമസ്

(കുഞ്ഞുമോൻ)

**കൈപ്പുഴ മുള്ളാനിൽ**
**സീതത്തോട്**

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

## 1 – ാം ചരമവാർഷികം

08 - 07 - 2020



# T.E. Punnose

## (Kuttappan 83)

**Thottathil Malayil,Thuruthicadu**

*മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ*

Advt - O

## 2 –ാം ചരമ വാർഷികം

27–07–2020



## അച്ചാമ്മ ഏബ്രഹാം

മലേശ്ശേരിൽ, വള്ളംകുളം

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൾ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - O

## 4 –ാം ചരമ വാർഷികം

07–07–2020



## Rev. Fr . P. C Mathews

**Payyanattu, Puthuchira, Kurichy**

ജയിംസ് മാത്യൂ & ഫാമിലി, ദുബായ്
റാണി തോമസ് & ഫാമിലി, മുംബൈ

"ആചാര്യേശാ മശീഹാ കൂദാശകളർപ്പിച്ചോ–
രീയാചാര്യന്നേകുക പുണ്യം നാഥാ സ്തോത്രം"

Advt - O

## 1 –ാം ചരമവാർഷികം

01–07–2020



## അന്നമ്മ അന്ത്രയോസ്

പന്ത്രണ്ടാം കുഴിയിൽ, വാകത്താനം

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൾ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - O

## 6th Death Anniversary

18–07–2020



## Ulahannan Cheriyan (Kunjukunju)

**Thekkeparambil, Veliyanad**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"


*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

1 –ാം ചരമവാർഷികം
02 – 08 – 2020

27 –ാം ചരമവാർഷികം
12 – 07 – 2020





## അമ്മുക്കുട്ടി തോമസ്

## ജോർജ് തോമസ്
(മോൻ)

കുന്നിരിയ്ക്കൽ,
പഴവങ്ങാടി, റാന്നി

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവർ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - S

2 –ാം ചരമ വാർഷികം
07 – 07 – 2020



## M. Joseph (കറിയാകുട്ടി)

**Moolethara, Aythala, Ranny**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്
വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - S

7 –ാം ചരമ വാർഷികം
16 – 08 – 2020



## M. M. Joseph (ജോസ്)

മുളമൂട്ടിൽ, കുറ്റൂർ, തിരുവല്ല

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - S

4th Birthday in Heaven
29 – 07 – 2020



## P. O. Kuriakose
## (Thankachen Pallical)

**Puthuparambil, Chollanal, Ranni**


നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

By Sorrowing Family Members & Relatives

Advt - S

## നിത്യതയുടെ തീരത്ത് 3 – ാം വർഷം

18 – 07 – 2020



## എം.സി. ചാക്കോ

(Retd. Post Master)

**മൂലേത്തറയിൽ, വൻമഴി,**
**പാണ്ടനാട്, ചെങ്ങന്നൂർ**

സ്വർഗ്ഗീയകാനാനിൽ ഒരുനാൾ ഒരുമിച്ച് കാണാം
എന്ന് പ്രത്യാശയോടെ മരിക്കാത്ത ഓർമ്മകളുമായി

സന്തപ്ത കുടുംബാംഗങ്ങൾ

Advt - S

## 1 – ാം ചരമവാർഷികം

19 – 07 – 2020




**ചെറുവട്ടയ്ക്കാട്ട്, ഐത്തല, റാന്നി**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

## 20 – ാം ചരമവാർഷികം

19 – 07 – 2020



## റ്റി.സി. ചാക്കോ

**തോട്ടുങ്കൽ, വെളിയനാട്**

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

## 1 – ാം ചരമവാർഷികം

03 – 08 – 2020



## ആലീസ് കുറിയാക്കോസ്


**കല്ലൂപറമ്പിൽ, റാന്നി**

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

**09 – ാം ചരമവാർഷികം**
**10- 07- 2020**

**02 – ാം ചരമവാർഷികം**
**03- 08- 2020**




**റ്റി.റ്റി. സ്കറിയ** **ചാച്ചിക്കുട്ടി സ്കറിയ**

**തെക്കേകരോട്ട്**
**ചിങ്ങവനം**

*" നിന്റെ മഹത്വമുദിക്കുംനാൾ*
*നിൽക്കണമിവർ വലഭാഗത്തിൽ"*
*സന്തപ്തകുടുംബാംഗങ്ങൾ*

**50 – ാം ചരമവാർഷികം**
**04- 07- 2020**

**17 – ാം ചരമവാർഷികം**
**19- 10- 2020**




**കെ.കെ. കുറിയാക്കോസ് മറിയാമ്മ കുറിയാക്കോസ്**

**കിഴക്കയാക്കൽ**
**കുറ്റൂർ, തിരുവല്ല**

*" നിന്റെ മഹത്വമുദിക്കുംനാൾ*
*നിൽക്കണമിവർ വലഭാഗത്തിൽ"*
*മക്കൾ, മരുമക്കൾ,കൊച്ചുമക്കൾ*



**വേർപാടിന്റെ 50 – ാം വാർഷികം**
**30- 07- 2020**

**പി.ഇ. ചാക്കോ (മോനായി)**
**പ്ലാത്തോടത്തിൽ**
**കല്ലിശ്ശേരി**


മറക്കാത്ത ഓർമ്മകളുമായി
ലീലാമ്മ
സിബി, ഷൈനി
അലൻ, അലീന

**01 – ാം ചരമവാർഷികം**
**29 -07- 2020**

**10 – ാം ചരമവാർഷികം**
**05 -07- 2020**

**21 – ാം ചരമവാർഷികം**
**19 -06- 2020**





**അമ്മിണി ചാക്കോ**

**പി. റ്റി. ചാക്കോ**

**വത്സമ്മ ചാക്കോ**

**പാറയിൽ, വാകത്താനം**


*" നിന്റെ മഹത്വമുദിക്കുംനാൾ നിൽക്കണമിവർ വലഭാഗത്തിൽ"*
*സന്തപ്തകുടുംബാംഗങ്ങൾ*

**19 – ാം ചരമവാർഷികം**
**20- 07- 2020**



**ഇ. ജെ. തോമസ്**
**ഇടശ്ശേരിൽ (Elite)**
**പഴവങ്ങാടി, റാന്നി**
കർത്താവേ നിന്റെ രണ്ടാമത്തെ വരവിൽ
എന്നെയും ചേർത്തുകൊള്ളണമെ.
*സന്തപ്തകുടുംബാംഗങ്ങൾ*


**24th Death Anniversary**
**10-07-2020**



**K. C. Chacko** (Rtd. Ex.Engineer)
**Kunnirickal**
**Thiruvananthapuram**
*നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ*
**സന്തപ്ത കുടുംബാംഗങ്ങൾ**

**03 – ാം ചരമവാർഷികം**
**11- 06- 2020**

**09 – ാം ചരമവാർഷികം**
**13- 07- 2020**





**കെ.കെ. തോമസ്** **അമ്മിണി തോമസ്**

**മുണ്ടയ്ക്കൽ**
**തിരുവൻവണ്ടൂർ**

*" നിന്റെ മഹത്വമുദിക്കുംനാൾ*
*നിൽക്കണമിവർ വലഭാഗത്തിൽ"*
*സന്തപ്തകുടുംബാംഗങ്ങൾ*

**13 – ാം ചരമവാർഷികം**
**21- 07- 2020**

**06 – ാം ചരമവാർഷികം**
**23- 09- 2020**




**കെ. റ്റി പാപ്പച്ചൻ** **തങ്കമ്മ പാപ്പച്ചൻ**

**കടയ്ക്കേത്ത് മുരിങ്ങക്കാലായിൽ**
**വൈക്കം, റാന്നി**

*" നിന്റെ മഹത്വമുദിക്കുംനാൾ*
*നിൽക്കണമിവർ വലഭാഗത്തിൽ"*
*സന്തപ്തകുടുംബാംഗങ്ങൾ*

**20th Death Anniversary**
**30- 07- 2020**



**L/nk T. M. Mathew** (Rajan)
**Kanjirathummoottil** (Anickal)
**Vakathanam, Kottayam**

*" നിന്റെ മഹത്വമുദിക്കുംനാൾ*
*നിൽക്കണമിവൻ വലഭാഗത്തിൽ"*
*സന്തപ്തകുടുംബാംഗങ്ങൾ*

**12th Death Anniversary**
**29- 07- 2020**

**1st Death Anniversary**
**04- 07- 2020**





**V.C. Kuriakose** **Baby Kuriakose**

**Velankadavil**
**Kurichy**

**Loving Family Members**

## 19 – ാം ചരമവാർഷികം

**26 -07 -2020**



### പി. സി ജേക്കബ് (ജോയി)

(Rtd. Assistant Director. Survey Land Records).

**പഴൂർ, ഐത്തല, റാന്നി**

*“ നിന്റെ മഹത്വമുദിക്കുംനാൾ*
*നിൽക്കണമിവൻ വലഭാഗത്തിൽ”*

*സന്തപ്തകുടുംബാംഗങ്ങൾ*

## 02 – ാം ചരമവാർഷികം

**21 - 07 - 2020**



**K.C. Andrews (88)** (Rtd. Senior Supt.K.S.E.B)

**Kaipuzha, Ranni**

*ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത്*
*വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ*

ഭാര്യ: അച്ചാമ്മ
മക്കൾ: ഷാജി, സാബു, ഷിബു, സുനിൽ, സാജൻ, സുരേഷ്
മരുമക്കൾ: ഷീബ, വത്സമ്മ, ജിൻസു
കൊച്ചുമക്കൾ: അച്ചു, അമ്മു, ആരോൺ, അമൽ
അൽക്ക, അനന്യ, ആദിൽ

## 07 – ാം ചരമവാർഷികം

**14 - 07 - 2020** **07 - 04 - 2020**



**യു. ഉതുപ്പാൻ** **മേരി ഉതുപ്പാൻ**

**പഴയകളം (ഇടത്തുവീട്)**
**കുറിച്ചി**

*നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ*
*സന്തപ്തകുടുംബാംഗങ്ങൾ*

## 11 – ാം ചരമവാർഷികം

**17 - 07- 2020**



**Mrs Annamma Mathew**

W/o Late Mathewkutty


**Thekkummoottil**
**Vallamkulam, Thiruvalla**

*“ നിന്റെ മഹത്വമുദിക്കുംനാൾ*
*നിൽക്കണമിവൾ വലഭാഗത്തിൽ”*

*സന്തപ്തകുടുംബാംഗങ്ങൾ*

**19 – ാം ചരമവാർഷികം**
**14- 07- 2020**

**14 – ാം ചരമവാർഷികം**
**12- 07- 2020**



**പി.പി. പാച്ചി** **തങ്കമ്മ പാച്ചി**


**പുല്ലംപള്ളിൽ**
**അങ്ങാടി, റാന്നി**

"കരുണനിറഞ്ഞവനെ പുനരൂത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ".

*സന്തപ്ത കുടുംബാംഗങ്ങൾ*

**20th Death Anniversary**
**22 - 07- 2020**

**20th Death Anniversary**
**09 - 06- 2020**



**T A. Chacko**
**(Rtd. P.W.D. Overseer)**
**Manavelipallathu**
**Thiruvanvandoor**

By: Sorrowing family

**Babu Abraham**
**Elayasseril**
**Kuttoor**

By: Wife and Children

**21 – ാം ചരമവാർഷികം** | **33 – ാം ചരമവാർഷികം** | **30 – ാം ചരമവാർഷികം** | **11 – ാം ചരമവാർഷികം** | **9 – ാം ചരമവാർഷികം**



**Mariamma Mathulla** | **P. P. Mathulla** | **P. M.Philip** | **Marykutty Philip** | **P. M. Thomas**

**Pullampallil**
**Angadi, Ranni**

**Sorrowing Family**

**40 – ാം ചരമദിനം**
**15 - 07- 2020**



**Soosamma Philip**
W/o Late K.T. Philip
**Kelachandra**
**Thiruvananthapuram**

**Sorrowing Family**

**24 – ാം ചരമവാർഷികം**
**01- 08- 2020**



**സാറാമ്മ ഏബ്രഹാം (ഡയ്സി)**
**വളഞ്ഞൻതുരുത്തിൽ**
**റാന്നി**
"കരുണനിറഞ്ഞവനെ പുനരൂത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ".
*സന്തപ്ത കുടുംബാംഗങ്ങൾ*

**17 – ാം ചരമവാർഷികം**
**24- - 12 - 2020**

**14 – ാം ചരമവാർഷികം**
**04- - 07 - 2020**



**കെ.കെ. കുറിയാക്കോസ്**  **മറിയാമ്മ കുറിയാക്കോസ്**
**കാഞ്ഞിരപ്പള്ളിൽ**
**തിരുവൻവണ്ടൂർ**
*" നിന്റെ മഹത്വമുദിക്കുംനാൾ*
*നിൽക്കണമിവർ വലഭാഗത്തിൽ"*
*സന്തപ്തകുടുംബാംഗങ്ങൾ*

**13 – ാം ചരമവാർഷികം**
**13-07-2020**

**13 – ാം ചരമവാർഷികം**
**13-11-2020**



**കെ .കെ. ചെറിയാൻ**  **ശോശാമ്മ ചെറിയാൻ**
**കൊട്ടാരകളത്തിൽ**
**വെസ്റ്റ് ഓതറ, തിരുവല്ല**
*" നിന്റെ മഹത്വമുദിക്കുംനാൾ*
*നിൽക്കണമിവർ വലഭാഗത്തിൽ"*
*സന്തപ്തകുടുംബാംഗങ്ങൾ*

**06 – ാം ചരമവാർഷികം**
**15 - 07 - 2020**



**പി. ഇ. ചാക്കോ (ബേബി)**
**പുളിക്കാവിൽ**
**ഇരവിപേരൂർ**
*സന്തപ്ത കുടുംബാംഗങ്ങൾ*

**15 – ാം ചരമവാർഷികം**
**01 - 08- 2020**



**അമ്മുക്കുട്ടി താലികുഞ്ഞ്**
**നെടുവേലിൽ**
**പുത്തൻപുരയിൽ**
**കല്ലിശ്ശേരി**
*സന്തപ്ത കുടുംബാംഗങ്ങൾ*

**25 – ാം ചരമവാർഷികം** **34 – ാം ചരമവാർഷികം**
**19- 07-2020** **04- 08-2020**




**ചാച്ചിയമ്മ ജോസഫ്** **ഇടുക്കുള ജോസഫ്**
(മാന്നാർ – കൊറ്റംകുഴി കുടുംബാംഗം)

**തുണ്ടിയിൽ, ഇരവിപേരൂർ**


"ആദ്യ മനുഷ്യൻ പാപം ചെയ്യുന്നതിന് മുമ്പ് കൂടാരം അടിച്ചിരുന്ന അതേ സ്ഥാനത്ത് ഈ ദാസരുടെ ആത്മാക്കൾ വാസം ചെയ്യട്ടെ എന്ന് പ്രാർത്ഥിക്കുന്നു.
മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ,കൊച്ചുമരുമക്കൾ, പേരക്കുട്ടികൾ

**08 – ാം ചരമവാർഷികം**
**29 - 07 - 2020**



**തോമസ് കെ. സി.**
**കുന്നേൽപറമ്പിൽ**
**ചിങ്ങവനം**
*സന്തപ്ത കുടുംബാംഗങ്ങൾ*

**3 – ാം ചരമവാർഷികം**
**4 - 8 - 2020**



**ഷാജി ജേക്കബ്**
**തോണ്ടുകുഴിയിൽ**
**ചിങ്ങവനം**
*സന്തപ്ത കുടുംബാംഗങ്ങൾ*


**1st Death Anniversary**
**16- 07- 2020**



**K.A. Joseph**
**Kavanal**
**Trivandrum**
**Sorrowing Family**

*നല്ല പോർ പൊരുതി,*
*ഓട്ടം തികച്ചു വിശ്വാസം കാത്തു*
*നീതിയുടെ കിരീടം*
*എനിക്കായ് ഒരുക്കിവച്ചിരിക്കുന്നു.*

**10 – ാം ചരമവാർഷികം**
**25 - 07 - 2020**




**എം. ഐ. അലക്സാണ്ടർ**
**മള്ളൂശ്ശേരി**
**വല്യങ്ങാടി, കോട്ടയം**
*സന്തപ്ത കുടുംബാംഗങ്ങൾ*

**11 – ാം ചരമവാർഷികം**
**15- 07- 2020**



**തോമസ് കുറിയാക്കോസ്**
**തുണ്ടിയിൽ**
**തുരുത്തിക്കാട്**
*സന്തപ്ത കുടുംബാംഗങ്ങൾ*

**13 – ാം ചരമവാർഷികം**
**13 - 07 - 2020**



**പി. റ്റി. ഏബ്രഹാം**
**പതിയിൽ**
**ചിങ്ങവനം**
*സന്തപ്ത കുടുംബാംഗങ്ങൾ*

**25 – ാം ചരമവാർഷികം**



**MARIAM JACOB**
Sept. 24, 1990 - July 1995
"Till we meet on that beautiful shore"
Inserted by
Jaison, Cicy, Joshua & Mathew
Kovoor,,Ranni (Detroit, U.S.A.)

**14 – ാം ചരമവാർഷികം**
**19 - 07 - 2020**




**സി.കെ. സ്ക്കറിയാകുട്ടി**
**നാലേക്കറിൽ**
**വാകത്താനം**
*സന്തപ്ത കുടുംബാംഗങ്ങൾ*

**03 – ാം ചരമവാർഷികം**
**03 - 06 - 2020**




**സജി ഫിലിപ്പ്**
**മേലേക്കുറ്റ്,**
**കരികുളം, റാന്നി**
*സന്തപ്ത കുടുംബാംഗങ്ങൾ*

**6 – ാം ചരമവാർഷികം**
**19 - 07 - 2020**




**മത്തായി ഏബ്രഹാം (ജോസ്)**
**ആക്കൽമലയിൽ**
**കുറ്റൂർ**
*സന്തപ്ത കുടുംബാംഗങ്ങൾ*

**13 – ാം ചരമവാർഷികം**
**24 - 07 - 2020**



**വി.കെ ചാണ്ടി**
**(ചാണ്ടിക്കുഞ്ഞ്)**
**തൈപ്പറമ്പിൽ, കുറിച്ചി**
*സന്തപ്ത കുടുംബാംഗങ്ങൾ*

**20 – ാം ചരമവാർഷികം**
**16 - 07 - 2020**



**റ്റി. ഐ. ചാക്കോ**
**തെക്കേപറമ്പിൽ**
**കുറിച്ചി**
*സന്തപ്ത കുടുംബാംഗങ്ങൾ*

**17 – ാം ചരമവാർഷികം**
**03 - 07 - 2020**




**പെണ്ണമ്മ ജയിംസ്**
**കുന്നിരിക്കൽ**
**റാന്നി**
*സന്തപ്ത കുടുംബാംഗങ്ങൾ*

**13 – ാം ചരമവാർഷികം**
**10 - 07- 2020**



**എം. ഒ. ഉണ്ണിട്ടൻ**
**കടയ്ക്കേത്ത് (മുരിക്കേത്ത്)**
**റാന്നി**
*സന്തപ്ത കുടുംബാംഗങ്ങൾ*

**04 – ാം ചരമവാർഷികം**
**02-07-2020**



**എ.കെ. ബേബി**
**ആനിയ്ക്കൽ**
**ചിങ്ങവനം**
സന്തപ്ത കുടുംബാംഗങ്ങൾ



## 40 – ാം ചരമദിനം

11 – 07 – 2020

# ജിബുമോൻ വി. കുര്യാക്കോസ്

വട്ടുകളത്തിൽ,

തൃക്കോതമംഗലം

Advt - O

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*



## 1 – ാം ചരമവാർഷികം

03 – 08 – 2020

# വി.എ. ഇസ്രായേൽ

വേലൂകിഴക്കേതിൽ

കുറ്റൂർ

തിരുവല്ല

Advt - O

*സന്തപ്ത കുടുംബാംഗങ്ങൾ*

Registered No. KL/CHC/29/2018-20
Published on 15 July 2020

KNANAYA DEEPAM
Chingavanam

RNI No. KERBIL/2006/19210
Vol. 31, Issue: 7 ` 15

# 40th Day of Demise
02 - July - 2020



# ELIAS P. JOSEPH

**Palakudyil, Bangalore**

**31.08.1938 – 24.05.2020**

*Treasured in our hearts you'll stay, until we meet again someday.*

**Deeply mourned by Family & Friends**

Printed And Published By **FR. JAICOBKUTTY K.S. KALLOOKULAM**, Owned By The Malankara Syrian Knanaya Archdiocese, Printed At Clemis Press, Clemis Centre, Chingavanam Kottayam And Published At Clemis Centre, Chingavanam, Kottayam. Editor : **ROY MATHEW COR-EPISCOPA MULAMOOTTIL**